Published on 17.7.15

54

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 345

# 2015-ലെ കേരള ധനകാര്യ ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 345

# 2015-ലെ കേരള ധനകാര്യ ബിൽ

757/2015.

# 2015-ലെ കേരള ധനകാര്യ ബിൽ

## 2015-2016 സാമ്പത്തികവർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2015-2016 സാമ്പത്തികവർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് 2015-ലെ കേരള ധനകാര്യ ആക്റ്റ് എന്ന് പേര് പറയാം.

2. 1955-ലെ XII-ാം ആക്റ്റിന്റെ ഭേദഗതി.—1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യൽ ആക്റ്റിൽ (1955-ലെ XII), 31-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"31 എ. ഈ ആക്റ്റ് പ്രകാരം നൽകേണ്ടതായ ഫീസിന്റെ കുടിശ്ശികയുടെ ഒറ്റത്തവണ തീർപ്പാക്കൽ.—ഒരു സംഘത്തിന്റെ പ്രമാണങ്ങൾ/കണക്കുകളുടെ വാർഷിക പത്രിക/അംഗങ്ങളുടെ പട്ടിക എന്നിവ സമർപ്പിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം, അവയിൽ ഏതെങ്കിലും ഒന്നോ എല്ലാമോ സമർപ്പിക്കുന്നതിലുള്ള കാലതാമസത്തിന്റെ ഓരോവർഷത്തേക്കും അഞ്ഞൂറ് രൂപ പിഴ നൽകുന്നതിലൂടെ മാപ്പാക്കാവുന്നതും പ്രസ്തുത രേഖകൾ സമർപ്പിച്ചിട്ടുള്ളത് ക്രമവൽക്കരിക്കാവുന്നതുമാണ്.

31 ബി. ഇലക്ട്രോണിക് സംവിധാനത്തിലൂടെ റിട്ടേണുകൾ തുടങ്ങിയവ ഫയൽ ചെയ്യൽ.—സർക്കാരിന്, ഈ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങളോട്, അവ ഈ ആക്റ്റ് പ്രകാരം സമർപ്പിക്കേണ്ടതായ റിട്ടേണുകളും ഫാറങ്ങളും മറ്റ് പത്രികകളും പ്രത്യേകം പറയാവുന്ന അങ്ങനെയുള്ള രീതിയിൽ ഇലക്ട്രോണിക് സംവിധാനത്തിലൂടെ സമർപ്പിക്കേണ്ടതാണെന്ന് ആവശ്യപ്പെടാവുന്നതാണ്.".

3. 1958-ലെ 35-ാം ആക്റ്റിന്റെ ഭേദഗതി.—1958-ലെ കേരള പണം കടം കൊടുപ്പുകാർ ആക്റ്റിൽ (1958-ലെ 35),—

(1) 4-ാം വകുപ്പിൽ,—

(എ) (2 എ) ഉപവകുപ്പിൽ, നിലവിലുള്ള പട്ടികയ്ക്ക് പകരം താഴെ പറയുന്ന പട്ടിക ചേർക്കേണ്ടതാണ്, അതായത്:—

"പട്ടിക

| (1) | (2) | (3) |
|---|---|---|
| 1 | ഒരു വർഷം അഞ്ച് ലക്ഷം രൂപയിൽ കുറഞ്ഞ തുക കടം കൊടുക്കുന്ന ഒരു ലൈസൻസുകാരൻ | പതിനായിരം രൂപ |
| 2 | ഒരു വർഷം അഞ്ച് ലക്ഷം രൂപയോ അതിൽ കൂടുതലോ എന്നാൽ പത്ത് ലക്ഷം രൂപയിൽ കുറഞ്ഞ തുകയോ കടം കൊടുക്കുന്ന ഒരു ലൈസൻസുകാരൻ | എഴുപത്തിഅയ്യായിരം രൂപ |
| 3 | ഒരു വർഷം പത്തുലക്ഷം രൂപയോ അതിൽ കൂടുതലോ എന്നാൽ ഇരുപത്തിയഞ്ച് ലക്ഷം രൂപയിൽ കുറഞ്ഞ തുക കടം കൊടുക്കുന്ന ഒരു ലൈസൻസുകാരൻ | ഒരു ലക്ഷത്തി അൻപതിനായിരം രൂപ |
| 4 | ഒരു വർഷം ഇരുപത്തിയഞ്ച് ലക്ഷം രൂപയോ അതിൽ കൂടുതലോ എന്നാൽ അൻപതു ലക്ഷം രൂപയിൽ കുറഞ്ഞ തുക കടം കൊടുക്കുന്ന ഒരു ലൈസൻസുകാരൻ | രണ്ട് ലക്ഷത്തി ഇരുപത്തിഅയ്യായിരം രൂപ |
| 5 | ഒരു വർഷം അൻപതുലക്ഷം രൂപയോ അതിൽ കൂടുതലോ കടം കൊടുക്കുന്ന ഒരു ലൈസൻസുകാരൻ | മൂന്ന് ലക്ഷം രൂപ."; |

(ബി) (2 ബി) ഉപവകുപ്പിനുപകരം, താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2 ബി) (2 എ) ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി, ജാമ്യ തുക നൽകേണ്ടത് ഏത് വർഷത്തേക്കാണ് ആ വർഷത്തിൽ ഒരു ലൈസൻസുകാരൻ കടം കൊടുക്കുന്ന തുക, മുൻവർഷം അയാൾ കടം കൊടുത്ത മൊത്തം തുകയായി കരുതപ്പെടേണ്ടതാണ്:

എന്നാൽ ഒരു പുതിയ ലൈസൻസുകാരന്റെ അല്ലെങ്കിൽ മുൻ വർഷത്തിന്റെ ഒരു ഭാഗത്തിനുമാത്രം ലൈസൻസുകാരനായിരുന്ന ഒരാളുടെ സംഗതിയിൽ ജാമ്യത്തുക ആ വർഷത്തിൽ അയാൾ കടം കൊടുക്കാൻ സാധ്യതയുള്ള തുക സംബന്ധിച്ച് നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ലൈസൻസിംഗ് അധികാരസ്ഥാനത്തിനു മുമ്പാകെ നിർണ്ണയിക്കപ്പെട്ട രീതിയിൽ സമർപ്പിച്ച പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കേണ്ടതാണ്.";

(2) 11-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡത്തിൽ, "ആയിരം രൂപ" എന്ന വാക്കുകൾക്ക് പകരം "പതിനായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.;

(3) 13-ാം വകുപ്പിൽ, "ആയിരം രൂപ" എന്ന വാക്കുകൾക്ക് പകരം "പതിനായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.;

(4) 17-ാം വകുപ്പിൽ, "അൻപതിനായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "അഞ്ച് ലക്ഷം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.;

(5) 18-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ, "ആയിരം രൂപ" എന്ന വാക്കുകൾക്ക് പകരം "ഇരുപത്തിഅയ്യായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.;

(6) 18എ വകുപ്പിൽ, "അഞ്ഞൂറ് രൂപയോളം" എന്ന വാക്കുകൾക്ക് പകരം "അയ്യായിരം രൂപയോളം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.;

(7) 18ബി വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ, "അഞ്ഞൂറ് രൂപയോളം" എന്ന വാക്കുകൾക്ക് പകരം "അയ്യായിരം രൂപയോളം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.;

(8) 18സി വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ, "ഇരുപത്തിയയ്യായിരം രൂപയിൽ" എന്ന വാക്കുകൾക്ക് പകരം "അൻപതിനായിരം രൂപയിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. <u>1959-ലെ 17-ാം ആക്റ്റിന്റെ ഭേദഗതി.</u>—1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിൽ (1959-ലെ 17), പട്ടികയിൽ,—

(1) ക്രമനമ്പർ 5-ൽ,—

(എ) (ഇ) ഖണ്ഡത്തിൽ, (3)-ാം കോളത്തിലെ ഉൾക്കുറിപ്പിനുപകരം താഴെപ്പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"പഞ്ചായത്ത് പ്രദേശങ്ങളിൽ ഓരോ വർഷത്തേക്കും ആയിരത്തി ഇരുന്നൂറ്റി അൻപത് രൂപയും മറ്റ് പ്രദേശങ്ങളിൽ ഓരോ വർഷത്തേക്കും രണ്ടായിരത്തി അഞ്ഞൂറ് രൂപയും.";

(ബി) (ജി) ഖണ്ഡത്തിൽ, (3)-ാം കോളത്തിലെ ഉൾക്കുറിപ്പിനുപകരം, താഴെപ്പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"അഞ്ഞൂറ് രൂപ.";

(2) ക്രമനമ്പർ 24-ൽ, (ii)-ാം ഖണ്ഡത്തിൽ, (3)-ാം കോളത്തിലെ ഉൾക്കുറിപ്പിനുപകരം താഴെപ്പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"അഞ്ഞൂറ് രൂപ.";

(3) ക്രമനമ്പർ 25-ൽ, (ബി) ഖണ്ഡത്തിൽ, (3)-ാം കോളത്തിലെ ഉൾക്കുറിപ്പിനുപകരം താഴെപ്പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"അഞ്ഞൂറ് രൂപ.";

(4) ക്രമനമ്പർ 28-ൽ, (3)-ാം കോളത്തിലെ ഉൾക്കുറിപ്പിനുപകരം താഴെപ്പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"ആയിരം രൂപ.";

(5) ക്രമനമ്പർ 35-നും അതിനെതിരെ (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും ശേഷം, യഥാക്രമം, താഴെപ്പറയുന്ന ക്രമനമ്പരും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത് :—

| | | |
|---|---|---|
| "35 എ. | വാടക നൽകുന്നതിനുള്ള ലൈസൻസ്.— വാടകയ്ക്കോ ഫീസിനോ വേണ്ടി വാടകയ്ക്ക് കൊടുക്കുന്നതിനോ കീഴ് വാടകയ്ക്കു കൊടുക്കുന്നതിനോ ഉള്ള ഏതെങ്കിലും ഉടമ്പടി ഉൾപ്പെടെ | പാട്ടത്തിനുള്ള അതേ മുദ്രവില (നമ്പർ 33)."; |

(6) ക്രമനമ്പർ 36-ൽ,—

(എ) (എ)ഖണ്ഡത്തിൽ, (3)-ാം കോളത്തിലെ ഉൾക്കുറിപ്പിനുപകരം, താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"ആയിരം രൂപ.";

(ബി) (ബി)ഖണ്ഡത്തിൽ, (3)-ാം കോളത്തിലെ ഉൾക്കുറിപ്പിനുപകരം, താഴെപ്പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"കമ്പനിയുടെ അംഗീകൃത മൂലധനത്തിനനുസൃതമായി ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനുള്ള (നമ്പർ 10) അതേ മുദ്രവില.";

(7) ക്രമനമ്പർ 50-ൽ, (ബി) ഖണ്ഡത്തിൽ, (3)-ാം കോളത്തിലെ ഉൾക്കുറിപ്പിനുപകരം, താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"അഞ്ഞൂറ് രൂപ.";

5. <u>1960-ലെ 17-ാം ആക്റ്റിന്റെ ഭേദഗതി.</u>—1960-ലെ കേരള തോട്ടം ഭൂമി നികുതി ആക്റ്റിൽ (1960-ലെ 17), 3-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന് താഴെ പറയുന്ന പരിമിതി വ്യവസ്ഥ ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ 2-ാം വകുപ്പ് (5)-ാം ഖണ്ഡത്തിൽ "ആൾ" എന്നതിന്റെ നിർവ്വചനത്തിന്റെ പരിധിയിൽ വരുന്ന ഒരു വ്യക്തി, അയാൾക്ക് വേണ്ടിയോ മറ്റ് ഏതെങ്കിലും വ്യക്തികൾ

വേണ്ടിയോ കൈവശം വച്ചിരിക്കുന്ന തോട്ടം ഭൂമിയിൽ ഉൾപ്പെട്ട ഭൂമിയിന്മേൽ യാതൊരു തോട്ടം ഭൂമി നികുതിയും ചുമത്തുവാൻ പാടുള്ളതല്ല".

6. 1963-ലെ 15-ാം ആക്റ്റിന്റെ ഭേദഗതി.—1963-ലെ കേരള പൊതു വിൽപ്പന നികുതി ആക്റ്റിൽ (1963-ലെ 15), 5ഡി വകുപ്പിനുപകരം, താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"5ഡി. അധിക വിൽപ്പനനികുതി ചുമത്തൽ.—5-ാം വകുപ്പും 5എ വകുപ്പും പ്രകാരം നൽകേണ്ടതായ നികുതി—

(i) പട്ടികയിലെ ക്രമനമ്പർ 1-ലെ (ii)-ഉം (iv)-ഉം ഉപഇൾക്കുറിപ്പിനുള്ളിൽ വരുന്ന ഹൈസ്പീഡ് ഡീസൽ ഓയിൽ, പെട്രോൾ എന്നിവയിന്മേൽ ഒരു ലിറ്ററിന് ഒരു രൂപ നിരക്കിലും, കൂടാതെ

(ii) മറ്റ് ഉൽപ്പന്നങ്ങളെ സംബന്ധിച്ച് പ്രസ്തുത വകുപ്പുകൾ പ്രകാരം നൽകേണ്ടതായ നികുതിയുടെ പതിനഞ്ച് ശതമാനം നിരക്കിലും,

ഉള്ള അധിക വിൽപ്പനനികുതിയിലൂടെ വർദ്ധിപ്പിക്കേണ്ടതാണ്:

എന്നാൽ പട്ടികയിലെ ക്രമനമ്പർ 2-ൽ വരുന്ന വിദേശമദ്യത്തിന്മേൽ നൽകേണ്ടതായ നികുതിയിന്മേൽ ഈ വകുപ്പ് പ്രകാരം യാതൊരു അധിക വിൽപ്പന നികുതിയും ചുമത്തുവാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല സർക്കാരിന്, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, മുകളിൽ (i)-ാം ഇനത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിൽ മാറ്റം വരുത്താവുന്നതാണ്.".

7. 1976-ലെ 19-ാം ആക്റ്റിന്റെ ഭേദഗതി.—1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്റ്റിൽ, (1976-ലെ 19),—

(1) 3-ാം വകുപ്പിൽ, നിലവിലുള്ള (6)-ാം ഉപവകുപ്പ് (8)-ാം ഉപവകുപ്പായി പുനരക്കമിടേണ്ടതും അപ്രകാരം പുനരക്കമിട്ട (8)-ാം ഉപവകുപ്പിനു മുൻപായി, താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതുമാണ്, അതായത്:—

"(6) കേരള സംസ്ഥാനത്തിലല്ലാതെ മറ്റ് ഏതെങ്കിലും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുകയും കേരള സംസ്ഥാനത്തേക്ക് പ്രവേശിക്കുകയും ആ സ്ഥലത്ത് 30 ദിവസത്തിൽ അധികരിക്കുന്ന ഒരു കാലയളവിലേക്ക് തങ്ങുന്നതുമായ ഗതാഗതത്തിന് ഉപയോഗിക്കുന്നതല്ലാത്ത വാഹനങ്ങളുടെ സംഗതിയിൽ, നികുതി ചുമത്തൽ, പട്ടികയിലെ III-ാം അനുബന്ധത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിലായിരിക്കേണ്ടതാണ്.

(7) സംസ്ഥാനത്തിൽ താൽക്കാലിക ഉപയോഗത്തിനായി മറ്റ് ഏതെങ്കിലും രാജ്യത്തിൽ നിന്നും സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന മോട്ടോർ വാഹനങ്ങളുടെ സംഗതിയിൽ, പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിൽ ഒരു ഹ്രസ്വ കാല നികുതി ചുമത്തേണ്ടതാണ്.";

(2) പട്ടികയിൽ, ക്രമനമ്പർ 13-ഉം അതിനെതിരെ (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും ശേഷം, യഥാക്രമം താഴെപ്പറയുന്ന ക്രമനമ്പരും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

"14. സംസ്ഥാനത്തിൽ താൽക്കാലിക ഉപയോഗത്തിനായി മറ്റേതെങ്കിലും രാജ്യത്തിൽനിന്നും സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന മോട്ടോർ വാഹനങ്ങൾ,—

| | | |
|---|---|---|
| (എ) | ആദ്യത്തെ ഒരു മാസത്തിനോ അതിന്റെ ഒരു ഭാഗത്തിനോ തങ്ങുന്നതിന് | 10000.00 |
| (ബി) | തുടർന്നുവരുന്ന ഓരോ മാസത്തിനോ അതിന്റെ ഭാഗത്തിനോ തങ്ങുന്നതിന് | 5000.00"; |

(3) അനുബന്ധം I-ൽ, ക്രമനമ്പർ എ-യിൽ, (1)-ഉം (2)-ഉം ഇനങ്ങൾക്കും അവയ്ക്കെതിരെ (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും പകരം യഥാക്രമം താഴെപ്പറയുന്ന ഇനങ്ങളും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| "1. | ക്രയമൂല്യം ഒരു ലക്ഷം രൂപ വരെയുള്ള മോട്ടോർ സൈക്കിളുകളും (മോട്ടോർ സ്കൂട്ടറുകളും യന്ത്രശക്തിയാൽ അത് ചലിപ്പിക്കുന്നതിനുള്ള കൂട്ടിച്ചേർക്കലുകളോടു കൂടിയ സൈക്കിളുകളും ഉൾപ്പെടെ) സൈഡ് കാറോടു കൂടിയതോ അല്ലാത്തതോ അല്ലെങ്കിൽ ട്രയിലറിൽ ഘടിപ്പിച്ചിരിക്കുന്നതോ ആയ എല്ലാത്തരത്തിലുമുള്ള ബൈസൈക്കിളുകളും | വാഹനത്തിന്റെ ക്രയമൂല്യത്തിന്റെ 8% |
| 2. | ക്രയമൂല്യം ഒരു ലക്ഷം രൂപയിൽ കൂടുതലും രണ്ട് ലക്ഷം രൂപവരെയും ഉള്ള മോട്ടോർ സൈക്കിളുകളും (മോട്ടോർ സ്കൂട്ടറുകളും യന്ത്രശക്തിയാൽ അത് ചലിപ്പിക്കുന്നതിനുള്ള കൂട്ടിച്ചേർക്കലുകളോടു കൂടിയ സൈക്കിളുകളും ഉൾപ്പെടെ) സൈഡ്കാറോടു കൂടിയതോ അല്ലാത്തതോ അല്ലെങ്കിൽ ട്രയിലറിൽ ഘടിപ്പിച്ചിരിക്കുന്നതോ ആയ എല്ലാത്തരത്തിലുമുള്ള ബൈസൈക്കിളുകളും | വാഹനത്തിന്റെ ക്രയമൂല്യത്തിന്റെ 10% |
| 2A. | ക്രയമൂല്യം രണ്ട് ലക്ഷം രൂപയിൽ കൂടുതലുള്ള മോട്ടോർ സൈക്കിളുകളും (മോട്ടോർ സ്കൂട്ടറുകളും യന്ത്രശക്തിയാൽ അത് ചലിപ്പിക്കുന്നതിനുള്ള കൂട്ടിച്ചേർക്കലുകളോടുകൂടിയ സൈക്കിളുകളും ഉൾപ്പെടെ) സൈഡ്കാറോടു കൂടിയതോ അല്ലാത്തതോ അല്ലെങ്കിൽ ട്രയിലറിൽ ഘടിപ്പിച്ചിരിക്കുന്നതോ ആയ എല്ലാത്തരത്തിലുമുള്ള ബൈസൈക്കിളുകളും | വാഹനത്തിന്റെ ക്രയമൂല്യത്തിന്റെ 20%"; |

(4) അനുബന്ധം II-ന് ശേഷം, താഴെപ്പറയുന്ന അനുബന്ധം ചേർക്കേണ്ടതാണ്, അതായത് :—

"അനുബന്ധം III

[വകുപ്പ് 3 (6) കാണുക]

| ക്രമ നമ്പർ | വാഹനത്തിന്റെ വിഭാഗം | നികുതി തുക | |
|---|---|---|---|
| (1) | (2) | (3) | |
| | | 30 ദിവസത്തിൽ കൂടുതലും ഒരു വർഷം വരെയുള്ളതുമായ കാലയളവിലേക്ക് തങ്ങുന്നതിന് | ഒരു വർഷത്തിൽ കൂടുതൽ കാലം തങ്ങുന്നതിന് |
| 1 | മോട്ടോർ സൈക്കിളുകളും ത്രിചക്ര വാഹനങ്ങളും | 200 | അനുബന്ധം I-ൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിന് ആനുപാതികമായ ഒറ്റത്തവണ നികുതി |
| 2 | മോട്ടോർ കാറുകൾ | 1500 | അനുബന്ധം I-ൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിന് ആനുപാതികമായ ഒറ്റത്തവണ നികുതി |
| 3 | വ്യക്തിപരമായ ആവശ്യത്തിനുള്ള സ്വകാര്യ സർവ്വീസ് വാഹനങ്ങൾ | | |
| | എ 10 യാത്രക്കാരെവരെ വഹിക്കാവുന്നവ—ഓരോ യാത്രക്കാരനും | 300 | അനുബന്ധം I-ൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിന് ആനുപാതികമായ ഒറ്റത്തവണ നികുതി |
| | ബി 10-ൽ കൂടുതൽ യാത്രക്കാരെ വഹിക്കാവുന്നവ—ഓരോ യാത്രക്കാരനും | 500 | അനുബന്ധം I-ൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിന് ആനുപാതികമായ ഒറ്റത്തവണ നികുതി |
| 4 | നിർമ്മാണോപകരണ വാഹനങ്ങളും ഗതാഗതത്തിന് ഉപയോഗിക്കുന്നതല്ലാത്ത മറ്റ് വാഹനങ്ങളും | 1000 | അനുബന്ധം I-ൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിന് ആനുപാതികമായ ഒറ്റത്തവണ നികുതി." |

8. 1976-ലെ 32-ാം ആക്റ്റിന്റെ ഭേദഗതി.—1976-ലെ കേരള ആഡംബരങ്ങളിന്മേലുള്ള നികുതി ആക്റ്റിൽ, (1976-ലെ 32),—

(1) 2-ാം വകുപ്പിൽ, (i എ) ഖണ്ഡത്തിൽ, "അപ്പാർട്ട്മെന്റ് " എന്ന വാക്ക് വരുന്ന രണ്ടിടത്തും അതിനുപകരം "അപ്പാർട്ട്മെന്റ് അല്ലെങ്കിൽ വില്ല" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) 4-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, (ii എ) ഇനത്തിൽ, "അല്ലെങ്കിൽ വില്ലയിലും" എന്ന വാക്കുകൾ അവസാനം ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിൽ,—

(i) (ഡി) ഖണ്ഡത്തിൽ, "അപ്പാർട്ട്മെന്റ് " എന്ന വാക്കിനുശേഷം "അല്ലെങ്കിൽ വില്ല" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ഇ) ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഇഎ) 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റിലെ (2004-ലെ 30) 18 സി വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം ഒഴിവാക്കപ്പെട്ട ധർമ്മസ്ഥാപനങ്ങൾ നടത്തുന്ന ആശുപത്രികൾ സംബന്ധിച്ച്, താമസ സൗകര്യത്തിനും മറ്റ് സൗകര്യങ്ങൾക്കും സേവനങ്ങൾക്കുമുള്ള ചാർജ്ജുകൾക്ക്, ഭക്ഷണം, ഔഷധം, തൊഴിൽപരമായ സേവനങ്ങൾ എന്നിവയ്ക്കുള്ള ചാർജ്ജുകൾ ഒഴികെ, മൊത്തം ചാർജ് പ്രതിദിനം രണ്ടായിരം രൂപയോ അതിൽ കൂടുതലോ ആകുന്നിടത്ത്, ഒരു മുറിക്ക് പത്ത് ശതമാനം നിരക്കിലും." ;

(3) 4 ബി വകുപ്പിൽ, (2)-ാം ഉപവകുപ്പിൽ, (എ), (ബി), (സി) എന്നീ ഇനങ്ങൾക്ക് പകരം, താഴെപ്പറയുന്ന ഇനങ്ങൾ യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

| | |
|---|---|
| "(എ) സ്റ്റാർ ഹോട്ടലുകൾ | ഒൻപതിനായിരത്തി മുന്നൂറ്റി എഴുപത്തിയഞ്ച് രൂപ |
| (ബി) സ്റ്റാർ ഹോട്ടലുകൾ ഒഴികെയുള്ള ഹോട്ടലുകൾ,— | |
| (i) ഒരു മുനിസിപ്പൽ കോർപ്പറേഷന്റെ തദ്ദേശ പ്രദേശത്തിനുള്ളിൽ | ആയിരത്തി എണ്ണൂറ്റി എഴുപത്തിയഞ്ച് രൂപ |
| (ii) ഒരു മുനിസിപ്പൽ കൗൺസിലിന്റെയോ ടൗൺ പഞ്ചായത്തിന്റെയോ തദ്ദേശ പ്രദേശത്തിനുള്ളിൽ | ആയിരത്തി അഞ്ഞൂറ് രൂപ |

| | | |
|---|---|---|
| | (iii) ഒരു ഗ്രാമപഞ്ചായത്തിന്റെ തദ്ദേശ പ്രദേശത്തിനുള്ളിൽ | ആയിരത്തി ഒരുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ |
| (സി) | ഹാൾ, ആഡിറ്റോറിയം, കല്യാണമണ്ഡപം തുടങ്ങിയവ,— | |
| | (i) ഒരു മുനിസിപ്പൽ കോർപ്പറേഷന്റെ തദ്ദേശ പ്രദേശത്തിനുള്ളിൽ | ആയിരത്തി അഞ്ഞൂറ് രൂപ |
| | (ii) ഒരു മുനിസിപ്പൽ കൗൺസിലിന്റെയോ ടൗൺ പഞ്ചായത്തിന്റെയോ തദ്ദേശ പ്രദേശത്തിനുള്ളിൽ | ആയിരത്തി ഒരുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ |
| | (iii) ഒരു ഗ്രാമപഞ്ചായത്തിന്റെ തദ്ദേശ പ്രദേശത്തിനുള്ളിൽ | എഴുന്നൂറ്റി അൻപത് രൂപ"; |

(4) 4 സി വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ "ആയിരം രൂപ", "അഞ്ഞൂറ് രൂപ" എന്ന വാക്കുകൾക്ക് പകരം യഥാക്രമം "ആയിരത്തി അഞ്ഞൂറ് രൂപ", "എഴുന്നൂറ്റി അൻപത് രൂപ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(5) 4 ഇ വകുപ്പിൽ, "ആയിരം രൂപ രജിസ്ട്രേഷൻ ഫീസായി" എന്ന വാക്കുകൾക്ക് പകരം "ആയിരത്തി അഞ്ഞൂറ് രൂപ രജിസ്ട്രേഷൻ ഫീസായി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(6) 4 എഫ് വകുപ്പിൽ, "ആയിരം രൂപ രജിസ്ട്രേഷൻ ഫീസായി" എന്ന വാക്കുകൾക്ക് പകരം "ആയിരത്തി അഞ്ഞൂറ് രൂപ രജിസ്ട്രേഷൻ ഫീസായി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(7) 4 ജി വകുപ്പിൽ "അപ്പാർട്ട്മെന്റ്" എന്ന വാക്കുകൾ വരുന്നിടങ്ങളിലെല്ലാം "അപ്പാർട്ട്മെന്റ് അല്ലെങ്കിൽ വില്ല" എന്ന വാക്കുകളും "ആയിരം രൂപയുടെ" എന്ന വാക്കുകൾക്ക് പകരം "ആയിരത്തി അഞ്ഞൂറ് രൂപയുടെ" എന്ന വാക്കുകളും യഥാക്രമം ചേർക്കേണ്ടതാണ്;

(8) 7 എ വകുപ്പിനുശേഷം, താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"7 ബി. ഡെപ്യൂട്ടി കമ്മീഷണർക്ക് സ്വമേധയാ റിവിഷനുള്ള അധികാരങ്ങൾ.— (1) ഡെപ്യൂട്ടി കമ്മീഷണർക്ക്, അദ്ദേഹത്തിന്റെ കീഴിലുള്ള ഏതെങ്കിലും ആഫീസറോ അധികാരസ്ഥാനമോ ഈ ആക്റ്റ് പ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവോ രേഖപ്പെടുത്തിയ നടപടികളോ റവന്യൂ താല്പര്യങ്ങൾക്ക് ഹാനികരമാണെന്ന് അദ്ദേഹത്തിന്

അഭിപ്രായമുള്ളപക്ഷം, സ്വമേധയാ അവ ആവശ്യപ്പെടാവുന്നതും പരിശോധിക്കാവുന്നതും അതിൻമേൽ അങ്ങനെയുള്ള അന്വേഷണങ്ങൾ നടത്തുകയോ നടത്തിക്കുകയോ ചെയ്യാവുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, അതിൻമേൽ അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്.

വിശദീകരണം.—നികുതിയോ തിട്ടപ്പെടുത്തിയതോ ആവശ്യപ്പെട്ടിട്ടുള്ളതോ ആയ മറ്റ് തുകയോ യഥാർത്ഥത്തിൽ കിട്ടേണ്ടതായ തുകയേക്കാൾ കുറവാകുന്നിടത്ത്, ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി, പുറപ്പെടുവിച്ചിട്ടുള്ള ഒരു ഉത്തരവോ രേഖപ്പെടുത്തിയിട്ടുള്ള നടപടികളോ റവന്യൂ താല്പര്യങ്ങൾക്ക് ഹാനികരമാണെന്ന് കരുതപ്പെടുന്നതാണ്.

(2) ഡെപ്യൂട്ടി കമ്മീഷണർ,—

(എ) ഉത്തരവിന്നെതിരെ അപ്പീൽ നൽകുന്നതിനുള്ള സമയം കഴിഞ്ഞിട്ടില്ലെങ്കിൽ;

(ബി) ഉത്തരവ് അപ്പലേറ്റ് അതോറിറ്റിയുടെയോ അപ്പലേറ്റ് ട്രൈബ്യൂണലിന്റെയോ ഒരു അപ്പീലിലെയോ ഹൈക്കോടതി മുൻപാകെയുള്ള ഒരു റിവിഷനിലെയോ വിഷയം ആയിട്ടുണ്ടെങ്കിൽ; അല്ലെങ്കിൽ

(സി) അതിൽ പരാമർശിച്ച ഉത്തരവ് പുറപ്പെടുവിച്ച വർഷം മുതൽ നാല് വർഷത്തിൽ കൂടുതൽ ആകുകയോ ചെയ്തിട്ടുണ്ടെങ്കിൽ,—

(1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഏതൊരു ഉത്തരവും പാസ്സാക്കുവാൻ പാടുള്ളതല്ല.

(3) (2)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, (2)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ പരാമർശിക്കുന്ന പ്രകാരമുള്ള ഒരു അപ്പീലിലോ റിവിഷനിലോ തീരുമാനമെടുക്കാത്ത ഏതെങ്കിലും വിഷയത്തിൽ അപ്രകാരമുള്ള അപ്പീലിലോ അതോ റിവിഷനിലോ ഉള്ള ഉത്തരവിന്റെ തീയതി മുതൽ ഒരു വർഷക്കാലയളവ് അവസാനിക്കുന്നതിനോ പ്രസ്തുത ഉപവകുപ്പിൽ (സി) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള വിഷയത്തിൽ നാല് വർഷക്കാലയളവ് അവസാനിക്കുന്നതിനോ, ഏതാണോ അവസാനം, അതിനു മുൻപ് (1)-ാം ഉപവകുപ്പ് പ്രകാരം ഒരു ഉത്തരവ് ഡെപ്യൂട്ടി കമ്മീഷണർക്ക് പുറപ്പെടുവിക്കാവുന്നതാണ്.

(4) ഒരു ആളിനെ പ്രതികൂലമായി ബാധിക്കുന്ന യാതൊരു ഉത്തരവും ആ ആളിന് പറയാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകാത്തപക്ഷം ഈ വകുപ്പ് പ്രകാരം പുറപ്പെടുവിക്കാൻ പാടുള്ളതല്ല .".

9. 2004-ലെ 30-ാം ആക്റ്റിന്റെ ഭേദഗതി.—2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റിൽ (2004-ലെ 30),—

(1) 2-ാം വകുപ്പിൽ,—

(എ) (xxvii)-ാം ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(xxvii എ) "മൾട്ടി ലെവൽ മാർക്കറ്റിംഗ് " എന്നാൽ ഒരു മൾട്ടിലെവൽ മാർക്കറ്റിംഗ് സ്ഥാപനത്തിന്റെ ചരക്കുകളുടെ, കടകളിലൂടെയല്ലാതെ, നേരിട്ടുള്ള വിൽപ്പനക്കാർ മുഖേന അല്ലെങ്കിൽ നേരിട്ടുള്ള വിൽപ്പനക്കാരും വിതരണക്കാരും മുഖേന വാങ്ങുന്ന ആളുകൾക്കോ ഉപഭോക്താക്കൾക്കോ, സാധാരണയായി അവരുടെ വീടുകളിലോ ജോലിസ്ഥലത്തോ അല്ലെങ്കിൽ ഒരു പ്രത്യേക സ്ഥലത്ത് അങ്ങനെയുള്ള ചരക്കുകളുടെ പ്രദർശനം വഴിയോ മെയിൽ ഓർഡർ വിൽപ്പനവഴിയോ ഉള്ള വിപണനവും വിൽപ്പനയും എന്നർത്ഥമാകുന്നു;

(xxvii ബി) "മൾട്ടിലെവൽ മാർക്കറ്റിംഗ് സ്ഥാപനം " എന്നാൽ മൾട്ടിലെവൽ മാർക്കറ്റിംഗിൽ ഏർപ്പെട്ടിരിക്കുന്ന 2013-ലെ കമ്പനികൾ ആക്റ്റിൻ (2013-ലെ 18-ാം കേന്ദ്ര ആക്റ്റ്) കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു കമ്പനി അല്ലെങ്കിൽ 1932-ലെ പങ്കാളിത്ത ആക്റ്റിൻ (1932-ലെ IX-ാം കേന്ദ്ര ആക്റ്റ്) കീഴിലോ 2008-ലെ ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ്പ് ആക്റ്റിൻ (2009-ലെ 6-ാം കേന്ദ്ര ആക്റ്റ്) കീഴിലോ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഫേം എന്നർത്ഥമാകുന്നു;";

(ബി) (li)-ാം ഖണ്ഡത്തിൽ, താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്, അതായത്:—

"വിശദീകരണം.—ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ അധികാര സ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഇതിലേക്കായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ചട്ടങ്ങൾ അനുസരിച്ച്, രജിസ്റ്റർ ചെയ്ത സബ്-കോൺട്രാക്ടർമാർക്ക് നൽകിയ തുക കുറവുചെയ്തതിനുശേഷം ഒരു പ്രധാനകരാറുകാരന് അയാളുടെ അക്കൗണ്ടിലേക്ക് ലഭിച്ചിട്ടുള്ള അല്ലെങ്കിൽ ലഭിക്കാവുന്ന ബാക്കി കരാർ തുക അങ്ങനെയുള്ള കരാർ ജോലി നടത്തുന്നതിൽ ഉൾപ്പെട്ട സാധനങ്ങളുടെ മിച്ചമുള്ള കൈമാറ്റമൂല്യം നിർണ്ണയിക്കുന്നതിനുള്ള പ്രധാന കരാറുകാരന്റെ മൊത്തം വിറ്റുവരവ് ആയിരിക്കുന്നതാണ് .";

(2) 6-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ,—

(i) "ഏതെങ്കിലും സ്വയംഭരണനികായമോ" എന്ന വാക്കുകൾക്കുശേഷം "അല്ലെങ്കിൽ ഏതെങ്കിലും മൾട്ടിലെവൽ മാർക്കറ്റിംഗ് സ്ഥാപനമോ മൾട്ടിലെവൽ മാർക്കറ്റിംഗിൽ ഏർപ്പെട്ടിരിക്കുന്ന അവരുടെ വിതരണക്കാരനും ഏജന്റും അല്ലെങ്കിൽ വിതരണക്കാരനോ ഏജന്റോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (എ) ഖണ്ഡത്തിൽ, പട്ടികയിൽ,—

(എ) ക്രമനമ്പർ 3 എയിൽ, (2)-ാം കോളത്തിലെ ഉൾക്കുറിപ്പിന്റെ അവസാനം താഴെപ്പറയുന്ന വാക്കുകൾ ചേർക്കേണ്ടതാണ്, അതായത്:—

"സ്റ്റൈറോഫോമും സ്റ്റൈറോഫോം ഷീറ്റുകളും ഉൾപ്പെടെ";

(ബി) ക്രമനമ്പർ 3 എ-യ്ക്കും അതിനെതിരെയുള്ള (2)-ഉം (3)-ഉം (4)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും ശേഷം, യഥാക്രമം താഴെപ്പറയുന്ന ക്രമനമ്പരും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

| | | | |
|---|---|---|---|
| 3 ബി | പോളിവിനൈൽ ക്ലോറൈഡ്/ പോളിഎത്‌ലീൻ എന്നിവ കൊണ്ടുള്ള അച്ചടിച്ച ബാനറുകളും പരസ്യ ഫലകങ്ങളും ലഘുലേഖകളും മറ്റു പ്ളാസ്റ്റിക് ഷീറ്റുകളും | XXX | 20."; |

(iii) പതിനൊന്നാം പരിമിതിവ്യവസ്ഥയ്ക്ക് പകരം, താഴെ പറയുന്ന പരിമിതിവ്യവസ്ഥ ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രവുമല്ല, ദ്രവീകരിച്ച പ്രകൃതിവാതകത്തിന്റെ വില്പന സംബന്ധിച്ച വിറ്റുവരവ്, 2015 ഏപ്രിൽ 1-ാം തീയതി മുതൽ 2016 മാർച്ച് 31-ാം തീയതിവരെയുള്ള കാലയളവിലേക്ക് നികുതിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതാണ്," ;

(ബി) (5)-ാം ഉപവകുപ്പിൽ, വിശദീകരണം II-ൽ, താഴെ പറയുന്ന കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"കുറിപ്പ്.—ഇത് 2005 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.";

(3) 6 എ വകുപ്പ് വിട്ടുകളയേണ്ടതാണ്;

(4) 8-ാം വകുപ്പിൽ,—

(എ) (എ) ഖണ്ഡത്തിൽ, (i)-ാം ഉപഖണ്ഡത്തിൽ,—

(i) "രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുകയും ചെയ്യുന്ന" എന്ന വാക്കുകൾക്കു ശേഷം "ഇന്റീരിയർ ഡെക്കറേഷനും ഫർണിഷിംഗ് കരാറുകളും, ഇലക്ട്രിക്കൽ, റഫ്രിജറേഷൻ അല്ലെങ്കിൽ എയർ കണ്ടീഷനിംഗ് കരാറുകൾ അല്ലെങ്കിൽ പ്ലാന്റുകൾ, യന്ത്രങ്ങൾ, റോളിംഗ് ഷട്ടറുകൾ, ക്രയിനുകൾ, ഹോയിസ്റ്റുകൾ, എലിവേറ്ററുകൾ (ലിഫ്റ്റുകൾ), എസ്കലേറ്ററുകൾ, ജനറേറ്ററുകൾ, ജനറേറ്റിംഗ് സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ, ഭാരം തൂക്കി നോക്കുന്ന യന്ത്രങ്ങൾ, എയർ കണ്ടീഷണറുകൾ, എയർ കൂളറുകൾ, ഡീപ് ഫ്രീസറുകൾ എന്നിവയുടെ വിതരണവും സ്ഥാപിക്കലും എല്ലാത്തരത്തിലുമുള്ള ഓടുകൾ (തറ ഓടുകൾ ഒഴികെ), സ്ലാബുകൾ, കല്ലുകൾ (മാർബിൾ ഉൾപ്പെടെ) എന്നിവ പാകുന്നതിനുള്ള കരാറുകൾ എന്നിവ ഏറ്റെടുക്കുന്നവർ ഒഴികെയുള്ള" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) വിശദീകരണം 2-നുശേഷം താഴെ പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്, അതായത്:—

"വിശദീകരണം 3.—കെട്ടിടനിർമ്മാണത്തിനുള്ള ഒരു കോമ്പോസിറ്റ് കരാർ ഈ ഉപഖണ്ഡത്തിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള ജോലികൾ കരാറിൽ ഉൾപ്പെടുന്നുണ്ട് എന്ന കാരണത്താൽ മാത്രം പ്രസ്തുത ഉപഖണ്ഡത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള സ്വഭാവത്തോടുകൂടിയ കരാർ ആയി കരുതപ്പെടുവാൻ പാടുള്ളതല്ല.

(ബി) (സി) ഖണ്ഡത്തിൽ, (i)-ാം ഉപഖണ്ഡത്തിന് താഴെ പറയുന്ന പരിമിതിവ്യവസ്ഥ ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വ്യാപാരികൾക്ക്, ഈ ആക്റ്റ് പ്രകാരമുള്ള അവരുടെ രജിസ്ട്രേഷന് മുൻപുള്ള കാലയളവിലേക്ക്, അർഹതയ്ക്ക് വിധേയമായി, ഈ ഉപഖണ്ഡപ്രകാരം നികുതി നല്കുന്നത് അവരുടെ ഇച്ഛാനുസരണം തെരഞ്ഞെടുക്കാവുന്നതാണ്. ";

(5) 10-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ, പരിമിതിവ്യവസ്ഥയിൽ, "നാല് ശതമാനത്തിൽ" എന്ന വാക്കുകൾക്ക് പകരം "അഞ്ച് ശതമാനത്തിൽ"എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(6) 15-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിൽ, (xi)-ാം ഇനത്തിനുശേഷം താഴെ പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(xii) ഏതെങ്കിലും മൾട്ടിലെവൽ മാർക്കറ്റിംഗ് സ്ഥാപനമോ മൾട്ടി ലെവൽ മാർക്കറ്റിംഗിൽ ഏർപ്പെട്ടിരിക്കുന്ന അവരുടെ വിതരണക്കാരനും അല്ലെങ്കിൽ ഏജന്റും അല്ലെങ്കിൽ വിതരണക്കാരനോ ഏജന്റോ;

(xiii) ജോബ്-വർക്കുകൾക്കായി സംസ്ഥാനത്തിന്റെ പുറത്തുനിന്നും ചരക്കുകൾ സ്വീകരിക്കുന്ന ഏതെങ്കിലും ജോബ് വർക്കർ ";

(7) 16-ാം വകുപ്പിൽ, (7)-ാം ഉപവകുപ്പിൽ, (എ), (ബി) എന്നീ ഇനങ്ങൾക്ക് പകരം, യഥാക്രമം താഴെ പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(എ) ഇറക്കുമതിക്കാരനല്ലാത്ത ഒരു വ്യപാരിയുടെ സംഗതിയിൽ,—

| | |
|---|---|
| (i) മുൻവർഷം മൊത്തം വിറ്റുവരവ് ഇരുപത്തിയഞ്ച് ലക്ഷം രൂപവരെയാണെങ്കിൽ | അഞ്ഞൂറ് രൂപ |
| (ii) മുൻവർഷം മൊത്തം വിറ്റുവരവ് ഇരുപത്തിയഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലാണെങ്കിൽ | ആയിരം രൂപ |

(ബി) മറ്റുള്ളവരുടെ സംഗതിയിൽ മൂവായിരം രൂപ.";

(8) 18 സി വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ,—

(എ) (എ) ഖണ്ഡത്തിൽ, "1961-ലെ ആദായ നികുതി ആക്റ്റ് (1961-ലെ 43-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ധർമ്മസ്ഥാപനങ്ങൾക്ക് ബാധകമാകുന്ന ഒഴിവാക്കൽ ഉത്തരവുകളുടെ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും ബ്രാക്കറ്റുകൾക്കും പകരം "1961-ലെ ആദായ നികുതി ആക്റ്റിലെ (1961-ലെ 43-ാം കേന്ദ്ര ആക്റ്റ്) 12 എ എ വകുപ്പ് പ്രകാരം അങ്ങനെയുള്ള സ്ഥാപനങ്ങളുടെ രജിസ്ട്രേഷന്റെ" എന്ന വാക്കുകളും അക്കങ്ങളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(ബി) ഒന്നാം പരിമിതിവ്യവസ്ഥയിൽ, "ആദായനികുതി ഒഴിവാക്കലിന്റെ ഉത്തരവുകൾ" എന്ന വാക്കുകൾക്ക് പകരം "1961-ലെ ആദായനികുതി ആക്റ്റിലെ (1961-ലെ 43-ാം കേന്ദ്ര ആക്റ്റ്) 12 എ എ വകുപ്പ് പ്രകാരം അങ്ങനെയുള്ള സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ" എന്ന വാക്കുകളും അക്കങ്ങളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്.

കുറിപ്പ് :—(എ), (ബി) എന്നീ ഇനങ്ങൾ 2014 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ് ";

(9) 21-ാം വകുപ്പിൽ, നിലവിലുള്ള വ്യവസ്ഥ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത് :—

"(2) (1)-ാം ഉപവകുപ്പ് പ്രകാരം സമർപ്പിച്ച പ്രതിമാസ റിട്ടേണിൽ വ്യാപാരി എന്തെങ്കിലും വിട്ടുകളഞ്ഞിട്ടുള്ളതായോ പിശക് വരുത്തിയിട്ടുള്ളതായോ കണ്ടെത്തുകയാണെങ്കിൽ, റിട്ടേണുമായി ബന്ധപ്പെട്ട റിട്ടേൺ കാലയളവിന്റെ അവസാന ദിവസം മുതൽ രണ്ട് മാസങ്ങൾക്കകം, വിട്ടുകളഞ്ഞിട്ടുള്ളതോ പിശക് വരുത്തിയിട്ടുള്ളതോ തിരുത്തിയതിനുശേഷം അയാൾ ഒരു പുതുക്കിയ റിട്ടേൺ സമർപ്പിക്കേണ്ടതാണ്. അങ്ങനെയുള്ള പുതുക്കിയ റിട്ടേണിന്റെ ഫലമായി, വ്യാപാരി നല്കേണ്ടതായ നികുതി വർദ്ധിക്കുകയാണെങ്കിൽ, വ്യാപാരി, അങ്ങനെയുള്ള പുതുക്കിയ റിട്ടേണിനോടൊപ്പം നികുതിയും 31-ാം വകുപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിൽ അതിന്മേലുള്ള പലിശയും പ്രസ്തുത നിരക്കിന്റെ രണ്ടിരട്ടി നിരക്കിൽ കണക്കാക്കിയിട്ടുള്ള പിഴപ്പലിശയും അടച്ചതിനുള്ള തെളിവും ഹാജരാക്കേണ്ടതാണ്. അങ്ങനെയുള്ള പുതുക്കിയ റിട്ടേൺ ലഭിക്കുന്നതിൻമേൽ 22, 24, 25 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി റിട്ടേൺ കാലയളവ് സംബന്ധിച്ച നികുതി തിട്ടപ്പെടുത്തൽ പൂർത്തിയാക്കിയതായി കരുതപ്പെടേണ്ടതാണ്. ";

(10) 24-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ, നാലാം പരിമിതിവ്യവസ്ഥയ്ക്ക് പകരം താഴെപ്പറയുന്ന പരിമിതിവ്യവസ്ഥ ചേർക്കേണ്ടതാണ്, അതായത് :—

"എന്നിരുന്നാൽത്തന്നെയും 2015 മാർച്ച് 31-ാം തീയതി കാലാവധി അവസാനിക്കുന്ന 25ബി വകുപ്പ് പ്രകാരം ദീർഘിപ്പിക്കലിന് വിധേയമായിട്ടുള്ളവ ഉൾപ്പെടെ, നികുതി തിട്ടപ്പെടുത്തൽ പൂർത്തിയാക്കുന്നതിനുള്ള കാലയളവ് 2016 മാർച്ച് 31-ാം തീയതിവരെ ദീർഘിപ്പിക്കുന്നതാണ്.";

(11) 25-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ, മൂന്നാം പരിമിതിവ്യവസ്ഥയ്ക്ക് പകരം, താഴെപ്പറയുന്ന പരിമിതിവ്യവസ്ഥ ചേർക്കേണ്ടതാണ്, അതായത് :—

"എന്നിരുന്നാലും 25ബി വകുപ്പ് പ്രകാരം ദീർഘിപ്പിക്കലിന് വിധേയമായിട്ടുള്ളവ ഉൾപ്പെടെ, 2015 മാർച്ച് 31-ാം തീയതി കാലാവധി അവസാനിക്കുന്ന നികുതി തിട്ടപ്പെടുത്തൽ പൂർത്തിയാക്കുന്നതിനുള്ള കാലയളവ് 2016 മാർച്ച് 31-ാം തീയതിവരെ ദീർഘിപ്പിക്കുന്നതാണ്. ";

(12) 30-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന്റെ പരിമിതിവ്യവസ്ഥ വിട്ടുകളയേണ്ടതാണ്;

(13) 52-ാം വകുപ്പിൽ, താഴെപ്പറയുന്ന വാചകം അവസാനം ചേർക്കേണ്ടതാണ്, അതായത് :—

"ഈ ആവശ്യത്തിലേക്കായി, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട്, അങ്ങനെയുള്ള ഏജൻസികൾ അല്ലെങ്കിൽ അതോറിറ്റികൾ രജിസ്റ്റർ ചെയ്യേണ്ടതാണ് ";

(14) 54-ാം വകുപ്പിൽ,—

(എ) "'ഏതെങ്കിലും നടപടികൾക്ക്" എന്ന വാക്കുകൾക്ക് ശേഷം "അല്ലെങ്കിൽ പൊതു അന്വേഷണത്തിന്റെയോ സർവ്വേയുടെയോ ആവശ്യത്തിലേക്കായി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) താഴെ പറയുന്ന പരിമിതിവ്യവസ്ഥ ചേർക്കേണ്ടതാണ്, അതായത് :—

"എന്നാൽ പൊതു അന്വേഷണത്തിന്റെയോ സർവ്വേയുടെയോ സംഗതിയിൽ, ഡെപ്യൂട്ടി കമ്മീഷണറുടെയോ അതിന് മുകളിലുള്ള പദവിയിലെ ഒരു ഉദ്യോഗസ്ഥന്റെയോ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ മാത്രം അധികാരം വിനിയോഗിക്കേണ്ടതാണ്. ";

(15) 54-ാം വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"54 എ ഇലക്ട്രോണിക് കോമേഴ്സിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾ ചില വിവരങ്ങൾ നൽകണമെന്ന് .—ഒരു ഇലക്ട്രോണിക് കോമേഴ്സ് വെബ്സൈറ്റ് വച്ചുപോരുന്ന എല്ലാ കമ്പനികളും സ്ഥാപനങ്ങളും അങ്ങനെയുള്ള സൈറ്റ് വഴി വില്പന നടത്തിയതും അങ്ങനെയുള്ള വിൽപ്പനയുടെ ഫലമായി സംസ്ഥാനത്തിനകത്തേക്കോ സംസ്ഥാന ത്തിന്റെ പുറത്തേക്കോ കൊണ്ടുപോയ ചരക്കുകൾ സംബന്ധിച്ച വിവരങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ മാസംതോറും ഫയൽ ചെയ്യേണ്ട താണ്. ഈ ആവശ്യത്തിലേക്കായി, അവർ ഈ ആക്റ്റിൻ കീഴിൽ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ, രജിസ്ട്രേഷൻ എടുക്കേണ്ടതാണ്'';

(16) 58-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ, "44-ാം വകുപ്പിലെ (8)-ാം ഉപവകുപ്പ് അല്ലെങ്കിൽ (9)-ാം ഉപവകുപ്പ്, 49-ാം വകുപ്പ്, 67-ാം വകുപ്പ്, 68-ാം വകുപ്പ്, 69-ാം വകുപ്പ് അല്ലെങ്കിൽ 70-ാം വകുപ്പ്" എന്ന വാക്കുകളും അക്കങ്ങളും ബ്രാക്കറ്റുകളും വിട്ടുകളയേണ്ട താണ്;

(17) 82-ാം വകുപ്പിൽ,—

(എ) "തിട്ടപ്പെടുത്തുന്ന അധികാരിയുടെ പദവിയിൽ കുറയാത്ത ഏതൊരു ഉദ്യോഗസ്ഥനും" എന്ന വാക്കുകൾക്ക് ശേഷം "പൊതു അന്വേഷണത്തിലൂടെയോ സർവ്വേയിലൂടെയോ വിവരങ്ങൾ ശേഖരിക്കാവുന്നതും പ്രസ്തുത ആവശ്യത്തിലേ ക്കായി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) താഴെപ്പറയുന്ന പരിമിതിവ്യവസ്ഥ ചേർക്കേണ്ടതാണ്, അതായത് :—

"എന്നാൽ പൊതു അന്വേഷണത്തിന്റെയോ സർവ്വേയുടെയോ സംഗതിയിൽ, ഡെപ്യൂട്ടി കമ്മീഷണറുടെ പദവിയിലോ അതിന് മുകളിലുള്ള പദവിയിലോ ഉള്ള ഉദ്യോഗസ്ഥന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ മാത്രം അധികാരം വിനിയോഗിക്കേണ്ടതാണ്. '';

(18) 94-ാം വകുപ്പ്, (2A) ഉപവകുപ്പിൽ, " നൽകേണ്ടതായ മുഴുവൻ നികുതിയും" എന്ന വാക്കുകൾക്ക് ശേഷം "അതിന്മേൽ അങ്ങനെ നികുതി നൽകുന്നതിന്റെ തീയതി വരെയുള്ള പലിശയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്. '';

(19) പട്ടികകളിൽ,—

(എ) ഒന്നാം പട്ടികയിൽ,—

(i) ക്രമനമ്പർ 3-ൽ, ശീർഷകത്തിൽ, "കോഴിത്തീറ്റയും" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്;

(ii) ക്രമനമ്പർ 4 എ-യും അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകളും വിട്ടുകളയേണ്ടതാണ്;

(iii) ക്രമനമ്പർ 7-ൽ, അതിനെതിരെയുള്ള (2)-ാം കോളത്തിലെ ഉൾക്കുറിപ്പിൽ, അവസാനം "മൂന്നാം പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ളവ ഒഴികെയുള്ള" എന്ന വാക്കുകൾ അവസാനം ചേർക്കേണ്ടതാണ്;

(iv) ക്രമനമ്പർ 17 എ-യും അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും പകരം, യഥാക്രമം, താഴെപ്പറയുന്ന ക്രമനമ്പരും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത് :—

| | |
|---|---|
| "17 എ. ഗ്ലാസ് ഫൈബർ റീഇൻഫോർസ്ഡ് ജിപ്സം കൊണ്ട് ഉണ്ടാക്കിയ ഫാബ്രിക്കേറ്റഡ് വാൾ പാനലുകൾ | ****"; |

(v) ക്രമനമ്പർ 18-ൽ,—

(എ) (4)-ാം ഇനവും അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകളും വിട്ടുകളയേണ്ടതാണ്;

(ബി) (5)-ാം ഇനത്തിനും അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും പകരം, യഥാക്രമം, താഴെപ്പറയുന്ന ഇനവും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത് :—

| | |
|---|---|
| "(5) മത്സ്യഫെഡും സർക്കാർ അംഗീകരിച്ച തീര മൈത്രി യൂണിറ്റുകളും, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളും വിൽക്കുന്ന നൈലോൺ റോപ്പുകളും പോളിസ്റ്റർ റോപ്പുകളും പോളിസ്റ്റർ ട്വൈനുകളും | ****"; |

(vi) ക്രമനമ്പർ 23 എ-യും അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകളും വിട്ടുകളയേണ്ടതാണ്;

(vii) ക്രമനമ്പർ 24 ബി-യിൽ, താഴെപ്പറയുന്ന കുറിപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"കുറിപ്പ് :—ഈ ഉൾക്കുറിപ്പ്, 2005 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്";

(viii) ക്രമനമ്പർ 27-ഉം അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകളും വിട്ടുകളയേണ്ടതാണ്;

(ix) ക്രമനമ്പർ 39-നം അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും ശേഷം, യഥാക്രമം, താഴെപ്പറയുന്ന ക്രമനമ്പരുകളും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത് :—

| | |
|---|---|
| "39 എ. പ്ലാസ്റ്റിക്ക് റീസൈക്ലിംഗ് പ്ലാന്റും മെഷീനറിയും | **** |
| 39 ബി. പ്ലാസ്റ്റിക്ക് റീസൈക്കിൾ ചെയ്ത് ലഭിക്കുന്ന പൈറോലിസിസ് ഓയിൽ, അങ്ങനെയുള്ള റീസൈക്ലിംഗ് യൂണിറ്റുകളിൽനിന്നുള്ള വിൽപ്പനയുടെ ഘട്ടത്തിൽ, | ****"; |

(x) ക്രമനമ്പർ 42 ബി-യും അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും ശേഷം, യഥാക്രമം, താഴെപ്പറയുന്ന ക്രമനമ്പറും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത് :—

| | |
|---|---|
| "42 സി. റബ്ബർ വുഡ് | **** "; |

(xi) ക്രമനമ്പർ 46 എയും അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകളും വിട്ടുകളയേണ്ടതാണ്;

(xii) ക്രമനമ്പർ 51-ഉം അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകളും വിട്ടുകളയേണ്ടതാണ്;

(xiii) ക്രമനമ്പർ 55-ൽ (2)-ാം കോളത്തിലെ ശീർഷകത്തിൽ, കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് എന്ന വാക്കുകൾക്ക് ശേഷം "ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ എന്നിവ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(xiv) ക്രമനമ്പർ 62-നം അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും ശേഷം, യഥാക്രമം, താഴെപ്പറയുന്ന ക്രമനമ്പരും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത് :—

| | |
|---|---|
| "63. ഉപയോഗിച്ച പ്ലാസ്റ്റിക്കും ഇലക്ട്രോണിക് മാലിന്യവും | **** ". |

(ബി) രണ്ടാം പട്ടികയിൽ,—

(i) ക്രമനമ്പർ-1-ൽ,—

(എ) ഇനം (2)-നം അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും പകരം, യഥാക്രമം, താഴെപ്പറയുന്ന ഇനവും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത് :—

| | |
|---|---|
| "(2) ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡ് വിജ്ഞാപനം ചെയ്ത ഏജൻസികളും രാജ്യത്തിനകത്തേക്ക് സ്വർണ്ണം ഇറക്കുമതി ചെയ്യുന്നതിന് ഭാരതീയ റിസർവ് ബാങ്ക് അധികാരപ്പെടുത്തിയ ഏജൻസികളും വിൽക്കുന്ന സ്വർണ്ണക്കട്ടികൾ, സംസ്ഥാനത്തിനകത്തുള്ള വിൽപ്പനയുടെ ഘട്ടത്തിൽ | ****"; |

(ബി) (7) മുതൽ (12) വരെയുള്ള ഇനങ്ങളും അവയ്ക്കെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകളും വിട്ടുകളയേണ്ടതാണ്";

(ii) ക്രമനമ്പർ 6-നും അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും ശേഷം, യഥാക്രമം, താഴെപ്പറയുന്ന ക്രമനമ്പരുകളും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത് :—

| | |
|---|---|
| "7. കൈത്തറി തുണി, കൈത്തറി ബെഡ്ഷീറ്റും തലയണ ഉറയും | *** |
| 8. ഖാദി തുണിയും വസ്ത്രങ്ങളും അതുകൊണ്ടുണ്ടാക്കിയവയും | *** |
| 9. പ്രകൃതിദത്ത സിൽക്കിനാൽ നിർമ്മിതമായ സിൽക്ക് തുണിത്തരങ്ങളും സാരിയും | 5007 |
| 10. ടെക്സ്റ്റൈൽ തുണിത്തരങ്ങൾ | |
| (1) കമ്പിളി | |
| (എ) കടഞ്ഞെടുത്ത കമ്പിളിയിൽ നിന്ന് അല്ലെങ്കിൽ മൃഗങ്ങളുടെ കടഞ്ഞെടുത്ത രോമത്തിൽ നിന്ന് നെയ്തെടുത്ത തുണിത്തരങ്ങൾ | 5111 |
| (ബി) കോംബ് ചെയ്ത കമ്പിളിയിൽ നിന്നോ കോംബ് ചെയ്ത ഫൈൻ മൃഗരോമത്തിൽ നിന്നോ നെയ്തെടുത്ത തുണിത്തരങ്ങൾ | 5112 |
| (സി) മൃഗത്തിന്റെ പരുപരുത്ത രോമത്തിൽ നിന്നോ അല്ലെങ്കിൽ കുതിരയുടെ രോമത്തിൽ നിന്നോ നെയ്തെടുത്ത തുണിത്തരങ്ങൾ | 5113 |

(2) പരുത്തി

(എ) 85 ശതമാനമോ

അതിലധികമോ പരുത്തിയോടു

കൂടിയുള്ളതും 200 ഗ്രാം/മീറ്റർ$^2$

അധികരിക്കാതെ ഭാരമുള്ളതും ആയ

നെയ്തെടുത്ത പരുത്തി

തുണിത്തരങ്ങളും 5208

(ബി) 85 ശതമാനമോ

അതിലധികമോ പരുത്തിയോടു

കൂടിയുള്ളതും 200 ഗ്രാം /മീറ്റർ$^2$

അധികരിച്ച ഭാരമുള്ളനെയ്തെടുത്ത

പരുത്തിതുണിത്തരങ്ങളും 5209

(സി) 85%-ൽ കുറവ്

പരുത്തിയുള്ളതും മനുഷ്യനിർമ്മിത

നൂലോടുകൂടി മാത്രം കലർത്തിയതും

200 ഗ്രാം/മീറ്റർ$^2$ തൂക്കത്തിൽ കൂടാത്ത

നെയ്തെടുത്ത പരുത്തി

തുണിത്തരങ്ങളും 5210

(ഡി) 85%-ൽ കുറവ് പരുത്തിയുള്ളതും

മനുഷ്യനിർമ്മിത നൂലോടുകൂടി മാത്രമായോ

അല്ലെങ്കിൽ കലർത്തിയതോ ആയ

പരുത്തിയുടെ ഭാരത്തോടു

കൂടി 200 ഗ്രാം/മീറ്റർ $^2$ തൂക്കത്തിൽ

കൂടിയ നെയ്തെടുത്ത പരുത്തി

തുണിത്തരങ്ങൾ 5211

| | |
|---|---|
| (ഇ) മറ്റു നെയ്തെടുത്ത പരുത്തി തുണിത്തരങ്ങൾ | 5212 |
| (3) നെയ്തെടുത്ത ഫ്ലാക്സ് തുണിത്തരങ്ങൾ | 5309 |
| (4) നെയ്തെടുത്ത ചണത്തിന്റെയോ അല്ലെങ്കിൽ മറ്റ് ടെക്സ്റ്റൈയിൽ അടിസ്ഥാനമാക്കിയ നാരിന്റെയോ തുണിത്തരങ്ങൾ | 5310 |
| (5) നെയ്തെടുത്ത മറ്റ് വെജിറ്റബിൾ ടെക്സ്റ്റൈയിൽ നാരിന്റെ തുണിത്തരങ്ങൾ; നെയ്തെടുത്ത പേപ്പർ യാണിന്റെ തുണിത്തരങ്ങൾ | 5311 |
| (6) മനുഷ്യനിർമ്മിത ഫിലമെന്റുകൾ | |
| (എ) 5404 എച്ച്.എസ്.എൻ. ശീർഷകത്തിൽ വരുന്ന വസ്തുക്കളിൽ നിന്നും നെയ്തെടുത്ത തുണിത്തരങ്ങൾ ഉൾപ്പെടെ സിന്തറ്റിക്ക് ഫിലമെന്റ് നൂലിൽ നിന്നും നെയ്തെടുത്ത തുണിത്തരങ്ങൾ | 5407 |
| (ബി) 5405 എച്ച്. എസ്. എൻ. ശീർഷകത്തിൽ വരുന്ന വസ്തുക്കളിൽ നിന്നും നെയ്തെടുത്ത തുണിത്തരങ്ങൾ ഉൾപ്പെടെ കൃത്രിമ ഫിലമെന്റ് നൂലിൽ നിന്നും നെയ്തെടുത്ത തുണിത്തരങ്ങൾ | 5408 |

(7) മനുഷ്യനിർമ്മിത സ്റ്റേപ്പിൾ ഫൈബറുകൾ

(എ) 5 ശതമാനമോ അതിൽ കൂടുതലോ ഭാരമുള്ള സിന്തറ്റിക്ക് സ്റ്റേപ്പിൾ ഫൈബറുകൾ അടങ്ങിയ സിന്തറ്റിക്ക് നൂല് അടങ്ങിയ സിന്തറ്റിക്ക് കൊണ്ട് നെയ്തെടുത്ത തുണിത്തരങ്ങൾ 5512

(ബി) 85 %-ൽ കുറഞ്ഞ സിന്തറ്റിക്ക് സ്റ്റേപ്പിൾ ഫൈബറുകളുടെ ഭാരമുള്ളതും 170 ഗ്രാം/മീറ്റർ$^2$-ൽ കവിയാത്ത തൂക്കമുള്ളതും, പ്രധാനമായോ മുഴുവനായോ പരുത്തിയോട്ടുകൂടിയ അത്തരം ഫൈബറുകൾ കൊണ്ട് നെയ്തെടുത്ത തുണിത്തരങ്ങൾ 5513

(സി) 85%-ൽ കുറഞ്ഞ സിന്തറ്റിക്ക് സ്റ്റേപ്പിൾ ഫൈബറുകളുടെ ഭാരമുള്ളതും 170 ഗ്രാം/മീറ്റർ$^2$-ൽ കവിയുന്ന തൂക്കമുള്ള പ്രധാനമായോ മുഴുവനായോ പരുത്തിയോട്ടുകൂടിയ അത്തരം ഫൈബറുകൾ കൊണ്ട് നെയ്തെടുത്ത തുണിത്തരങ്ങൾ 5514

(ഡി) സിന്തറ്റിക്ക് സ്റ്റേപ്പിൾ ഫൈബറുകൾ കൊണ്ട് നെയ്തെടുത്ത മറ്റ് തുണിത്തരങ്ങൾ 5515

(ഇ) കൃത്രിമമായ സ്റ്റേപ്പിൾ ഫൈബറുകൾ കൊണ്ട് നെയ്തെടുത്ത തുണിത്തരങ്ങൾ 5516

(8) പ്രത്യേകം നെയ്തെടുത്ത തുണിത്തരങ്ങൾ; റ്റഫ്റ്റ് ചെയ്ത ടെക് സ്റ്റൈൽ തുണിത്തരങ്ങൾ; ലെയ്സ്, ടേപ്പ്സ്ട്രീകൾ, ട്രിമ്മിങ്ങുകൾ; എംബ്രോയിഡറി

(എ) 5802 അല്ലെങ്കിൽ 5806-ാം നമ്പർ എച്ച്. എസ്. എൻ. ശീർഷകത്തിലേതല്ലാത്ത നെയ്തെടുത്ത പൈൽ തുണിത്തരങ്ങളും ചെന്നൈൽ തുണിത്തരങ്ങളും 5801

(ബി) 5806-ാം നമ്പർ എച്ച്. എസ്. എൻ. ശീർഷകത്തിലെ കട്ടികറഞ്ഞ തുണിത്തരങ്ങളല്ലാത്ത ടെറി ടൗവ്വലിങ്ങും സമാനമായ നെയ്തെടുത്ത ടെറി തുണിത്തരങ്ങളും; 5703-ാം നമ്പർ ശീർഷകത്തിലേതല്ലാത്ത റ്റഫ്റ്റ് ചെയ്ത ടെക്സ്റ്റൈൽ തുണിത്തരങ്ങൾ 5802

(സി) 5806 എച്ച്. എസ്. എൻ. ശീർഷകത്തിലെ കട്ടികറഞ്ഞ തുണിത്തരങ്ങളല്ലാത്ത ഗാസ് 5803

(ഡി) 6002 മുതൽ 6006 വരെയുള്ള എച്ച്. എസ്. എൻ. ശീർഷകത്തിലെ തുണിത്തരങ്ങൾ അല്ലാത്ത നെയ്തെടുക്കുന്നതും നിറ്റ് ചെയ്യുതോ ക്രോഷെ ചെയ്യുതോ ആയ തുണിത്തരങ്ങൾ ഉൾപ്പെടാത്ത മറ്റ് മൊത്ത തുണിത്തരങ്ങളും റ്റുള്ളീസും, കഷണങ്ങളായുള്ള ലെയ്സ് സ്ട്രിപ്പുകൾ അല്ലെങ്കിൽ മൊർട്ടീഫുകൾ 5804

(ഇ) കൈകൊണ്ട് നെയ്തെടുത്ത ഗോബ്ലിനുകൾ, ഫ്ലാന്റുകൾ, ഔബുസൻ, ബ്യൂവല്യകൾ എന്നീ തരത്തിലുള്ള ടേപ്പ്സ്ട്രീകളും സമാനമായവയും നീഡിൽ വർക്ക് ചെയ്ത ടേപ്പ്സ്ട്രീകളും (ഉദാഹരണമായി പെറ്റിറ്റ് പോയിന്റ്, ക്രോസ്സ് സ്റ്റിച്ച്) ഉണ്ടാക്കിയതോ അല്ലാത്തതോ 5805

(എഫ്) 5807 എച്ച്. എസ്. എൻ. ശീർഷകത്തിലെ സാധനങ്ങൾ അല്ലാത്ത കട്ടികറഞ്ഞ നെയ്തെടുത്ത തുണിത്തരങ്ങൾ; ഒട്ടിപ്പിടിക്കുന്നതിലൂടെയും കൂട്ടിച്ചേർത്ത വെഫ്റ്റോടെ അല്ലാത്തതുമായ വോർപ് അടങ്ങുന്ന കട്ടികറഞ്ഞ തുണിത്തരങ്ങൾ (ബോൾഡക്സ്) 5806

(ജി) മറ്റെങ്ങും വ്യക്തമാക്കിയിട്ടില്ലാത്തതോ ഉൾപ്പെടുത്താത്തതോ വസ്തുങ്ങൾ അലങ്കരിക്കുന്നതിനോ സമാന ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതോ ആയ 5605-ാം നമ്പർ എച്ച്. എസ്. എൻ. ശീർഷകത്തിൽ ഉള്ള ലോഹ നൂലാൽ നെയ്തെടുത്ത തുണിത്തരങ്ങളും നെയ്തെടുക്കാത്ത തുണിത്തരങ്ങളോ ലോഹ നൂലോ 5809

(9) പുസ്തകങ്ങളുടെയോ അല്ലെങ്കിൽ അതേ ഗണത്തിൽപ്പെട്ടവയുടെയോ പുറംചട്ടയ്ക്കായി ഉപയോഗിക്കുന്ന ഒരു തരത്തിലുള്ള പശയോ അല്ലെങ്കിൽ കഞ്ഞിപ്പശയുള്ള പദാർത്ഥങ്ങളോ കൊണ്ട് പൊതിഞ്ഞ ടെക്സ്റ്റൈയിൽ തുണിത്തരങ്ങൾ; പകർപ്പെടുപ്പ് തുണി; തയ്യാറാക്കിയ പെയിന്റിംഗ് കാൻവാസ്; ബക്രമും (പുസ്തകം ബയന്റ് ചെയ്യാൻ ഉപയോഗിക്കുന്ന കട്ടിത്തുണി) തൊപ്പി നിർമ്മാണത്തിന് അടിസ്ഥാനമായി ഉപയോഗിക്കുന്ന സമാനമായ ഒരു തരത്തിലുള്ള കട്ടിയായ ടെക്സ്റ്റൈയിൽ തുണിത്തരങ്ങൾ 5901

(10) വളരെ ഉറപ്പുള്ള നെയ്യുനൂൽ, അല്ലെങ്കിൽ മറ്റ് പോളിമറുകൾ അല്ലെങ്കിൽ പോളിയസ്റ്ററുകൾ അല്ലെങ്കിൽ വിസ്കോസ് റയോൺകൊണ്ടുള്ള ടയർ കോർഡ് തുണിത്തരങ്ങൾ 5902

(11) ടെക്സ്റ്റൈയിൽ വോൾ കവറിംഗുകൾ 5905

(12) വളരെ ഉറപ്പുള്ള നെയ്യുനൂൽ, മറ്റ് പോളിമറുകൾ അല്ലെങ്കിൽ പോളിയസ്റ്ററുകൾ അല്ലെങ്കിൽ വിസ്കോസ് റയോൺകൊണ്ടുള്ള ടയർ കോർഡ് തുണിത്തരങ്ങൾ അല്ലാത്ത റബ്ബറൈസ് ചെയ്ത ടെക്സ്റ്റൈയിൽ തുണിത്തരങ്ങൾ 5906

(13) മറ്റു വിധത്തിൽ ഇംപ്രഗ്നേറ്റ്, കോട്ടറ്റ് അല്ലെങ്കിൽ കവർ ചെയ്തതോ അല്ലാത്ത ടെക്സ്റ്റൈയിൽ തുണിത്തരങ്ങൾ: നാടകശാല ദൃശ്യം, സ്റ്റുഡിയോ പിൻ തിരശ്ശീലകൾ അല്ലെങ്കിൽ അതേ ഗണത്തിൽ പെട്ടവയോ ആയ പെയിന്റ് ചെയ്ത കാൻവാസുകൾ 5907

(14) നിറ്റ് ചെയ്യുതോ അല്ലെങ്കിൽ ക്രോഷെ ചെയ്യുതോ ആയ തുണിത്തരങ്ങൾ

(എ) നിറ്റ് ചെയ്യുതോ ക്രോഷെ ചെയ്യുതോ ആയ 'ലോങ് പൈൽ' തുണിത്തരങ്ങളും, ടെറി തുണിത്തരങ്ങളും ഉൾപ്പെടുന്നതുമായ പൈൽ തുണിത്തരങ്ങൾ 6001

(ബി) 6001-ാം നമ്പർ എച്ച്. എസ്. എൻ. ശീർഷകത്തിൽ അല്ലാത്ത 30 സെ. മീ. കവിയാത്ത വീതിയുള്ള 5 %-മോ അതിലധികമോ ഇലാസ്റ്റോമെറിക് നൂൽ അടങ്ങിയ ഭാരമുള്ള റബ്ബർ നാരുകളുടെ നിറ്റ് ചെയ്യുതോ ക്രോഷെ ചെയ്യുതോ ആയ തുണിത്തരങ്ങൾ 6002

(സി) 6001 അല്ലെങ്കിൽ 6002 എച്ച്. എസ്. എൻ. ശീർഷകത്തിലേതല്ലാത്ത 30 സെ. മീറ്റർ കവിയാത്ത വീതിയുള്ള നിറ്റ് ചെയ്യുതോ ക്രോഷെ ചെയ്യുതോ ആയ തുണിത്തരങ്ങൾ 6003

(ഡി) 6001-ാം നമ്പർ എച്ച്. എസ്. എൻ. ശീർഷകത്തിലേതല്ലാത്ത അഞ്ച് ശതമാനമോ അതിൽ കൂടുതലോ ഭാരമുള്ള ഇലാസ്റ്റോമെറിക് നൂലോ റബ്ബർ ഇഴയോ അടങ്ങുന്ന 30 സെ. മീറ്റർ കവിയുന്ന നിറ്റ് ചെയ്യുതോ ക്രോഷെ ചെയ്യുതോ ആയ തുണിത്തരങ്ങൾ 6004

(ഇ) 6001-മുതൽ 6004-ാം നമ്പർ വരെയുള്ള എച്ച്. എസ്. എൻ. ശീർഷകത്തിലേതല്ലാത്ത (ഗലാൻ നിറ്റിങ് മെഷീനുകളിൽ ഉണ്ടാക്കിയവ ഉൾപ്പെടുന്ന) റാപ്പ് നിറ്റ് തുണിത്തരങ്ങൾ 6005

(എഫ്) നിറ്റ് ചെയ്യുതോ ക്രോഷെ ചെയ്യുതോ ആയ മറ്റ് തുണിത്തരങ്ങൾ 6006

11. തയ്യാറാക്കിയ കോഴിത്തീറ്റ ****";

(സി) മൂന്നാം പട്ടികയിൽ,—

(i) ക്രമനമ്പർ 18-നും അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും ശേഷം, യഥാക്രമം, താഴെപ്പറയുന്ന ക്രമനമ്പറും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| "18 എ | തറ വൃത്തിയാക്കുന്നതിനും ടോയിലറ്റ് വൃത്തിയാക്കുന്നതിനും ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് കൊണ്ട് നിർമ്മിച്ച ചൂലുകളും ബ്രഷുകളും മോപ്പുകളും | ****"; |

(ii) ക്രമനമ്പർ 51 എ-യിൽ, (8)-ാം ഇനത്തിനും അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും ശേഷം, യഥാക്രമം, താഴെപ്പറയുന്ന ഇനങ്ങളും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| (9) | സ്വർണ്ണപ്പണിക്കാരന്റെയോ, വെള്ളിപ്പണിക്കാരന്റെയോ പണിയായുധങ്ങളും അമൂല്യ ലോഹങ്ങൾ കൊണ്ടുപൊതിഞ്ഞ ലോഹത്തിന്റെ പാത്രങ്ങളും അമൂല്യ ലോഹത്തിന്റെ ഭാഗങ്ങളും | 7114 |
| (10) | അമൂല്യ ലോഹങ്ങൾ കൊണ്ടുള്ളതോ അമൂല്യ ലോഹങ്ങൾ കൊണ്ടുപൊതിഞ്ഞ ലോഹങ്ങൾ കൊണ്ടുള്ളതോ ആയ മറ്റ് വസ്തുക്കൾ | 7115 |
| (11) | വെള്ളി, ഭാഗികമായി നിർമ്മിച്ചത് | 7106.92 |
| (12) | സ്വർണ്ണം, ഭാഗികമായി നിർമ്മിച്ചത് | 7108.13.00 |
| (13) | അമൂല്യ ലോഹങ്ങളുടെ അവശിഷ്ടങ്ങളും ലോഹ കഷ്ണങ്ങളും | 7112 |
| (14) | സ്വർണ്ണ നാണയങ്ങൾ | *** |
| (15) | രണ്ടാം പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ളതല്ലാത്ത സ്വർണ്ണക്കട്ടികൾ | ****"; |

(iii) ക്രമനമ്പർ 92-നം അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും ശേഷം, യഥാക്രമം, താഴെപ്പറയുന്ന ക്രമനമ്പരും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

"92 എ ഒന്നാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത നൈലോൺ റോപ്പ് ****";

(iv) ക്രമനമ്പർ 97 എ-യിൽ, താഴെപ്പറയുന്ന കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"കുറിപ്പ്:— ഈ ഉൾക്കുറിപ്പ് 2011 ജൂലൈ 19-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.";

(v) ക്രമനമ്പർ 99-നം അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും ശേഷം, യഥാക്രമം, താഴെപ്പറയുന്ന ക്രമനമ്പറും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

"99 എ ഒന്നാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത പോളിസ്റ്റർ റോപ്പും പോളിസ്റ്റർ ട്വൈനും ****";

(vi) ക്രമനമ്പർ 100-ൽ, ശീർഷകത്തിന്റെ ആദ്യഭാഗത്ത്, "6-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിലെ പട്ടികയിൽ ക്രമനമ്പർ 3 ബി യിൽ പറഞ്ഞിട്ടുള്ളവ ഒഴികെ" എന്ന വാക്കുകളും അക്കങ്ങളും അക്ഷരങ്ങളും ചേർക്കേണ്ടതാണ്;

(vii) ക്രമനമ്പർ 130-നം അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും പകരം, യഥാക്രമം, താഴെപ്പറയുന്ന ക്രമനമ്പറും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

"130. ഇലക്ട്രോണിക് കളിപ്പാട്ടങ്ങളും പ്ലാസ്റ്റിക്ക് കളിപ്പാട്ടങ്ങളും ഒഴികെയുള്ള കളിപ്പാട്ടങ്ങൾ ****";

(viii) ക്രമനമ്പർ 146-നും അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും ശേഷം, യഥാക്രമം, താഴെപ്പറയുന്ന ക്രമനമ്പരും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| "147. | സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ളതും സംസ്ഥാനത്ത് സ്ഥിതി ചെയ്യുന്നതുമായ യൂണിറ്റുകൾ നിർമ്മിച്ച പ്രതിരോധ ആവശ്യത്തിനായുള്ള ഇലക്ട്രോണിക് ചരക്കുകളും സംവിധാനങ്ങളും | ****"; |

(ഡി) ലിസ്റ്റ് എ യിൽ,—

(i) ക്രമനമ്പർ 84 എ-യിൽ, താഴെപ്പറയുന്ന കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"<u>കുറിപ്പ്</u>.— ഈ ഉൾക്കുറിപ്പ് 2005 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്. ";

(ii) ക്രമനമ്പർ 136 <u>എ</u>-യും അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകളും വിട്ടുകളയേണ്ടതാണ്.

## 1985-ലെ കേരള താൽക്കാലിക റവന്യൂ പിരിച്ചെടുക്കൽ ആക്റ്റ് (1985-ലെ 10) പ്രകാരമുള്ള പ്രഖ്യാപനം

1985-ലെ കേരള താൽക്കാലിക റവന്യൂ പിരിച്ചെടുക്കൽ ആക്റ്റ് (1985-ലെ 10) പ്രകാരം ഈ ബില്ലിലെ എല്ലാ വ്യവസ്ഥകൾക്കും 2015 ഏപ്രിൽ 1-ാം തീയതിയിലും അന്നുമുതൽക്കും പ്രാബല്യം ഉണ്ടായിരിക്കേണ്ടത് പൊതു താല്പര്യാർത്ഥം യുക്തമാണെന്ന് ഇതിനാൽ പ്രഖ്യാപിച്ചുകൊള്ളുന്നു.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2015-2016-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 283 മുതൽ 290 വരെയും 292-ഉം 295 മുതൽ 329 വരെയും 332-ഉം 335 മുതൽ 338 വരെയും ഖണ്ഡികകളിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രകാരം 2015-2016 സാമ്പത്തികവർഷത്തേക്കുള്ള കേരള സർക്കാരിന്റെ ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടി താഴെ പറയുന്ന ആക്റ്റുകൾ ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ, അതായത്:—

1. 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യൽ ആക്റ്റ് (1955-ലെ XII);
2. 1958-ലെ കേരള പണം കടം കൊടുപ്പുകാർ ആക്റ്റ് (1958-ലെ 35);

3. 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റ് (1959-ലെ 17);

4. 1960-ലെ കേരള തോട്ടം ഭൂമി നികുതി ആക്റ്റ് (1960-ലെ 17);

5. 1963-ലെ കേരള പൊതുവില്പന നികുതി ആക്റ്റ് (1963-ലെ 15);

6. 1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്റ്റ് (1976-ലെ 19);

7. 1976-ലെ കേരള ആഡംബരങ്ങളിൻമേലുള്ള നികുതി ആക്റ്റ് (1976-ലെ 32);

8. 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റ് (2004-ലെ 30).

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡപ്രകാരം 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യൽ ആക്റ്റിൽ (1955-ലെ XII) ചേർക്കുവാൻ ഉദ്ദേശിക്കുന്ന 31 ബി വകുപ്പ്, സംഘങ്ങൾ സമർപ്പിക്കേണ്ടതായ റിട്ടേണുകളും ഫാറങ്ങളും മറ്റ് പത്രികകളും ഇലക്ട്രോണിക് സംവിധാനത്തിലൂടെ സമർപ്പിക്കേണ്ടതായ രീതി പ്രത്യേകം പറയുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 6-ാം ഖണ്ഡപ്രകാരം 1963-ലെ കേരള പൊതുവില്പന നികുതി ആക്റ്റിൽ (1963-ലെ 15) പകരം ചേർക്കുവാൻ ഉദ്ദേശിക്കുന്ന 5 ഡി വകുപ്പ്, പ്രസ്തുത വകുപ്പിലെ (i)-ാം ഇനത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള നികുതി നിരക്കിൽ, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനംവഴി, മാറ്റം വരുത്തുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 9-ാം ഖണ്ഡം (13)-ാം ഉപഖണ്ഡപ്രകാരം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റിലെ (2004-ലെ 30) 52-ാം വകുപ്പ്, പ്രസ്തുത വകുപ്പിൽ പരാമർശിച്ച ഏജൻസികൾ അല്ലെങ്കിൽ അതോറിറ്റികൾ രജിസ്ട്രേഷൻ എടുക്കുന്നതിന് അനുവർത്തിക്കേണ്ടതായ നടപടിക്രമങ്ങൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 9-ാം ഖണ്ഡം (15)-ാം ഉപഖണ്ഡപ്രകാരം 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്ടിൽ ചേർക്കുവാൻ ഉദ്ദേശിക്കുന്ന 54-എ എന്ന പുതിയ വകുപ്പ്, ഒരു ഇലക്ട്രോണിക് കോമേഴ്സ് വെബ്സൈറ്റ് വച്ചുപോരുന്ന കമ്പനികൾ അല്ലെങ്കിൽ സ്ഥാപനങ്ങൾ കമേഴ്സ്യൽ വെബ്സൈറ്റ് വഴി വില്പന നടത്തിയ ചരക്കുകളുടെ വിശദവിവരങ്ങൾ നൽകുന്നതിനുള്ള രീതിയും പ്രസ്തുത ആവശ്യത്തിലേക്കായി രജിസ്ട്രേഷൻ എടുക്കേണ്ട രീതിയും നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു.

5. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അല്ലെങ്കിൽ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത്, അവ ഭരണപരമോ സാധാരണമോ ആയ സ്വഭാവത്തോടുകൂടിയതോ നടപടിക്രമങ്ങളെ സംബന്ധിച്ച കാര്യങ്ങളോ ആകുന്നു. കൂടാതെ, ചട്ടങ്ങൾ, അവ ഉണ്ടാക്കിയതിനുശേഷം നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്കു വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

കെ. എം. മാണി

(ശരിത്തർജ്ജമ)

# 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യൽ ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

## (1955-ലെ XII-ാം ആക്റ്റ്)

** ** ** **

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യൽ ആക്റ്റ് എന്ന് പേർ പറയാം.

** ** ** **

31. പ്രമാണങ്ങളുടെ പരിശോധന.— ഈ ആക്റ്റനുസരിച്ച് രജിസ്ട്രാർക്ക് ഫയൽ ചെയ്തിട്ടുള്ള എല്ലാ പ്രമാണങ്ങളും, ഓരോ പരിശോധനയ്ക്കും ഓരോ രൂപ ഫീസ് കൊടുത്ത് ഏതൊരാൾക്കും പരിശോധിക്കാവുന്നതും, ഏതെങ്കിലും പ്രമാണത്തിന്റെയോ ഏതെങ്കിലും പ്രമാണത്തിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ പകർപ്പോ, സംഗ്രഹമോ രജിസ്ട്രാർ സാക്ഷ്യപ്പെടുത്തികൊടുക്കാൻ, അത്തരം പകർപ്പിന്റെയോ സംഗ്രഹത്തിന്റെയോ ഓരോ നൂറ് വാക്കിനും രണ്ടണ ഒടുക്കി, ഏതൊരാൾക്കും ആവശ്യപ്പെടാവുന്നതുമാണ്.

** ** ** **

# 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

## (1958-ലെ 35)

** ** ** **

4. ലൈസൻസുകൾ നല്കുകയും നല്കാതിരിക്കുകയും ചെയ്യൽ.—(1) ഒരു പണം കടം കൊടുപ്പുകാരന്റെ ലൈസൻസിനുള്ള അപേക്ഷ രേഖാമൂലമായിരിക്കേണ്ടതും അത് ലൈസൻസിംഗ് അധികാരസ്ഥാനത്തിന് സമർപ്പിക്കേണ്ടതും ഈ ആക്റ്റ് പ്രകാരം നിർണ്ണയിക്കപ്പെട്ട രീതിയിൽ ആയിരിക്കേണ്ടതുമാണ്.

** ** ** **

(2 എ) താഴെപ്പറയുന്ന പട്ടികയിൽ (1)-ാം കോളത്തിൽ വ്യക്തമാക്കുന്ന ഓരോ ലൈസൻസുകാരനും അങ്ങനെ നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിലും അപ്രകാരമുള്ള രീതിയിലും ലൈസൻസിലെ വ്യവസ്ഥകൾ പാലിക്കുന്നതിനു വേണ്ടി ജാമ്യത്തുകയായി പ്രസ്തുത പട്ടികയിൽ (2)-ലും കോളത്തിന് അനുബന്ധമായ ഉൾക്കുറിപ്പിൽ വ്യക്തമായിട്ടുള്ള തുക അയാൾ കൈവശം വച്ചിരിക്കുന്ന ഓരോ ലൈസൻസുമായിട്ടും ബന്ധപ്പെട്ട്, സർക്കാർ ട്രഷറിയിൽ നിക്ഷേപിക്കേണ്ടതാണ്.

** ** ** **

പട്ടിക

| | (1) | (2) |
|---|---|---|
| 1. | ഒരു വർഷം ഒരു ലക്ഷം രൂപയിൽ കുറഞ്ഞ തുക കടം കൊടുക്കുന്ന ഒരു ലൈസൻസുകാരൻ | അയ്യായിരം രൂപ |
| 2. | ഒരു വർഷം ഒരു ലക്ഷം രൂപയോ അതിൽ കൂടുതലോ എന്നാൽ അഞ്ചു ലക്ഷം രൂപയിൽ കുറഞ്ഞ തുക കടം കൊടുക്കുന്ന ഒരു ലൈസൻസുകാരൻ | പതിനായിരം രൂപ |
| 3. | ഒരു വർഷം അഞ്ചുലക്ഷം രൂപയോ അതിൽ കൂടുതലോ എന്നാൽ പത്തു ലക്ഷം രൂപയിൽ കുറഞ്ഞ തുക കടം കൊടുക്കുന്ന ഒരു ലൈസൻസുകാരൻ | അൻപതിനായിരം രൂപ |
| 4. | ഒരു വർഷം പത്തുലക്ഷം രൂപയോ അതിൽ കൂടുതലോ എന്നാൽ ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽ കുറഞ്ഞ തുക കടം കൊടുക്കുന്ന ഒരു ലൈസൻസുകാരൻ | ഒരു ലക്ഷം രൂപ |

| | (1) | (2) |
|---|---|---|
| 5. | ഒരു വർഷം 25 ലക്ഷം രൂപയോ അതിൽ കൂടുതലോ എന്നാൽ അൻപതു ലക്ഷം രൂപയിൽ കുറഞ്ഞ തുക കടം കൊടുക്കുന്ന ഒരു ലൈസൻസുകാരൻ | ഒരു ലക്ഷത്തി അമ്പതിനായിരം രൂപ |
| 6. | ഒരു വർഷം അൻപതു ലക്ഷം രൂപയോ അതിൽ കൂടുതലോ കടം കൊടുക്കുന്ന ഒരു ലൈസൻസുകാരൻ | രണ്ടു ലക്ഷം രൂപ." |

** ** ** **

(2 ബി) (2 എ) ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക് ജാമ്യത്തുക നല്കേണ്ടത് ഏത് വർഷത്തേക്കാണ്, ആ വർഷത്തിൽ ഒരു ലൈസൻസി കടം കൊടുക്കുന്ന തുക,—

(എ) മുൻവർഷത്തിൽ ഏതെങ്കിലും ദിവസം കൊടുത്ത് തീർക്കേണ്ട പരമാവധി മൊത്തം വായ്പാ തുകയോ; അല്ലെങ്കിൽ

(ബി) ലൈസൻസിയുടെ കണക്കുകളിൽ നിന്ന് പരമാവധി കൊടുത്തു തീർക്കേണ്ട മൊത്തം വായ്പാ തുക തിട്ടപ്പെടുത്തുവാൻ കഴിയാത്തപക്ഷം, കഴിഞ്ഞ വർഷം ലൈസൻസി സ്വീകരിച്ച എല്ലാ നിക്ഷേപങ്ങളുമുൾപ്പെടെ അയാൾ നിക്ഷേപിച്ചിട്ടുള്ള തുകയോ, ആയി കരുതപ്പെടേണ്ടതാണ്:

എന്നാൽ ഒരു പുതിയ ലൈസൻസുകാരന്റെ അല്ലെങ്കിൽ മുൻവർഷത്തിന്റെ ഒരു ഭാഗത്തിനു മാത്രം ലൈസൻസുകാരനായിരുന്ന ഒരാളുടെ സംഗതിയിൽ, ആ വർഷത്തിൽ അയാൾ പണം കടംകൊടുത്തേക്കാവുന്ന തുക സംബന്ധിച്ച് നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ നിർണ്ണയിക്കപ്പെട്ട രീതിയിൽ ലൈസൻസിംഗ് അധികാരസ്ഥാനത്തിന് മുമ്പാകെ സമർപ്പിക്കുന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ജാമ്യത്തുക നിർണ്ണയിക്കേണ്ടതാണ്.

** ** ** **

11. <u>കണക്കുകൾ മുതലായവയിൽ പ്രത്യേകം പറഞ്ഞതിനെക്കാൾ കുറഞ്ഞ തുക കടം കൊടുക്കുകയോ കൂടിയ തുക പലിശയായി സ്വീകരിക്കുകയോ ചെയ്യുന്ന പണം കടം കൊടുപ്പുകാരൻ ശിക്ഷിക്കപ്പെടേണ്ടതാണ്.</u>—(1) (എ) തന്റെ കണക്കുകളിലോ, രജിസ്റ്ററുകളിലോ കടം സംബന്ധിച്ച മറ്റ് രേഖകളിലോ കാണിച്ചിട്ടുള്ള തുകയെക്കാൾ കുറഞ്ഞ തുക കടം കൊടുക്കുന്ന, അല്ലെങ്കിൽ

(ബി) മുകളിൽ പറഞ്ഞ കണക്കുകളിലോ രജിസ്റ്ററുകളിലോ അല്ലെങ്കിൽ രേഖകളിലോ കാണിച്ചിട്ടുള്ള നിരക്കിനെക്കാൾ കൂടിയ നിരക്കിൽ പലിശ കൊടുക്കുകയോ പലിശയോ മറ്റേതെങ്കിലും ചാർജ്ജോ സ്വീകരിക്കുകയോ ചെയ്യുന്ന

ലൈസൻസ് നേടിയതോ നേടാത്തതോ ആയ ഒരു പണം കടം കൊടുപ്പുകാരൻ ആറ് മാസം വരെയാകാവുന്ന തടവുശിക്ഷയോ ആയിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടേണ്ടതാണ്.

** ** ** **

13. <u>അധമർണ്ണനെ ശല്യപ്പെടുത്തുന്നതിനുള്ള പിഴ.</u>—ഏതെങ്കിലും കടം വീണ്ടെടുക്കുന്നതിനുവേണ്ടി അധമർണ്ണനെ ശല്യപ്പെടുത്തുകയോ ശല്യപ്പെടുത്തുവാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും ആറ് മാസംവരെയാകാവുന്ന തടവ് ശിക്ഷയോ ആയിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടേണ്ടതാണ്.

** ** ** **

17. <u>ലൈസൻസ് ഇല്ലാതെയോ ലൈസൻസിലെ നിബന്ധനകൾ ലംഘിച്ചുകൊണ്ടോ ബിസിനസ് നടത്തുന്നതിനുള്ള ശിക്ഷ.</u>—ലൈസൻസ് ഇല്ലാതെയോ ലൈസൻസിലെ നിബന്ധനകൾ ലംഘിച്ചുകൊണ്ടോ ലൈസൻസിന്റെ നിബന്ധനകൾക്കും ഉപാധികൾക്കും അനുസൃതമല്ലാതെയോ പണം കടംകൊടുപ്പ് ബിസിനസ് നടത്തുന്ന ഏതൊരാൾക്കും, കോടതിയുടെ വിധിന്യായത്തിൽ റിക്കാർഡ് ചെയ്യേണ്ട പ്രത്യേക കാരണങ്ങൾ ഇല്ലെങ്കിൽ, മൂന്നുമാസത്തിൽ കുറയാത്തതും എന്നാൽ മൂന്നു വർഷത്തോളമാകാവുന്നതുമായ തടവും അമ്പതിനായിരം രൂപയോളമാകാവുന്ന പിഴയും ശിക്ഷ നല്കാവുന്നതാണ്.

18. <u>ശിക്ഷകൾ.</u>—(1) ഈ ആക്റ്റിലെയോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥയോ അല്ലെങ്കിൽ അതിൻ കീഴിൽ നല്കിയതോ നല്കിയതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും ലൈസൻസിലെ ഏതെങ്കിലും നിബന്ധനകളോ ഉപാധികളോ ലംഘിക്കുന്ന അല്ലെങ്കിൽ വ്യാജമായതോ സത്യമാണെന്നു താൻ വിശ്വസിക്കാത്തതോ ആയ പ്രസ്താവന നടത്തുന്ന ഏതൊരാളും, അങ്ങനെയുള്ള ലംഘനത്തിന് ഈ ആക്റ്റിൽ മറ്റെവിടെയെങ്കിലും മറ്റേതെങ്കിലും ശിക്ഷ വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, ആയിരം രൂപവരെയാകാവുന്ന പിഴ നല്കി ശിക്ഷിക്കപ്പെടേണ്ടതാണ്.

18 എ. <u>പണ്ടത്തിന്മേൽ പണം കടം കൊടുക്കുന്നവരുടെ ചില പ്രവൃത്തികൾ ശിക്ഷാർഹമാണെന്ന്.</u>—പണ്ടത്തിന്മേൽ പണം കടം കൊടുക്കുന്ന ആൾ—

(1) പതിനെട്ടു വയസ്സിന് താഴെ പ്രായമുള്ളവനാണെന്നോ, മദ്യപിച്ചവനാണെന്നോ തോന്നുന്ന വല്ല ആളുടേയും പക്കൽനിന്നു പണയത്തിന് സാധനം എടുക്കുകയോ,

** ** ** **

(7) തന്റെ അടുത്ത് പണയംവച്ച വല്ല പണയവസ്തുവും ഈ ആക്റ്റുമൂലമോ, ആക്റ്റുപ്രകാരമോ അധികാരപ്പെടുത്തുന്ന സമയത്തും വിധത്തിലുമല്ലാതെ വില്ക്കുകയോ, മറ്റു വിധത്തിൽ കയ്യൊഴിക്കുകയോ ചെയ്യുന്നതായാൽ അയാൾക്ക് ആറു മാസത്തോളം വരാവുന്ന കാലത്തെ തടവോ, അഞ്ഞൂറു രൂപയോളം വരാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയതോ ആയ ശിക്ഷ നല്കേണ്ടതാകുന്നു.

18 ബി (1) പണയദായകരുടെ ചില പ്രവൃത്തികൾ ശിക്ഷാർഹമാണെന്ന്.— ആരെങ്കിലും—

(എ) പണ്ടത്തിന്മേൽ പണം കടം കൊടുക്കുന്ന ആൾവശം ഒരു സാധനം അതു തനിക്ക് ഏതു മാർഗ്ഗത്തിൽക്കൂടി കിട്ടിയെന്നതിന് തൃപ്തികരമായ സമാധാനം നല്കുവാൻ സാധിക്കാതെയോ, നല്കുവാൻ കൂട്ടാക്കാതെയോ പണയമായി കൊടുക്കുവാനൊരുങ്ങുകയോ,

(ബി) പണ്ടത്തിന്മേൽ പണം കടം കൊടുക്കുന്ന ആളുടെ അടുത്തു പണയം വയ്ക്കുന്നതിനായി താൻ നല്കിയ സാധനം തന്റെ സ്വന്തം വസ്തുവാണോ അല്ലയോ എന്നതു സംബന്ധിച്ചോ, തന്റെ പേരും മേൽവിലാസവും സംബന്ധിച്ചോ അഥവാ ആ സാധനത്തിന്റെ ഉടമസ്ഥന്റെ പേരും മേൽവിലാസവും സംബന്ധിച്ചോ മനഃപൂർവ്വം വ്യാജവിവരം നല്കുകയോ, അഥവാ

(സി) പണയവസ്തു വീണ്ടെടുക്കുന്നതിന് അവകാശമോ, നിയമപരമായി യാതൊരവകാശ പ്രതീതിയോ ഇല്ലാതിരിക്കെ, അപ്രകാരം ചെയ്യുന്നതിന് ശ്രമിക്കുകയോ, ഉദ്യമിക്കുകയോ ചെയ്യുന്നതായാൽ, അയാൾക്ക് ആറ് മാസത്തോളം വരാവുന്ന കാലത്തേക്കുള്ള തടവോ, അഞ്ഞൂറു രൂപയോളം വരാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയതോ ആയ ശിക്ഷ നല്കേണ്ടതാകുന്നു.

** ** ** **

18 സി. ഉദ്യോഗസ്ഥൻമാരും അധികാരസ്ഥാനങ്ങളും നടത്തുന്ന പിഴ ചുമത്തൽ.— (1) ഇൻസ്പെക്ടർക്കോ ലൈസൻസ് നല്കുന്ന അധികാരസ്ഥാനത്തിനോ, ഏതെങ്കിലും ആൾ,—

(എ) ഈ ആക്റ്റ് പ്രകാരമുള്ള ലൈസൻസ് സ്വയം എടുക്കാൻ ബാദ്ധ്യസ്ഥനായിരുന്നിട്ടും അങ്ങനെയുള്ള ലൈസൻസ് എടുക്കാതെ പണം കടം കൊടുപ്പു ബിസിനസ് നടത്തുന്നുവെന്നോ;

** ** ** **

(ഇ) ഈ ആക്റ്റിലേയോ അതിന്റെ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ അങ്ങനെയുള്ള ലംഘനത്തിന് പിഴ നല്കുന്നതിനോ ശിക്ഷ നല്കുന്നതിനോ വ്യക്തമായ യാതൊരു വ്യവസ്ഥയും ഈ ആക്റ്റുമൂലം ഉണ്ടാക്കിയിട്ടില്ലെന്നിരിക്കെ അങ്ങനെ പ്രവർത്തിച്ചുവെന്നോ

ബോദ്ധ്യമാവുകയാണെങ്കിൽ, അങ്ങനെയുള്ള ഇൻസ്പെക്ടർക്കോ അധികാരസ്ഥാനത്തിനോ, അങ്ങനെയുള്ള ആൾ പിഴയായി ഇരുപത്തിയയ്യായിരം രൂപയിൽ കവിയാത്ത ഒരു തുക നല്കേണ്ടതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.

** ** ** **

# 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ
## (1959-ലെ 17)

** ** ** **

### പട്ടിക

| *ക്രമ നമ്പർ* | *കരണത്തിന്റെ വിവരണം* | *ശരിയായ മുദ്രവില* |
|---|---|---|
| (1) | (2) | (3) |
| 1 | തുകയിലോ, വിലയിലോ ഇരുപത് രൂപയിൽ കവിയുന്നതും (ഒരു ബാങ്കറുടെ പാസ് ബുക്കില്ലാത്ത വല്ല പുസ്തകത്തിലോ) ഒരു പ്രത്യേക കടലാസുതുണ്ടിലോ, കടത്തിന്റെ ലക്ഷ്യത്തിനായി അധമർണ്ണനോ അഥവാ അധമർണ്ണനുവേണ്ടിയോ എഴുതുകയോ, ഒപ്പിട്ടു കൊടുക്കുകയോ ചെയ്യുന്നതും ആയ കടത്തെ സംബന്ധിച്ചുള്ള സമ്മതശീട്ട്, ആ പുസ്തകമോ കടലാസ്സോ ഉത്തമർണ്ണന്റെ കൈവശം വച്ചിരിക്കുമ്പോൾ : എന്നാൽ അങ്ങനെയുള്ള സമ്മതശീട്ടിൽ കടം വീട്ടാമെന്ന് ഏതെങ്കിലും വാഗ്ദാനമോ, അല്ലെങ്കിൽ പലിശ കൊടുക്കാമെന്നോ വല്ല സാധനങ്ങളോ മറ്റ് വസ്തുവോ നല്കാമെന്നോ ഉള്ള ഏതെങ്കിലും വ്യവസ്ഥയോ താഴെപ്പറയുന്ന സംഗതികളിൽ ഉണ്ടാകുവാൻ പാടില്ലാത്തതാകുന്നു. | |
| | തുകയോ, വിലയോ | |
| | 1,000 രൂപയിൽ കവിയാത്തിടത്ത് | അഞ്ച് രൂപ |
| | 1,000 രൂപയിൽ കവിയുന്നിടത്ത് | പത്ത് രൂപ |
| ** | ** ** | ** |
| 5 | ഉടമ്പടിയോ, ഉടമ്പടി മെമ്മോറാണ്ടമോ— | |
| | (എ) മാറ്റപത്രത്തിന്റെ വില്പനയെ സംബന്ധിച്ചതാണെങ്കിൽ: | ഒരു രൂപ |
| ** | ** ** | ** |
| | (ഇ) എ.റ്റി.എം. യന്ത്രം സ്ഥാപിക്കുന്നത് സംബന്ധിച്ചോ ആയത് പുതുക്കുന്നത് സംബന്ധിച്ചോ ഒരു ബാങ്കും ഭൂവുടമയും തമ്മിൽ ആണെങ്കിൽ | ഓരോ വർഷത്തേക്കും രണ്ടായിരത്തി അഞ്ഞൂറ് രൂപ |
| ** | ** ** | ** |
| | (ജി) മറ്റുപ്രകാരത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിൽ | നൂറ് രൂപ |
| ** | ** ** | ** |

| (1) | (2) | (3) |
|---|---|---|
| 24 | മുദ്രവില ചുമത്തത്തക്കതും, ശരിയായ മുദ്രവില അടച്ചിരിക്കുന്നതുമായ വല്ലകരണത്തിന്റെയും എതിർ കരണം അല്ലെങ്കിൽ ഡ്യൂപ്ലിക്കേറ്റ്— | |
| | (i) അസ്സൽ കരണത്തിന് ചുമത്തേണ്ടുന്ന മുദ്രവില നൂറ് രൂപയിൽ കവിയാതിരുന്നാൽ | അസ്സലിനു കൊടുക്കേണ്ടുന്ന മുദ്രവില തന്നെ |
| | (ii) മറ്റു വല്ല സംഗതിയിലും | നൂറ് രൂപ |
| 25 | ചുങ്കച്ചീട്ട് അഥവാ കേന്ദ്ര എക്സൈസ് ബോണ്ട്— | |
| | (എ) തുക 1000 രൂപയിൽ കവിയാതിരിക്കുമ്പോൾ | തുകയുടെ ഓരോ നൂറ് രൂപയ്ക്കും അതിന്റെ ഭാഗത്തിനും അഞ്ച് രൂപ |
| | (ബി) മറ്റു വല്ല സംഗതിയിലും | അമ്പത് രൂപ |
| | ** ** ** | ** |
| 28 | 1961-ലെ അഡ്വക്കേറ്റ്സ് ആക്റ്റ് (1961-ലെ 25-ാം കേന്ദ്ര ആക്റ്റ്) പ്രകാരം സംസ്ഥാന ബാർ കൗൺസിൽ തയ്യാറാക്കി വച്ചുപോരുന്ന അഭിഭാഷകരുടെ പട്ടികയിൽ അംഗമായി ചേർന്നതായുള്ള സർട്ടിഫിക്കറ്റിന്: | ഇരുനൂറ്റിയമ്പത് രൂപ |
| | ** ** ** | ** |
| 35 | ലൈസൻസ് പത്രം, അതായത് അധമർണ്ണന്റെ മേൽ അയാളുടെ ഉത്തമർണ്ണൻമാർക്കുള്ള തേർച്ചകൾ ഇത്രകാലത്തേക്ക് നിറുത്തി വയ്ക്കുകയും അധമർണ്ണന്റെ യുക്തം പോലെ അയാളുടെ വ്യാപാരം നടത്തിവരുവാൻ അയാളെ അനുവദിക്കുകയും ചെയ്യണമെന്ന് അയാളും ഉത്തമർണ്ണന്മാരും തമ്മിൽ ചെയ്യുന്ന വല്ല ഉടമ്പടിയും | അറുപത് രൂപ |
| | ** ** ** | ** |
| 36 | ഒരു കമ്പനിയായി കൂട്ടുന്നതിനെപ്പറ്റിയുള്ള മെമ്മോറാണ്ടം,— | |
| | (എ) 1956-ലെ കമ്പനി ആക്റ്റ് (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) പ്രകാരം, സംഘം കൂട്ടുന്നതിനുള്ള ചട്ടങ്ങളോടുകൂടിയാണെങ്കിൽ; | അഞ്ഞൂറ് രൂപ |
| | (ബി) അങ്ങനെ ചട്ടങ്ങളോടുകൂടിയല്ലെങ്കിൽ. | ആയിരം രൂപ |
| | ** ** ** | ** |

| (1) | (2) | (3) |
|---|---|---|
| 50 | ജാമ്യക്കച്ചീട്ടോ, പണയാധാരമോ, വല്ല ഉദ്യോഗവും ശരിയായി നടത്തുന്നതിലേക്കോ, ആ ഉദ്യോഗംമൂലം കൈവശം വരുന്ന പണത്തിനോ മറ്റു മുതലിനോ കണക്കു പറയുവാനോ, ഉറപ്പിനായി എഴുതിക്കൊടുക്കുന്നതോ അല്ലെങ്കിൽ ഒരു കരാറുപ്രകാരം ക്രമമായി പ്രവർത്തിക്കാൻ ഉറപ്പിനായി ഒരു ജാമ്യക്കാരൻ എഴുതിക്കൊടുക്കുന്നതോ— | |
| | (എ) ഉറപ്പിക്കപ്പെട്ട സംഖ്യ 1,000 രൂപയിൽ കവിഞ്ഞാൽ, | ഉറപ്പിക്കപ്പെട്ട സംഖ്യയ്ക്കു ഓരോ നൂറ് രൂപയ്ക്കും അതിന്റെ ഭാഗത്തിനും അഞ്ച് രൂപ വീതം |
| | (ബി) മറ്റുവല്ല സംഗതിയിലും | നൂറ് രൂപ |
| | ** ** ** | ** |

## 1960-ലെ കേരള തോട്ടം ഭൂമി നികുതി ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

## (1960-ലെ 17-ാം ആക്റ്റ്)

** ** ** **

3. തോട്ടം ഭൂമി നികുതി ചുമത്തൽ.—(1) 1960 ഏപ്രിൽ 1-ാം തീയതിയിലും ആ തീയതി മുതൽക്കും ആരംഭിക്കുന്ന ഏതൊരു സാമ്പത്തിക വർഷത്തേക്കും, ഒരാൾ കൈവശം വച്ചിരിക്കുന്ന തോട്ടം ഭൂമികളിലടങ്ങിയ ഭൂമികളെ സംബന്ധിച്ച് വില കണക്കാക്കിയ തത്തുല്യ തീയതിയിൽ 1-ാം പട്ടികയിൽ പ്രത്യേകം പറഞ്ഞ നിരക്കുകളിൽ ഒരു അധിക നികുതി (ഇതിനുശേഷം പ്ലാന്റേഷൻ നികുതി എന്നാണ് പറയപ്പെടുക) ഈ ആക്റ്റിൽ അടങ്ങിയ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി ചുമത്തേണ്ടതും, അങ്ങനെയുള്ള തോട്ടം ഭൂമികൾ കൈവശം വയ്ക്കുന്നയാൾ തോട്ടം ഭൂമി നികുതി നല്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാകുന്നു.

** ** ** **

# 1963-ലെ കേരള പൊതു വിൽപ്പന നികുതി ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

## (1963-ലെ 15)

** ** ** **

5. സാധനങ്ങൾ വിൽക്കുന്നതിന് നികുതി ചുമത്തൽ.—(1) ഒരു വർഷത്തെ മൊത്ത വിൽപ്പന തുക രണ്ട് ലക്ഷം രൂപയിൽ കുറയാത്ത ഏതൊരു വ്യാപാരിയും (വല്ലപ്പോഴും വ്യാപാരം ചെയ്യുന്ന ആളോ, നിവാസേതര വ്യാപാരിയുടെ ഏജന്റോ, കേന്ദ്രസർക്കാരോ കേരള സർക്കാരോ മറ്റ് ഏതെങ്കിലും സംസ്ഥാനത്തെ സർക്കാരോ, ഏതെങ്കിലും കേന്ദ്രഭരണപ്രദേശമോ ഏതെങ്കിലും തദ്ദേശാധികാര സ്ഥാനമോ അല്ലാത്ത) ആ വർഷത്തെ മൊത്ത വിൽപ്പന തുക എത്രയായിരുന്നാലും വല്ലപ്പോഴും വ്യാപാരം ചെയ്യുന്ന ഏതൊരാളും, നിവാസേതര വ്യാപാരിയുടെ ഏജന്റും, കേന്ദ്രസർക്കാരും, കേരള സർക്കാരും മറ്റ് ഏതെങ്കിലും സംസ്ഥാനത്തെ സർക്കാരും കേന്ദ്രഭരണ പ്രദേശമോ ഏതെങ്കിലും തദ്ദേശാധികാര സ്ഥാനവും തങ്ങളുടെ ആ വർഷത്തെ മൊത്ത വിൽപ്പന തുക എത്രതന്നെയാകിലും ആ വർഷത്തേക്കുള്ള നികുതിക്ക് വിധേയമായ മൊത്ത വിൽപ്പന തുകയിന്മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള സാധനങ്ങൾക്ക്, അപ്രകാരമുള്ള സാധനങ്ങൾക്കുനേരെ പറഞ്ഞിട്ടുള്ള നിരക്കിൽ നികുതി നൽകേണ്ടതാണ്,—

** ** ** **

5 ഡി. അധിക വിൽപ്പന നികുതി ചുമത്തൽ.—5-ാം വകുപ്പും 5 എ വകുപ്പും പ്രകാരം നൽകേണ്ടുന്ന നികുതി പ്രസ്തുത വകുപ്പുകൾ പ്രകാരം നൽകേണ്ട നികുതിയുടെ പതിനഞ്ച് ശതമാനം നിരക്കിൽ ഒരു അധിക വിൽപ്പന നികുതി മുഖേന വർദ്ധിപ്പിക്കേണ്ടതാണ്.

എന്നാൽ ഈ വകുപ്പുപ്രകാരമുള്ള ഏതൊരു അധിക നികുതിയും പട്ടികയിലെ 1-ാം ക്രമനമ്പരിൽ (ii) (iv) എന്നീ ഉപഇനങ്ങളിൽ ഉൾപ്പെടുന്ന ഹൈസ്പീഡ് ഡീസൽ ഓയിൽ, പെട്രോൾ എന്നിവയുടെയും 2-ാം ക്രമനമ്പരിൽ ഉൾപ്പെടുന്ന വിദേശമദ്യത്തിന്റെയും നികുതിയിന്മേൽ ചുമത്തുവാൻ പാടുള്ളതല്ല.

** ** ** **

# 1976-ലെ മോട്ടോർ വാഹന നികുതി ചുമത്തൽ ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

## (1976-ലെ 19)

** ** ** **

3. നികുതി ചുമത്തൽ.— (1) ഈ ആക്റ്റിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി ഈ ആക്റ്റ് നടപ്പിൽ വരുന്ന തീയതിയിലും അന്നുമുതൽക്കും സംസ്ഥാനത്ത് ഉപയോഗിച്ചു വരുന്നതോ അഥവാ ഉപയോഗത്തിനായി സൂക്ഷിക്കപ്പെട്ടിരിക്കുന്നതോ ആയ എല്ലാ മോട്ടോർ വാഹനങ്ങൾക്കും പട്ടികയിൽ പ്രസ്തുത വാഹനത്തിന് കാണിച്ചിരിക്കുന്ന നികുതി ചുമത്തേണ്ടതാണ്.

** ** ** **

(6) ഏതു മോട്ടോർ വാഹനങ്ങളെ സംബന്ധിച്ചാണോ കേരള സർക്കാരും മറ്റേതെങ്കിലും സംസ്ഥാന സർക്കാരും തമ്മിൽ നികുതി ചുമത്തൽ സംബന്ധിച്ച് പരസ്പരം ഇടപാടുകൾ ചെയ്തിട്ടുള്ളത് അങ്ങനെയുള്ള വാഹനങ്ങളുടെ സംഗതിയിൽ നികുതി ചുമത്തൽ, ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രസ്തുത പരസ്പര ഇടപാടുകളിലെ തിട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിട്ടായിരിക്കേണ്ടതാണ്:

എന്നാൽ അപ്രകാരമുള്ള ഏതൊരു പരസ്പര ഇടപാടിലേയും തിട്ടങ്ങളും വ്യവസ്ഥകളും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അതിന്റെ ഒരു പകർപ്പ് സംസ്ഥാന നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതുമാണ്.

** ** ** **

### പട്ടിക

[വകുപ്പ് 3(1) കാണുക]

| *ക്രമ നമ്പർ* | *വാഹനത്തിന്റെ തരം* | *ത്രൈമാസ നികുതി നിരക്ക് (രൂപയിൽ)* |
|---|---|---|
| (1) | (2) | (3) |
| 1 | മോട്ടോർ സൈക്കിളുകൾ (യന്ത്രശക്തിയാൽ അവ ചലിപ്പിക്കുന്നതിനുള്ള കൂട്ടിച്ചേർക്കലുകളോടുകൂടിയ മോട്ടോർ സ്കൂട്ടറുകളും സൈക്കിളുകളും ഉൾപ്പെടെ) | 45.00 |
| 2 | ചരക്കുകളുടെയോ യാത്രക്കാരുടെയോ ഗതാഗതത്തിന് ഉപയോഗിക്കുന്നതല്ലാത്ത ത്രിചക്ര വാഹനം (യന്ത്രശക്തിയാൽ അവ ചലിപ്പിക്കുന്നതിനുള്ള കൂട്ടിച്ചേർക്കലുകളോടുകൂടിയ ത്രിചക്ര സൈക്കിളുകളും സൈക്കിൾ റിക്ഷകളും ഉൾപ്പെടെ) | 45.00 |
| | ** ** ** ** | |
| 13 | (1) ജനറേറ്റർ വാൻ/കംപ്രസർ/റിംഗ് | |
| | (എ) ലൈറ്റ് മോട്ടോർ വെഹിക്കിൾ | 1000.00 |
| | (ബി) മീഡിയം മോട്ടോർ വെഹിക്കിൾ | 1500.00 |
| | (സി) ഹെവി മോട്ടോർ വെഹിക്കിൾ | 2000.00 |

## അനുബന്ധം I

# ഒറ്റത്തവണ നികുതി

[3(1) വകുപ്പിന്റെ ക്ലിപ്പ് നിബന്ധന കാണുക]

| ക്രമ നമ്പർ | വാഹനത്തിന്റെ വിഭാഗം | ഒറ്റത്തവണ നികുതി നിരക്ക് |
|---|---|---|
| (1) | (2) | (3) |
| എ | ചരക്കുകളുടെയോ യാത്രക്കാരുടെയോ ഗതാഗതത്തിന് ഉപയോഗിക്കുന്നതല്ലാത്ത പുതിയ മോട്ടോർ സൈക്കിളുകളും (മോട്ടോർ സ്കൂട്ടറുകളും യന്ത്രശക്തിയിൽ അത് ചലിപ്പിക്കുന്നതിനുള്ള കൂട്ടിച്ചേർക്കലുകളോടുകൂടിയ സൈക്കിളുകളും ഉൾപ്പെടെ) ത്രിചക്ര വാഹനങ്ങളും (ട്രൈസൈക്കിളുകളും യന്ത്രശക്തിയിൽ അത് ചലിപ്പിക്കുന്നതിനുള്ള കൂട്ടിച്ചേർക്കലുകളോടുകൂടിയ സൈക്കിൾ റിക്ഷകളും ഉൾപ്പെടെ) വ്യക്തിപരമായ ഉപയോഗത്തിനുള്ള സ്വകാര്യ സർവ്വീസ് വാഹനവും (എൻ.റ്റി.വി.), മോട്ടോർ കാറുകളും മോട്ടോർ ക്യാബുകളും ടൂറിസ്റ്റ് മോട്ടോർ ക്യാബുകളും നിർമ്മാണോപകരണ വാഹനങ്ങളും | |
| | 1. ക്രയമൂല്യം ഒരു ലക്ഷം രൂപ വരെയുള്ള മോട്ടോർ സൈക്കിളുകളും (മോട്ടോർ സ്കൂട്ടറുകളും യന്ത്രശക്തിയാൽ അത് ചലിപ്പിക്കുന്നതിനുള്ള കൂട്ടിച്ചേർക്കലുകളോടുകൂടിയ സൈക്കിളുകളും ഉൾപ്പെടെ) സൈഡ് കാറോടു കൂടിയതോ അല്ലാത്തതോ അല്ലെങ്കിൽ ട്രയിലറിൽ ഘടിപ്പിച്ചിരിക്കുന്നതോ ആയ എല്ലാത്തരത്തിലുമുള്ള ബൈസൈക്കിളുകളും | വാഹനത്തിന്റെ ക്രയമൂല്യത്തിന്റെ 6% |
| | 2. ക്രയമൂല്യം ഒരു ലക്ഷം രൂപയിൽ കൂടുതലുള്ള മോട്ടോർ സൈക്കിളുകളും (മോട്ടോർ സ്കൂട്ടറുകളും യന്ത്ര ശക്തിയാൽ അത് ചലിപ്പിക്കുന്നതിനുള്ള കൂട്ടിച്ചേർക്കലുകളോടുകൂടിയ സൈക്കിളുകളും ഉൾപ്പെടെ) സൈഡ് കാറോടു കൂടിയതോ അല്ലാത്തതോ അല്ലെങ്കിൽ ട്രയിലറിൽ ഘടിപ്പിച്ചിരിക്കുന്നതോ ആയ എല്ലാത്തരത്തിലുമുള്ള ബൈസൈക്കിളുകളും | വാഹനത്തിന്റെ ക്രയമൂല്യത്തിന്റെ 8% |
| | 3. ചരക്കുകളുടെയോ യാത്രക്കാരുടെയോ ഗതാഗതത്തിന് ഉപയോഗിക്കുന്നതല്ലാത്ത ത്രിചക്ര വാഹനങ്ങൾ (ട്രൈസൈക്കിളുകളും യന്ത്രശക്തിയാൽ അത് ചലിപ്പിക്കുന്നതിനുള്ള കൂട്ടിച്ചേർക്കലുകളോടുകൂടിയ സൈക്കിൾ റിക്ഷകളും ഉൾപ്പെടെ) | വാഹനത്തിന്റെ ക്രയമൂല്യത്തിന്റെ 6% |
| ** | ** ** | ** |

അനുബന്ധം II

## മൊത്തം നികുതി തുക

[3(1), 4(1) എന്നീ വകുപ്പുകളുടെ ക്ലിപ്ത നിബന്ധനകൾ കാണുക]

| ക്രമ നമ്പർ | വാഹനത്തിന്റെ വിഭാഗം | 5 വർഷത്തേക്കുള്ള നികുതി നിരക്ക് (രൂപയിൽ) |
|---|---|---|
| (1) | (2) | (3) |
| എ | പഴയ മോട്ടോർ സൈക്കിളുകളും (യന്ത്രശക്തിയാൽ അവ ചലിപ്പിക്കുന്നതിനുള്ള കൂട്ടിച്ചേർക്കലുകളോടുകൂടിയ മോട്ടോർ സ്കൂട്ടറുകളും സൈക്കിളുകളും ഉൾപ്പെടെ) സൈഡ് കാറോടുകൂടിയതോ അല്ലാത്തതോ അല്ലെങ്കിൽ ട്രയിലറിൽ ഘടിപ്പിച്ചിരിക്കുന്നതോ ആയ എല്ലാത്തരത്തിലുമുള്ള ബൈസൈക്കിളുകളും | 900 |
| ബി | ചരക്കുകളുടെയോ യാത്രക്കാരുടെയോ ഗതാഗതത്തിന് ഉപയോഗിക്കുന്നതല്ലാത്ത ത്രിചക്രവാഹനങ്ങൾ (ട്രൈ സൈക്കിളുകളും . യന്ത്രശക്തിയാൽ അത് ചലിപ്പിക്കുന്നതിനുള്ള കൂട്ടിച്ചേർക്കലുകളോടുകൂടിയ സൈക്കിൾ റിക്ഷകളും ഉൾപ്പെടെ) | 900 |
| സി | പുതിയ ആട്ടോറിക്ഷകളും 2010 ഏപ്രിൽ 1-നോ അതിനുശേഷമോ മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യുകയും കേരള സംസ്ഥാനത്തേക്ക് കൊണ്ടുവരികയും ചെയ്തിട്ടുള്ള ആട്ടോറിക്ഷകളും | 2000 |
| ഡി | മോട്ടോർ ക്യാബുകൾ | 7000 |
| ഇ | ടൂറിസ്റ്റ് മോട്ടോർ ക്യാബുകൾ | 8500 |
| എഫ് | ലോഡ് കൂടാതെയുള്ള ഭാരം (യു.എൽ.ഡബ്ല്യു.) 750 കിലോഗ്രാമിൽ കവിയാത്ത മോട്ടോർ കാറുകൾ | 6400 |
| ജി | ലോഡ് കൂടാതെയുള്ള ഭാരം (യു.എൽ.ഡബ്ല്യു.) 750 കിലോഗ്രാമിൽ കവിഞ്ഞതും എന്നാൽ 1500 കിലോഗ്രാമിൽ കവിയാത്തതുമായ മോട്ടോർ കാറുകൾ | 8600 |

| (1) | (2) | (3) |
|---|---|---|
| എച്ച് | ലോഡ് കൂടാതെയുള്ള ഭാരം (യു.എൽ.ഡബ്ല്യു.) 1500 കിലോഗ്രാമിൽ കൂടുതലുള്ള മോട്ടോർ കാറുകൾ | 10600 |
| (i) | 300 കിലോഗ്രാമിൽ കവിയാത്ത മോട്ടോർ സൈക്കിൾ ട്രക്കുകൾ | 2700 |
| (ii) | ജി. വി. ഡബ്ല്യു 1000 കിലോഗ്രാമിൽ കവിയാത്ത ഗുഡ്സ് ക്യാരിയേജുകൾ | 4400 |
| (iii) | ജി. വി. ഡബ്ല്യു 1000 കിലോഗ്രാമിൽ കവിയുന്നതും എന്നാൽ 1500 കിലോഗ്രാമിൽ കവിയാത്തതുമായ ഗുഡ്സ് ക്യാരിയേജുകൾ | 8400 |
| (iv) | ജി. വി. ഡബ്ല്യു 1500 കിലോഗ്രാമിൽ കവിയുന്നതും എന്നാൽ 2000 കിലോഗ്രാമിൽ കവിയാത്തതുമായ ഗുഡ്സ് ക്യാരിയേജുകൾ | 11000 |
| (v) | ജി. വി. ഡബ്ല്യു 2000 കിലോഗ്രാമിൽ കവിയുന്നതും എന്നാൽ 3000 കിലോഗ്രാമിൽ കവിയാത്തതുമായ ഗുഡ്സ് ക്യാരിയേജുകൾ | 14100 |

# 1976-ലെ കേരള ആഡംബരങ്ങളിൽമേലുള്ള നികുതി ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ (1976-ലെ 32)

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

** ** ** **

(ഐഎ) "സർവ്വീസ്ഡ് അപ്പാർട്ട്മെന്റ്" എന്നാൽ ഹോട്ടൽ താമസത്തിന് പകരമായി ധനപരമായ പ്രതിഫലത്തിന്, അതിഥികളുടെ ഹ്രസ്വകാല താമസത്തിന് ലഭ്യമാകുന്നതും ദൈനംദിന ഉപയോഗത്തിനുള്ള സൗകര്യങ്ങളും സേവനങ്ങളും നൽകുന്നതുമായ ഒരു സജ്ജീകരിച്ച അപ്പാർട്ട്മെന്റ് എന്നർത്ഥമാകുന്നു.";

** ** ** **

4. ആഡംബര നികുതി ചുമത്തുകയും പിരിക്കുകയും ചെയ്യൽ.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഏതെങ്കിലും ആഡംബരം,—

(i) ഒരു ഹോട്ടലിലോ, ഹൗസ്ബോട്ടിലോ, ഹാളിലോ, ആഡിറ്റോറിയത്തിലോ, കല്യാണമണ്ഡപത്തിലോ അല്ലെങ്കിൽ ഹോട്ടലുകളും ക്ലബ്ബുകളും കല്യാണമണ്ഡപവും അതുപോലെയുള്ള സ്ഥലങ്ങളോട് ചേർന്നുള്ളതുൾപ്പെടെ താമസസൗകര്യത്തിനായി വാടകയ്ക്ക് കൊടുത്തിട്ടുള്ളതോ പൊതു/സ്വകാര്യ എക്സിബിഷൻ മുതലായ ചടങ്ങുകൾ നടത്തുന്നതിന് ഉപയോഗിക്കുന്നതോ;

(ii) ഡയറക്ട്-റ്റു-ഹോം (ഡി.റ്റി.എച്ച്.) സേവനദാതാവിനാലും;

(iia) ഒരു സർവ്വീസ്ഡ് അപ്പാർട്ട്മെന്റിലും;

** ** ** **

(2) ആഡംബര നികുതി ചുമത്തേണ്ടതും ഈടാക്കേണ്ടതും,—

(എ) ഒരു ഹോട്ടലിനെ സംബന്ധിച്ചിടത്തോളം, ഭക്ഷണവും മദ്യവും ഒഴികെ ഒരു ഹോട്ടലിൽ നൽകുന്ന താമസ സൗകര്യത്തിനും മറ്റു സൗകര്യങ്ങൾക്കും സേവനങ്ങൾക്കും,—

** ** ** **

(ഡി) സർവ്വീസ്ഡ് അപ്പാർട്ട്മെന്റുകൾ സംബന്ധിച്ച്, താമസ സൗകര്യത്തിനും ഏർപ്പെടുത്തിയിട്ടുള്ള മറ്റു സൗകര്യങ്ങൾക്കും സേവനങ്ങൾക്കും പന്ത്രണ്ടര ശതമാനം നിരക്കിൽ.

(ഇ) ഒരു ആശുപത്രിയെ സംബന്ധിച്ച് താമസസൗകര്യത്തിനും മറ്റ് സുഖസൗകര്യങ്ങൾക്കും നൽകുന്ന സേവനങ്ങൾക്കുമുള്ള മൊത്തം ചാർജ്ജുകൾ ആഹാരത്തിന്റെയും, മരുന്നിന്റെയും വൃത്തിപരമായ സേവനങ്ങളുടെയും ചെലവുകൾ ഒഴികെ ഓരോ ദിവസത്തിനും ആയിരം രൂപയോ അതിൽ കൂടുതലോ ചാർജ് ചെയ്യുന്നിടത്ത് ഓരോ മുറിക്കും 10 ശതമാനം നിരക്കിലും.

** ** ** **

4 ബി. ഹോട്ടലുകളുടെ രജിസ്ട്രേഷൻ.—(1) അഞ്ച് മുറികളിൽ കുറയാതെ, താമസത്തിനു വേണ്ടിയോ, മറ്റു വിധത്തിലോ വാടകയ്ക്ക് നൽകുന്ന ഹോട്ടലുടമയും, ഹൗസ് ബോട്ട്, ഹാൾ, ആഡിറ്റോറിയം, കല്യാണമണ്ഡപം, അതുപോലുള്ള സ്ഥലം എന്നിവയുടെ ഉടമയും ഈ ആക്റ്റ് പ്രകാരം തങ്ങളുടെ ഹോട്ടൽ, ഹൗസ് ബോട്ട്, ഹാൾ, ആഡിറ്റോറിയം, കല്യാണമണ്ഡപം അതുപോലെയുള്ള സ്ഥലങ്ങൾ എന്നിവ രജിസ്റ്റർ ചെയ്യേണ്ടതും, വർഷാവർഷം പുതുക്കേണ്ടതുമാണ്.

എന്നാൽ മതസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ആരാധനാലയങ്ങളുടെ പരിസരത്ത് സ്ഥിതിചെയ്യുന്നതുമായ ഹാളുകളും ആഡിറ്റോറിയങ്ങളും ഈ ആക്റ്റിൻകീഴിൽ രജിസ്റ്റർ ചെയ്യേണ്ട ബാദ്ധ്യത ഉണ്ടായിരിക്കുന്നതല്ല.

(2) രജിസ്റ്റർ ചെയ്യുന്നതിനോ പുതുക്കുന്നതിനോ ഉള്ള ഒരപേക്ഷ നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള അധികാരസ്ഥാനത്തിന് അപ്രകാരമുള്ള രീതിയിലും കാലയളവിനുള്ളിലും നൽകേണ്ടതും താഴെ നിർദ്ദേശിക്കുന്ന ഫീസ് സഹിതം ആയിരിക്കേണ്ടതുമാണ്.

| | | |
|---|---|---|
| (എ) | നക്ഷത്ര ഹോട്ടലുകൾ | ആറായിരത്തി ഇരുന്നൂറ്റി അൻപത് രൂപ |
| (ബി) | നക്ഷത്ര ഹോട്ടലുകൾ അല്ലാത്ത ഹോട്ടലുകൾ,— | |
| (i) | ഒരു മുനിസിപ്പൽ കോർപ്പറേഷന്റെ പ്രാദേശിക പരിധിക്കുള്ളിൽ | ആയിരത്തി ഇരുന്നൂറ്റി അൻപത് രൂപ |
| (ii) | ഒരു മുനിസിപ്പൽ കൗൺസിലിന്റെയോ ടൗൺഷിപ്പിന്റെയോ എന്തു പേരിൽ അറിയപ്പെട്ടാലും— പ്രാദേശിക പരിധിക്കുള്ളിൽ | ആയിരം രൂപ |
| (iii) | ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രാദേശിക പരിധിക്കുള്ളിൽ | എഴുനൂറ്റി അമ്പത് രൂപ |

(സി) ഹാളുകൾ, ആഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ തുടങ്ങിയവ,—

| | | |
|---|---|---|
| (i) | ഒരു മുനിസിപ്പൽ കോർപ്പറേഷന്റെ പ്രാദേശിക പരിധിക്കുള്ളിൽ | ആയിരം രൂപ |
| (ii) | ഒരു മുനിസിപ്പൽ കൗൺസിലിന്റെയോ ടൗൺ ഷിപ്പിന്റെയോ എന്തു പേരിൽ അറിയപ്പെട്ടാലും— പ്രാദേശിക പരിധിക്കുള്ളിൽ | എഴുന്നൂറ്റി അമ്പത് രൂപ |
| (iii) | ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രാദേശിക പരിധിക്കുള്ളിൽ | അഞ്ഞൂറ് രൂപ |

4 സി. ഹൗസ് ബോട്ടുകളുടെ രജിസ്ട്രേഷൻ.—(1) താമസസൗകര്യത്തിനോ ഉല്ലാസജലസവാരിക്കോവേണ്ടി ഹൗസ് ബോട്ട് വാടകയ്ക്ക് നൽകുന്ന ഓരോ ഉടമസ്ഥനും തന്റെ ഹൗസ് ബോട്ട് രജിസ്റ്റർ ചെയ്യേണ്ടതും വർഷംതോറും പുതുക്കേണ്ടതുമാണ്.

(2) അത് രജിസ്റ്റർ ചെയ്യുന്നതിനോ പുതുക്കുന്നതിനോ ഉള്ള ഒരപേക്ഷ, നിർണ്ണയിക്കപ്പെട്ടപ്രകാരമുള്ള അധികാരസ്ഥാനത്തിന് അപ്രകാരമുള്ള രീതിയിലും അങ്ങനെയുള്ള കാലയളവിനുള്ളിലും, ഓരോ ബോട്ടിനും പ്രതിവർഷം, അതത് സംഗതിപോലെ, രജിസ്ട്രേഷൻ ഫീസായ ആയിരം രൂപ അഥവാ പുതുക്കൽ ഫീസായ അഞ്ഞൂറ് രൂപ സഹിതവും സമർപ്പിക്കേണ്ടതാണ്.";

** ** ** **

4 ഇ. ആശുപത്രികളുടെ രജിസ്ട്രേഷൻ.—രോഗികളുടെ ചികിത്സക്കോ അല്ലെങ്കിൽ മറ്റ് വിധത്തിൽ താമസത്തിനായി വാടകയ്ക്ക് കൊടുക്കാവുന്ന കുറഞ്ഞത് അഞ്ച് മുറികളുള്ള, ആഹാരത്തിനും, മരുന്നിനും, വൃത്തിപരമായ സേവനത്തിനും ഉള്ള ചാർജുകൾ ഒഴികെ, ഓരോ മുറിയ്ക്കും ആയിരം രൂപയോ അതിൽ കൂടുതലോ മൊത്തം ചാർജുള്ള എല്ലാ ആശുപത്രിയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അങ്ങനെയുള്ള അധികാരസ്ഥാനത്തിൽ സ്വയം രജിസ്റ്റർ ചെയ്യപ്പെടേണ്ടതും, രജിസ്ട്രേഷനുള്ള അപേക്ഷയോടൊപ്പം ആയിരം രൂപ രജിസ്ട്രേഷൻ ഫീസായി നൽകേണ്ടതുമാണ്. രജിസ്ട്രേഷൻ ഒരു വർഷക്കാലയളവിലേക്കുള്ളതും അത് വർഷംതോറും പുതുക്കേണ്ടതുമാണ്.

4 എഫ്. ഹോം സ്റ്റേകളുടെ രജിസ്ട്രേഷൻ.—നല്കുന്ന മറ്റ് സൗകര്യങ്ങൾ ഉൾപ്പെടെ താമസക്കൂലി ആയിരം രൂപയോ അതിൽ കൂടുതലോ വരുന്നിടത്ത് ഹോം സ്റ്റേയുടെ ഓരോ പ്രൊപ്രൈറ്ററും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അങ്ങനെയുള്ള അധികാരസ്ഥാനത്തിൽ തന്റെ ഹോം സ്റ്റേ രജിസ്റ്റർ ചെയ്യേണ്ടതും, രജിസ്ട്രേഷനുള്ള അപേക്ഷയോടൊപ്പം ആയിരം രൂപ രജിസ്ട്രേഷൻ ഫീസായി നൽകേണ്ടതുമാണ്. രജിസ്ട്രേഷൻ ഒരു വർഷക്കാലയളവിലേക്കുള്ളതും അത് വർഷംതോറും പുതുക്കേണ്ടതുമാണ്.

4 ജി. <u>സർവ്വീസ്ഡ് അപ്പാർട്ട്മെന്റുകളുടെ രജിസ്ട്രേഷൻ.</u>—ഒരു ജില്ലയിലെ ഒരു സർവ്വീസ്ഡ് അപ്പാർട്ട്മെന്റിന്റെ ഓരോ ഉടമയും അപ്പാർട്ട്മെന്റ് ഒന്നിന് ആയിരം രൂപയുടെ രജിസ്ട്രേഷൻ ഫീയോടൊപ്പം അയാളുടെ സർവ്വീസ്ഡ് അപ്പാർട്ട്മെന്റ് ഈ ആക്റ്റ് പ്രകാരമുള്ള അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യിക്കേണ്ടതാണ്. ഹോട്ടലുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച മറ്റ് നടപടിക്രമങ്ങൾ ഈ സംഗതിയിൽ ബാധകമാകുന്നതാണ്. രജിസ്ട്രേഷൻ ഒരു വർഷക്കാലത്തേക്കായിരിക്കുന്നതും വർഷംതോറും പുതുക്കേണ്ടതുമാണ്.

** ** ** **

7 എ. <u>അപ്പലേറ്റ് ട്രൈബ്യൂണലിനു നൽകുന്ന അപ്പീൽ.</u>—17 എ വകുപ്പ് അല്ലെങ്കിൽ 13-ാം വകുപ്പിന്റെ (8)-ാം ഉപവകുപ്പ്, 12A വകുപ്പിന്റെ (7)-ഉം (8)-ഉം ഉപവകുപ്പും 6-ാം വകുപ്പും പ്രകാരം ചുമത്തിയ ശിക്ഷ അല്ലെങ്കിൽ അസ്സസ്സ്മെന്റ് നടത്തിയ ഒരു ഉത്തരവ് പ്രകാരം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും, അല്ലെങ്കിൽ ഇതിലേക്കായി സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള ഏതൊരു ഉദ്യോഗസ്ഥനും 7-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം അപ്പലേറ്റ് അതോറിറ്റി പാസ്സാക്കിയ ഒരു ഉത്തരവിനെപ്പറ്റി ആക്ഷേപമുള്ള മറ്റേതൊരാളിനും (നിർണ്ണയിക്കപ്പെടുന്ന രീതിയിൽ) ആ ഉത്തരവ് തനിക്ക് നൽകിയിട്ടുള്ള തീയതി മുതൽ അറുപത് ദിവസത്തിനകം അങ്ങനെയുള്ള ഉത്തരവിനെതിരായി നിർണ്ണയിക്കപ്പെടുന്ന രീതിയിൽ അസാധുവാക്കുന്നതിനോ അസസ്സ്മെന്റിന് ഭേദഗതി വരുത്തുന്നതിനോ, ശിക്ഷയ്ക്കോ അപ്പലേറ്റ് ട്രൈബ്യൂണലിനു മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ് :

എന്നാൽ, പ്രസ്തുത സമയത്തിനുള്ളിൽ അപ്പീൽ ബോധിപ്പിക്കാതിരുന്നതിന് അപ്പീലന്യായക്കാരന് മതിയായ കാരണമുണ്ടായിരുന്നു എന്ന് അപ്പലേറ്റ് ട്രൈബ്യൂണലിന് ബോധ്യമാകുന്നപക്ഷം പ്രസ്തുത സമയം അവസാനിച്ചതിനുശേഷം ബോധിപ്പിക്കുന്ന ഒരു അപ്പീൽ അപ്പലേറ്റ് ട്രൈബ്യൂണലിന് സ്വീകരിക്കാവുന്നതാണ്.

** ** ** **

(5) ഈ ആക്റ്റ് പ്രകാരം ഏതെങ്കിലും അപ്പലേറ്റ് അതോറിറ്റിയുടെ മുമ്പാകെ തീർപ്പാകാതെയിരിക്കുന്ന എല്ലാ അപ്പീലുകളും, ഇടക്കാല അപേക്ഷകൾ, ഏതെങ്കിലുമുണ്ടെങ്കിൽ, അവ സഹിതം, ഈ വ്യവസ്ഥയുടെ പ്രാരംഭ തീയതി മുതൽ അപ്പലേറ്റ് ട്രൈബ്യൂണലിലേക്ക് മാറ്റപ്പെട്ടതായും അവ അപ്പലേറ്റ് ട്രൈബ്യൂണലിന്റെ മുമ്പാകെ ബോധിപ്പിച്ച അപ്പീൽ ആയിരുന്നാലെന്നപോലെ അപ്പലേറ്റ് ട്രൈബ്യൂണൽ പരിഗണിക്കുകയും ചെയ്യേണ്ടതാണ്.

** ** ** **

## 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

## (2004-ലെ 30)

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം.—

(i) വ്യാകരണപരമായ എല്ലാ വ്യതിയാനങ്ങളും സമാനപ്രഭവമായ എല്ലാ പ്രയോഗങ്ങളും സഹിതം 'കൃഷി' എന്നതിൽ, പുഷ്പകൃഷി വളർത്തൽ, തോട്ടകൃഷി, ധാന്യവിളകളോ കാലിത്തീറ്റപ്പുല്ലോ, തോട്ടഉല്പന്നമോ ഉല്പാദിപ്പിക്കൽ, കൂടാതെ കാലിമേച്ചിൽ എന്നിവ ഉൾപ്പെടുന്നതും, എന്നാൽ അതിൽ ഡയറിഫാമിംഗ്, കോഴി വളർത്തൽ, കന്നുകാലി വളർത്തൽ, തടിയോ കാലിത്തീറ്റപ്പുല്ലോ മുറിക്കൽ, പഴവർഗ്ഗം ശേഖരിക്കൽ, മനുഷ്യനിർമ്മിത വനം വളർത്തൽ, അല്ലെങ്കിൽ തൈകളോ ചെടികളോ വളർത്തൽ എന്നിവ ഉൾപ്പെടാത്തതുമാകുന്നു.

** ** ** **

(xxvii) "മോട്ടോർ സ്പിരിട്ട്" എന്നാൽ സ്വയം പ്രവർത്തകമോ നിശ്ചലമോ ആയ അന്തർദഹന യന്ത്രങ്ങൾക്ക് ന്യായമായവിധം കാര്യക്ഷമമായ തോതിൽ ഇന്ധനം കൊടുക്കുവാൻ നേരിട്ടോ മറ്റുവിധത്തിലോ സ്വതേതന്നെയോ അല്ലെങ്കിൽ മറ്റു വസ്തുക്കളോട് കൂട്ടിച്ചേർത്തോ സാധാരണയായി ഉപയോഗിക്കപ്പെടുന്ന ഏതെങ്കിലും വസ്തു എന്നർത്ഥമാകുന്നതും അതിൽ പെട്രോൾ, ഡീസൽ എണ്ണ, മറ്റ് അന്തർദഹന എണ്ണകൾ എന്നിവ ഉൾപ്പെടുന്നതും മണ്ണെണ്ണ, ഫർണസ് ഓയിൽ, കൽക്കരി, അല്ലെങ്കിൽ കരി ഉൾപ്പെടാത്തതുമാകുന്നു;

** ** ** **

(li) "മൊത്തം വിറ്റുവരവ്" എന്നാൽ ഒരു വ്യാപാരി സംസ്ഥാനത്ത് താൻ വ്യാപാരം ചെയ്യുന്ന എല്ലാ സ്ഥലങ്ങളിൽ നിന്നും എല്ലാ ചരക്കുകളും വിറ്റഴിച്ച് ഒരുമിച്ചുകൂട്ടുന്ന മൊത്തം വരവ്, അതു മുഴുവനായോ ഭാഗികമായോ നികുതിക്കു വിധേയമായിരുന്നാലും അല്ലെങ്കിലും എന്നർത്ഥമാകുന്നതും അന്തർസംസ്ഥാന കച്ചവടത്തിനോ വാണിജ്യത്തിനോ ഇടയിലോ ഇന്ത്യയ്ക്ക് പുറത്തേക്ക് ചരക്കുകൾ കയറ്റുമതി ചെയ്യുന്നതിനിടയിലോ ഇന്ത്യയിലേക്ക് ചരക്കുകൾ ഇറക്കുമതി ചെയ്യുന്നതിനിടയിലോ ഉള്ള വാങ്ങലോ വിൽപ്പനയോ സംബന്ധിച്ച വിറ്റുവരവ് ഇതിൽ ഉൾപ്പെടുന്നതുമാകുന്നു;

** ** ** **

## നികുതി ബാദ്ധ്യതയും ചുമത്തലും

6. ചരക്കുകൾ വിൽക്കുകയോ വാങ്ങുകയോ ചെയ്യുന്നതിന് നികുതി ചുമത്തൽ.—(1) ഒരു വർഷത്തെ മൊത്തം വിറ്റുവരവ് പത്ത് ലക്ഷം രൂപയിൽ കുറയാത്ത ഓരോ വ്യാപാരിയോ ഓരോ ഇറക്കുമതിക്കാരനോ വല്ലപ്പോഴും കച്ചവടം ചെയ്യുന്ന ആളോ നിവാസേതര വ്യാപാരിയുടെ ഏജന്റോ, സ്വർണ്ണം, വെള്ളി, പ്ലാറ്റിനം വിഭാഗത്തിൽപ്പെട്ട ലോഹങ്ങളിലുള്ള ആഭരണങ്ങളുടെ അഥവാ വെള്ളിയിലുള്ള സാധനങ്ങളുടെ വ്യാപാരിയോ കരാറുകാരനോ അല്ലെങ്കിൽ ഏതെങ്കിലും സംസ്ഥാന സർക്കാരോ, കേന്ദ്രസർക്കാരോ, അല്ലെങ്കിൽ ഏതെങ്കിലും കേന്ദ്രഭരണ പ്രദേശത്തെ സർക്കാരോ അതിന്റെ ഏതെങ്കിലും വകുപ്പോ അല്ലെങ്കിൽ ഏതെങ്കിലും തദ്ദേശാധികാര സ്ഥാനമോ ഏതെങ്കിലും സ്വയംഭരണനികായമോ ആ വർഷത്തെ അയാളുടെ മൊത്തം വിറ്റുവരവ് എത്രയായിരുന്നാലും അയാൾ, അയാളുടെ സാധനങ്ങളുടെ വിറ്റുവരവിന് ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്ത പ്രകാരം നികുതി നല്കാൻ ബാദ്ധ്യസ്ഥനാണ്.

(എ) രണ്ടും മൂന്നും പട്ടികകളിൽ വിനിർദ്ദേശിച്ചിട്ടുള്ള ചരക്കുകളുടെ സംഗതിയിൽ, അങ്ങനെയുള്ള ചരക്കുകളുടെ സംസ്ഥാനത്തിനകത്തുനടത്തുന്ന വില്പനയുടെ എല്ലാ ഘട്ടങ്ങളിലും, അവയിൽ വിനിർദ്ദേശിച്ചിട്ടുള്ള നിരക്കുകളിലും, താഴെ വിനിർദ്ദേശിച്ചിരിക്കുന്ന ചരക്കുകളുടെ സംഗതിയിൽ, സംസ്ഥാനത്തിനകത്ത് അങ്ങനെയുള്ള ചരക്കുകളുടെ വില്പനയുടെ എല്ലാ ഘട്ടത്തിലും, (4)-ാം കോളത്തിൽ പറഞ്ഞിരിക്കുന്ന നിരക്കിലും, അതായത്:—

| *ക്രമ നമ്പർ* | *സാധനങ്ങളുടെ വിവരണം* | *എച്ച്.എസ്.എൻ. കോഡ്* | *നികുതി നിരക്കുകൾ ശതമാനത്തിൽ* |
|---|---|---|---|
| (1) | (2) | (3) | (4) |
| (1) | പുകയിലയുടെയോ പുകയിലയ്ക്ക് പകരമുള്ളതിന്റെയോ സിഗാർസ്, ചെറൂട്ട്സ്, സിഗറില്ലോസ്, സിഗററ്റ്സ് | 2402 | 22 |
| (2) | സോഡ ഒഴികെയുള്ള എയ്റേറ്റഡ് ബ്രാൻഡഡ് ലഘുപാനീയങ്ങൾ | *** | 20 |
| (3) | സാധനങ്ങൾ വഹിക്കുന്നതിന് വെസ്റ്റ് ടൈപ്പ് സ്വയം വാഹക സവിശേഷതയുള്ള പോളിപ്രൊപ്പെലിൻ ഉൾപ്പെടെയുള്ള പ്ലാസ്റ്റിക് കൊണ്ടു നിർമ്മിച്ച ക്യാരി ബാഗുകൾ | *** | 20 |
| (3 എ) | പ്ലാസ്റ്റിക് കൊണ്ടു നിർമ്മിച്ച ഡിസ്പോസിബിൾ പ്ലേറ്റുകളും കപ്പുകളും ഇലകളും | *** | 20 |
| (4) | പാൻ മസാല | 2106.90.20 | 22.5 |
| ** | ** | ** | ** |

(എഫ്) കരാർ ജോലി നടത്തുന്നതിനായുള്ള ചരക്കുകളുടെ കൈമാറ്റത്തിന്റെ കാര്യത്തിൽ, കൈമാറ്റം ചരക്കുകളുടെ രൂപത്തിലല്ല എന്നാൽ, മറ്റെന്തെങ്കിലും രൂപത്തിലാണെങ്കിൽ 14.5% നിരക്കിലും കൈമാറ്റം ചരക്കുകളുടെ രൂപത്തിലായിരിക്കുമ്പോൾ അനുബന്ധപ്പെട്ട പട്ടികകൾക്കുകീഴിൽ നിർണ്ണയിച്ചിരിക്കുന്ന നിരക്കിലും:

എന്നാൽ, കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിന്റെ അഡ്മിനിസ്ട്രേറ്റർക്കോ കോഴിക്കോട് ലക്ഷദ്വീപ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷന്റെയോ ലക്ഷദ്വീപ് ഹാർബർ വർക്സിന്റെയോ കേന്ദ്ര ഭരണപ്രദേശമായ ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ സാക്ഷ്യപത്രം നൽകിയ രജിസ്റ്റർ ചെയ്ത വ്യാപാരിക്കും വിൽപ്പന നടത്തുന്നതിന്

(ഡി) ഖണ്ഡപ്രകാരം നൽകേണ്ടതായ നികുതി, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വ്യവസ്ഥകൾക്ക വിധേയമായി, അഞ്ചു ശതമാനം നിരക്കിലായിരിക്കുന്നതാണ്:

എന്നുമാത്രമല്ല 8-ാം വകുപ്പ് (സി) ഖണ്ഡത്തിന്റെ വിശദീകരണത്തിൻകീഴിൽ നിർവ്വചിച്ചിട്ടുള്ള ഒരു ബാർ അറ്റാച്ച്ഡ് ഹോട്ടൽ അല്ലെങ്കിൽ പെട്രോളിയം ഉല്പന്നങ്ങളുടെ ഒരു വ്യാപാരി ഈ ആക്ടിൻകീഴിലുള്ള അതിന്റെ മൊത്തം വിറ്റുവരവും, 1963-ലെ കേരള പൊതുവിൽപ്പന നികുതി ആക്ടിൽ (1963-ലെ 15) കീഴിലുള്ള മൊത്ത വിറ്റുവരവും ചേർന്ന് ഈ ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള പരിധിയിൽ കുറവല്ലാ എങ്കിൽ ഈ ഉപവകുപ്പുപ്രകാരം നികുതി നൽകുന്നതിന് ബാദ്ധ്യസ്ഥന്മാരായിരിക്കുന്നതാണ്:

എന്നുതന്നെയുമല്ല ഇറക്കുമതി ചെയ്യുന്ന ഒരാൾ, വല്ലപ്പോഴും കച്ചവടം ചെയ്യുന്ന ആൾ, നിവാസേതര വ്യാപാരിയുടെ ഏജന്റ്, സ്വർണ്ണം, വെള്ളി, പ്ലാറ്റിനം ഗ്രൂപ്പ് ലോഹങ്ങളുടെയും വെള്ളി സാധനങ്ങളുടെയും വ്യാപാരി, കരാറുകാരൻ, എന്നിവരല്ലാതെയുള്ള ഒരു വ്യാപാരിയുടെ മൊത്തം വിറ്റുവരവ്, ഒരു വർഷത്തിൽ ആദ്യമായി 10 ലക്ഷം രൂപയിൽ കവിയുകയാണെങ്കിൽ 10 ലക്ഷം രൂപയിൽ അധികമുള്ള വിറ്റുവരവിന് മാത്രം ഈ ഉപവകുപ്പ് പ്രകാരം നികുതി നൽകാൻ അയാൾ ബാദ്ധ്യസ്ഥനാകുന്നതും, എന്നാൽ തുടർന്നുള്ള ഏതെങ്കിലും വർഷത്തിൽ, മൊത്തം വിറ്റുവരവ് എത്ര ആയിരുന്നാലും അയാൾ നികുതി നൽകാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്:

എന്നുതന്നെയുമല്ല, കരാർജോലികളെ സംബന്ധിച്ച്,—

സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജനയുടെയോ പാർലമെൻറ് അംഗ/ നിയമസഭാ സാമാജിക ഫണ്ടോ, പ്രകൃതിദുരിതാശ്വാസ ഫണ്ടോ, സർവ്വ ശിക്ഷാ അഭിയാൻ ഫണ്ടോ അല്ലെങ്കിൽ തദ്ദേശ അധികാരസ്ഥാപനങ്ങളുടെ ഫണ്ടോ കമാന്റ് ഏരിയാ വികസന അതോറിറ്റിയുടെയോ ഫണ്ടോ ഉപയോഗിച്ചുകൊണ്ടുള്ള ഗുണഭോക്തൃ സമിതികൾക്ക് കീഴിലും കർഷക ഗുണഭോക്തൃ അസ്സോസിയേഷനുകളോ കർഷക സമിതിയോ മുഖേനയുള്ള ഒ.എഫ്.ഡി. ജോലികൾക്കും ഉള്ള ഓരോ കരാറിനെ സംബന്ധിച്ചും ആകെ തുക പത്ത് ലക്ഷം രൂപയിൽ കവിയാത്തിടത്ത്, മേൽപ്പറഞ്ഞ (എഫ്) ഖണ്ഡത്തിൻകീഴിൽ നൽകേണ്ട നികുതി അഞ്ച് ശതമാനമായിരിക്കേണ്ടതാണ്;

ജലനിധി പദ്ധതിയുടെ (കെ.ആർ.ഡബ്ല്യൂ.എസ്.എ.) കീഴിലുള്ള ഓരോ കരാറിനെ സംബന്ധിച്ചും ആകെ തുക എത്രതന്നെ ആയിരുന്നാലും, മേൽപ്പറഞ്ഞ (എഫ്) ഖണ്ഡത്തിൻകീഴിൽ നൽകേണ്ട നികുതി നാല് ശതമാനമായിരിക്കേണ്ടതാണ്, കൂടാതെ, ആക്ടിൻകീഴിൽ രജിസ്ട്രേഷൻ പോലുമെടുക്കാതെ, ഗുണഭോക്തൃ സമിതികൾക്ക് പണം സ്വീകരിക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്:

എന്നുതന്നെയുമല്ല,—

(എ) വിൽപ്പന, ക്യാന്റീൻ സ്റ്റോഴ്സ് വകുപ്പ്, സെൻട്രൽ പോലീസ് ക്യാന്റീൻ, ഇന്ത്യൻ നേവൽ ക്യാന്റീൻ സർവ്വീസ്, നാഷണൽ കേഡറ്റ് കോർപ്സ് ക്യാന്റീൻ എന്നിവയ്ക്കോ അവരാലോ ആയിരിക്കുന്നിടത്ത് ; അല്ലെങ്കിൽ

(ബി) അതതുസംഗതിപോലെ, ക്യാന്റീൻ സ്റ്റോഴ്സ് വകുപ്പിൽ നിന്നോ സെൻട്രൽ പോലീസ് ക്യാന്റീനിൽ നിന്നോ അല്ലെങ്കിൽ അവർ അധികാരപ്പെടുത്തുന്ന നേരിട്ടുള്ള വിതരണക്കാരിൽ നിന്നോ വാങ്ങിയ ചരക്കുകളുടെ വിൽപ്പന കരസേനയോ നാവികസേനയോ വ്യോമസേനയോ സംസ്ഥാനത്തെ ഓരോ ജില്ലയിലും കേരള പോലീസ് സ്ഥാപിക്കാവുന്നതും സെൻട്രൽ പോലീസ് ക്യാന്റീനുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതുമായ ഓരോ സബ്സിഡിയറി ക്യാന്റീനോ നടത്തുന്നിടത്തും;

(സി) മോട്ടോർ വാഹനങ്ങളുടെ സംഗതിയിൽ, വിൽപ്പന, അതതുസംഗതി പോലെ, ക്യാന്റീൻ സ്റ്റോഴ്സ് വകുപ്പിലെയോ ഇന്ത്യൻ നേവൽ ക്യാന്റീൻ സ്റ്റോഴ്സിലെയോ എയർഫോഴ്സ് ക്യാന്റീനിലെയോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ക്രമപ്രകാരം നൽകിയ അധികാരപത്രം ഹാജരാക്കുന്നതിന്മേൽ പ്രതിരോധ സേനാംഗങ്ങൾക്കോ അല്ലെങ്കിൽ വിമുക്തഭടന്മാർക്കോ നടത്തുന്നിടത്തും; മുകളിൽ പറഞ്ഞ (എ)-യോ (ബി)-യോ (സി)-യോ ഖണ്ഡങ്ങളിൻകീഴിൽ നൽകേണ്ടതായ നികുതി, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഉപാധികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി, അങ്ങനെയുള്ള ചരക്കുകൾക്ക് ബാധകമായിരിക്കുന്ന നിരക്കിന്റെ പകുതി ആയിരിക്കുന്നതാണ്:

എന്നുമാത്രവുമല്ല, മത്സ്യബന്ധനയാനങ്ങൾ ഒഴികെയുള്ള വിദേശത്തേക്ക പോകുന്നതായ യാനങ്ങൾക്ക് വിൽക്കുന്ന ഇന്ധനവും ല്യൂബ്രിക്കേറ്റിനെ സംബന്ധിച്ചിടത്തോളം മേൽപ്പറഞ്ഞ ഖണ്ഡം (എ)-യോ (ഡി)-യോ പ്രകാരം നൽകേണ്ടതായ നികുതി, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അത്തരം വ്യവസ്ഥകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി അരശതമാനമായിരിക്കേണ്ടതാണ്:

എന്നിരുന്നാലും പെട്രോളിയം ഉൽപ്പന്നങ്ങൾ അല്ലാത്ത മറ്റു ചരക്കുകൾ സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിച്ച് റെയിൽവേക്കോ കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനോ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനോ അല്ലെങ്കിൽ കേരള വാട്ടർ അതോറിറ്റിക്കോ വിൽക്കുന്നിടത്ത്, മുകളിൽ പറഞ്ഞ (ഡി) ഖണ്ഡപ്രകാരം നൽകേണ്ടതായ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള അങ്ങനെയുള്ള ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി അഞ്ച് ശതമാനം നിരക്കിലും:

എന്നുമാത്രമല്ല ദേശീയ നേതാക്കളുടെയും സാമൂഹ്യപരിഷ്കർത്താക്കളുടെയും കൊത്തുപണി ചെയ്ത പ്രതിമകൾ 6-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (ഇ)-യും (എഫ്)-ഉം ഖണ്ഡങ്ങൾ പ്രകാരം നൽകേണ്ടതായ നികുതിയിൽ നിന്നും ഒഴിവാക്കപ്പെടേണ്ടതാണ്:

എന്നുമാത്രമല്ല, പ്രഖ്യാപിത ചരക്കുകൾ, ചരക്കുകളുടെ രൂപത്തിലല്ലാതെ എന്നാൽ മറ്റു ചില രൂപത്തിൽ കൈമാറ്റം ചെയ്യപ്പെടുമ്പോൾ (എഫ്) ഖണ്ഡപ്രകാരം നൽകേണ്ടതായ നികുതി യഥാക്രമമുള്ള പട്ടികകളിൻകീഴിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള നിരക്കുകളിൽ ആയിരിക്കേണ്ടതാണ്:

എന്നുമാത്രമല്ല, ഉപയോഗിച്ച മോട്ടോർ വാഹനങ്ങളുടെ വിൽപ്പനയിൽ, നികുതി നിരക്ക് 0.5 ശതമാനം ആയിരിക്കേണ്ടതും (2)-ാം ഉപവകുപ്പിൻകീഴിൽ നികുതി നൽകേണ്ടതല്ലാത്തതാകുന്നു:

എന്നുമാത്രമല്ല സിനിമാറ്റോഗ്രാഫിക് ഫിലിമുകളുടെ സംഗതിയിൽ (എ) ഖണ്ഡ പ്രകാരമുള്ള "പകർപ്പവകാശ"-ത്തിന്റെ വില്പന സംബന്ധിച്ച വിറ്റുവരവും, (സി) ഖണ്ഡ പ്രകാരം ഉപയോഗിക്കാനുള്ള അവകാശത്തിന്റെ കൈമാറ്റവും ഒഴിവാക്കപ്പെടേണ്ടതാണ്.

(5) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും എന്നാൽ (2)-ാം ഉപവകുപ്പിന് വിധേയമായും,—

(എ) ഒരു ഇറക്കുമതിക്കാരനോ; അല്ലെങ്കിൽ

(ബി) അന്തർസംസ്ഥാന വ്യാപാരത്തിനോ, വാണിജ്യത്തിനോ അല്ലെങ്കിൽ കയറ്റുമതിക്ക് ഇടയിൽ ഏതെങ്കിലും വിൽപ്പന നടത്തുന്ന ഒരു വ്യാപാരിയോ; അല്ലെങ്കിൽ

** ** **

വിശദീകരണം II.—ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി, ഒരു വ്യാപാരിയുടെ മൊത്തം വിറ്റുവരവ് എന്നതിൽ, 8-ാം വകുപ്പിന്റെ (ഇ) ഖണ്ഡത്തിനുള്ള ഒന്നാം ക്ലിപ്തനിബന്ധനയിൻകീഴിലുള്ള ഔഷധ വിൽപ്പനയുടെ വിറ്റുവരവും 1963-ലെ കേരള പൊതു വിൽപ്പന നികുതി ആക്റ്റിന്റെ (1963-ലെ 15) പട്ടികയിൽ ഉൾപ്പെടുന്ന ചരക്കുകളുടെ വിൽപ്പനയുടെ വിറ്റുവരവും ഉൾപ്പെടുന്നതല്ല.

** ** ** **

6 എ. തുണിത്തരങ്ങളുടെ വിറ്റുവരവ് നികുതി നൽകൽ.—6-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഓരോ വ്യാപാരിയും ഒന്നാം പട്ടികയിൽ 17 എ, 46 എ, 51 എന്നീ ക്രമനമ്പരുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള തുണിത്തരങ്ങളുടെ വിൽപ്പനയുടെ വിറ്റുവരവിന്മേൽ, രണ്ട് ശതമാനം നിരക്കിൽ വിറ്റുവരവ് നികുതി നൽകേണ്ടതാണ്:

എന്നാൽ തൊട്ടു മുൻവർഷത്തിൽ സംസ്ഥാനത്ത് അപ്രകാരമുള്ള തുണിത്തരങ്ങളുടെ വിൽപ്പനയുടെ വിറ്റുവരവ് ഒരു കോടി രൂപയിൽ താഴെയുള്ള വ്യാപാരി ഈ വകുപ്പിൻ കീഴിൽ വിറ്റുവരവ് നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥനാകുന്നതല്ല :

എന്നുമാത്രമല്ല പ്രൊപ്രൈറ്ററോ പങ്കാളിയോ ഡയറക്ടറോ വ്യാപാരിയുടെ ആളുകളോ ഉൾപ്പെടുന്ന പ്രൊപ്രൈറ്റർഷിപ്പോ ഫേമോ വ്യക്തികളുടെ സമാജമോ ആയി വ്യാപാരത്തിന്റെ ഘടന നടപ്പുവർഷം മാറിയിട്ടുണ്ടെങ്കിലും ഈ നികുതി പുനരുൽ ബാധകമാകുന്നതാണ്.

** ** ** **

8. <u>കോമ്പൗണ്ട് ചെയ്ത നിരക്കിൽ നികുതികൊടുക്കൽ.</u>—6-ാം വകുപ്പിൽ എന്തു തന്നെ അടങ്ങിയിരുന്നാലും,—

"(എ) (i) കരാർ പണിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി അന്യസംസ്ഥാനങ്ങളിൽ നിന്നോ അന്യ രാജ്യത്തിൽ നിന്നോ ഏതെങ്കിലും ചരക്ക് ഇറക്കുമതി ചെയ്യുകയും/അല്ലെങ്കിൽ 1956-ലെ കേന്ദ്ര വിൽപ്പന നികുതി ആക്റ്റിലെ (1956-ലെ 74-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകളിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുകയും ചെയ്യുന്ന ഏതെങ്കിലും കരാർ ജോലിക്കാരന്, അയാളുടെ ഇച്ഛാനുസരണം, 6-ാം വകുപ്പിന്റെ വ്യവസ്ഥകൾക്കനുസൃതമായി നികുതി നൽകുന്നതിനുപകരം, മൊത്തം കരാർ തുകയുടെ ഏഴ് ശതമാനം നികുതി നൽകേണ്ടതാണ്.

**　　　**　　　**　　　**

<u>വിശദീകരണം 2.</u>—മറ്റേതെങ്കിലും ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു വർഷത്തിലെ മാർച്ച് 31-ാം തീയതിയിലോ (2014-ലെ മാർച്ച് 31 ഉൾപ്പെടെ) അതിനു മുൻപോ നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥൻ മുൻപാകെ 1956-ലെ കേന്ദ്ര വിൽപ്പന നികുതി ആക്റ്റിൻ (1956-ലെ 74-ാം കേന്ദ്ര ആക്റ്റ്) കീഴിലെ അയാളുടെ രജിസ്ട്രേഷനും ഉപയോഗിക്കാത്ത പ്രഖ്യാപന ഫാറങ്ങളും തിരിച്ചേൽപ്പിക്കുകയും ആ തീയതിയിൽ അയാളുടെ കൈവശം അന്തർസംസ്ഥാന തലത്തിൽ വാങ്ങിയ സാധനങ്ങളുടെ ഏതെങ്കിലും ക്ലോസിംഗ് സ്റ്റോക്ക് ഇല്ലാതിരിക്കുകയും അല്ലെങ്കിൽ അങ്ങനെയുള്ള ക്ലോസിംഗ് സ്റ്റോക്കിൻമേൽ പട്ടിക പ്രകാരമുള്ള നിരക്കിൽ നികുതി അടയ്ക്കുകയും ചെയ്യുന്ന ഒരു വ്യാപാരിക്ക് അടുത്ത വർഷത്തേക്ക് ഈ ഖണ്ഡത്തിന്റെ (ii)-ാം ഉപഖണ്ഡത്തിൻ കീഴിൽ കോമ്പൗണ്ട് ചെയ്ത നികുതി നൽകാൻ അർഹതയുണ്ടായിരിക്കുന്നതാണ്.";

**　　　**　　　**　　　**

(സി) (i) (എ) ഏതെങ്കിലും എയർക്രാഫ്റ്റിലോ കപ്പലുകളിലോ, സ്റ്റീമറിലോ വിതരണം ചെയ്യുന്നതിനുവേണ്ടിയോ എയർക്രാഫ്റ്റിലോ കപ്പലിലോ, സ്റ്റീമറിലോ വിതരണം ചെയ്യുന്നതോ ആയ പാചകം ചെയ്ത ഭക്ഷണമോ പാനീയമോ ഏതെങ്കിലും എയർലൈൻ സർവ്വീസ് കമ്പനിക്കോ സ്ഥാപനത്തിനോ ഷിപ്പിംഗ് കമ്പനിക്കോ നൽകുന്ന ഒരു വ്യാപാരിയോ;

(ബി) ഒരു ബാർ അറ്റാച്ച്ഡ് ഹോട്ടലോ ഒരു ബാർ അറ്റാച്ച്ഡ് ഹോട്ടലിൽ പാചകം ചെയ്ത ഭക്ഷണം വിതരണം ചെയ്യുന്ന ഒരു വ്യാപാരിയോ;

(സി) ഒരു സ്റ്റാർ ഹോട്ടലോ ഒരു സ്റ്റാർ ഹോട്ടലിൽ പാചകം ചെയ്ത ഭക്ഷണം വിതരണം ചെയ്യുന്ന ഒരു വ്യാപാരിയോ;

(ഡി) മൂലധന ചരക്കുകളോ പാക്കിംഗ് സാധനങ്ങളോ അല്ലാത്ത ചരക്കുകളുടെ അന്തർസംസ്ഥാന വാങ്ങൽ നടത്തുന്ന ഒരു വ്യാപാരിയോ; അല്ലെങ്കിൽ

(ഇ) 1999-ലെ വ്യാപാര മുദ്രകൾ ആക്റ്റിൻ (1999-ലെ 47-ാം കേന്ദ്ര ആക്റ്റ്) കീഴിൽ രജിസ്റ്റർ ചെയ്ത ഒരു ബ്രാന്റഡ് നാമം അല്ലെങ്കിൽ ഒരു വ്യാപാര മുദ്ര ഉപയോഗിക്കുന്ന ഹോട്ടലുകളോ റസ്റ്റോറന്റുകളോ,

അല്ലാത്ത, സമയം തയ്യാറാക്കിയ ശുദ്ധമായ പഴച്ചാറും മധുരപലഹാരങ്ങളും ഉൾപ്പെടെ പാചകം ചെയ്ത ഭക്ഷണത്തിന്റെയും പാനീയങ്ങളുടെയും ഏതൊരു വ്യാപാരിക്കും,—

അയാളുടെ ഇച്ഛാനുസരണം, 6-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ക്കനുസൃതമായും, എന്നാൽ അതിലെ (2)-ാം ഉപവകുപ്പ് പ്രകാരം നൽകേണ്ടതായ നികുതി ഏതെങ്കിലും ഉണ്ടെങ്കിൽ, അത് നൽകുന്നതിനു വിധേയമായും, നികുതി നൽകുന്നതിനു പകരം അയാൾ സ്വയം തയ്യാറാക്കിയ പാചകം ചെയ്ത ഭക്ഷണത്തിന്റെയും പാനീയങ്ങളുടെയും വിറ്റുവരവിന്റെയും 6-ാം വകുപ്പ് (5)-ാം ഉപവകുപ്പിന്റെ വിശദീകരണത്തിൻ കീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഏത് മറ്റു ചരക്കുകളെ സംബന്ധിച്ചാണോ അയാൾ നികുതി വിധേയമായ ആദ്യവിൽപ്പന നടത്തുന്ന വ്യാപാരി അല്ലാത്തത്, അവയുടെ വിറ്റു വരവിന്റെയും അരശതമാനം നിരക്കിൽ നികുതി നൽകാവുന്നതാണ്.";

<u>വിശദീകരണം</u>.—ഈ ഖണ്ഡത്തിന്റെ ആവശ്യത്തിലേക്കായി മിഠായികളും റെസ്റ്റോറന്റുകളിലും ഹോട്ടലുകളിലും തയ്യാറാക്കി വിളമ്പുന്ന ഫ്രെഷ് ഫ്രൂട്ട്സ് ജ്യൂസും പാചകം ചെയ്ത ഭക്ഷണത്തിൽ ഉൾപ്പെടുന്നതാണ്.

** ** ** **

(ഇ) 32-ാം വകുപ്പിൻകീഴിൽ നികുതി അവധി വച്ചുമാറ്റാൻ അവകാശമില്ലാത്ത ഇറക്കുമതിക്കാരനോ ഉൽപ്പാദകനോ ആയ മൂന്നാം പട്ടികയിൻകീഴിൽ വരുന്ന ഔഷധങ്ങളുടേയും മരുന്നുകളുടേയും ഏതൊരു വ്യാപാരിയും, അദ്ദേഹത്തിന്റെ ഇഷ്ടപ്രകാരം ഒരു മണിക്കൂറിന് 200 മെട്രിക് ടൺ എന്നതിന് വിധേയമായി, നിർണ്ണയിക്കപ്പെട്ടപ്രകാരം അങ്ങനെയുള്ള വ്യവസ്ഥകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി അങ്ങനെയുള്ള രീതിയിൽ അടയ്ക്കേണ്ടതാണ്.

<u>വിശദീകരണം</u>:—ഈ ഖണ്ഡത്തിന്റെ ആവശ്യത്തിലേക്കായി,

മേൽ പറഞ്ഞ (i), (ii), (iii) ഇനത്തിന്റെ വിവരണത്തിൻ കീഴിൽ വരുന്ന പ്രാഥമിക കല്ലുപണിക്കാരെ കൂടി കോമ്പൗണ്ടിംഗ് നികുതി കണക്കാക്കുന്ന ഉദ്ദേശത്തിനായി കണക്കാക്കേണ്ടതും, പ്രാഥമിക കല്ലുപണിക്കാർക്ക് ബാധകമായ നിരക്ക്, രണ്ടാം തരം കല്ലുപണിക്കാർ നൽകേണ്ടതായ നികുതിയുടെ ആകെ തുകയുടെ 50% ആയിരിക്കുന്നതുമാണ്.

** ** ** **

10. <u>പ്രഭവസ്ഥാനത്ത് നിന്നുള്ള നികുതി കിഴിവ്</u>.—(1) അവാർഡറും ഏതെങ്കിലും കരാർ ജോലിയെ സംബന്ധിച്ച് 6-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഏതെങ്കിലും കരാറുകാരന് നടത്തിയ മുൻകൂർ പണം നൽകൽ ഉൾപ്പെടെയുള്ള ഓരോ പണം നൽകലിൽ നിന്നും, ആ വകുപ്പുപ്രകാരം അങ്ങനെയുള്ള കരാർ ജോലിയെ സംബന്ധിച്ച് കരാറുകാരൻ നൽകേണ്ട നികുതി, കരാർ ജോലിയുടെ നടത്തിപ്പിൽ ഉൾപ്പെട്ട ചരക്കുകളുടെ കൈമാറ്റം ചരക്കുകളുടെ രൂപത്തിലായാലും അല്ലെങ്കിലും കിഴിവ്

ചെയ്യേണ്ടതും, അങ്ങനെ കിഴിവ് ചെയ്ത മാസത്തെ തുടർന്നുവരുന്ന മാസത്തിലെ ഇരുപതാം തീയതിയിലോ അതിനുമുമ്പോ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ അത് സർക്കാരിലേക്ക് അടയ്ക്കേണ്ടതുമാണ്. അങ്ങനെയുള്ള ഓരോ അവാർഡറും നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള റിട്ടേൺ കൂടി സമർപ്പിക്കേണ്ടതാണ്:

എന്നിരുന്നാലും സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗർ യോജനയുടെയോ പാർലമെന്റ് അംഗ/നിയമസഭ സാമാജിക ഫണ്ടോ, പ്രകൃതിദുരിതാശ്വാസ ഫണ്ടോ, സർവ്വശിക്ഷാ അഭിയാൻ ഫണ്ടോ ഉപയോഗിച്ച് ഗുണഭോക്തൃ കമ്മിറ്റികളുടെയോ, കീഴിൽ കരാർ ജോലികൾ നടത്തുന്നത് സംബന്ധിച്ച്, ഓരോ കരാറിനെ സംബന്ധിച്ചും ആകെ തുക പത്തുലക്ഷം രൂപയിൽ കവിയാത്തിടത്ത് ഈ വകുപ്പിൻകീഴിൽ കുറവു ചെയ്യാവുന്ന കൂടിയ തുക മൊത്തം കരാർ തുകയുടെ നാലു ശതമാനത്തിൽ കൂടാൻ പാടുള്ളതല്ല.

** ** ** **

രജിസ്ട്രേഷനും പെർമിറ്റും

15. <u>വ്യാപാരികളുടെ രജിസ്ട്രേഷൻ</u>.—(1) ഏതെങ്കിലും വർഷത്തെ മൊത്തം വിറ്റുവരവ് പത്ത് ലക്ഷം രൂപയിൽ കുറയാതെയുള്ള ഏതൊരു വ്യാപാരിയും ഈ ആക്റ്റിൻ കീഴിൽ സ്വയം രജിസ്റ്റർ ചെയ്യേണ്ടതും മറ്റ് ഏതൊരു വ്യാപാരിക്കും അങ്ങനെ രജിസ്റ്റർ ചെയ്യാവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(i) വല്ലപ്പോഴും കച്ചവടം ചെയ്യുന്ന ഏതൊരാളും;

** ** ** **

(xi) ഏതെങ്കിലും ഹാൾമാർക്കിംഗ് യൂണിറ്റും

** ** ** **

16. <u>രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമം</u>.—(1) രജിസ്റ്റർ ചെയ്യുന്നതിന് ഒരപേക്ഷ നിർണ്ണയിക്കുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള കാലാവധിക്കുള്ളിലും താഴെ പട്ടികയിൽ പറയും പ്രകാരമുള്ള ഫീസോടുകൂടിയും അങ്ങനെയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്.

** ** ** **

(7) (2)-ാം ഉപവകുപ്പ് പ്രകാരം നൽകിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഒരു വർഷത്തേക്ക് സാധുവായിരിക്കുന്നതും വർഷംതോറും താഴെ പ്രത്യേകം പറഞ്ഞിട്ടുള്ള ഫീസ് അടച്ച് പുതുക്കേണ്ടതുമാണ്:

| | | |
|---|---|---|
| (എ) | ഇറക്കുമതിക്കാരനല്ലാത്ത ഒരു വ്യാപാരി | .. അഞ്ഞൂറ് രൂപ |
| (ബി) | മറ്റുള്ളവർ | .. ആയിരത്തി അഞ്ഞൂറ് രൂപ |

** ** ** **

18 സി. ആശുപത്രികളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.—(1) 6-ാം വകുപ്പിലും 18 ബി വകുപ്പിലും എന്തുതന്നെ അടങ്ങിയിരുന്നാലും, ധർമ്മസ്ഥാപനങ്ങൾ നടത്തുന്ന ആശുപത്രികളെ, താഴെ പറയുന്ന ഉപാധികൾക്ക് വിധേയമായി, ചികിത്സക്കിടയിൽ അവരുടെ രോഗികൾക്ക് നടത്തുന്ന ഔഷധങ്ങളുടെയും ലബോറട്ടറി സ്റ്റോർ ഇനങ്ങളുടെയും ഉല്പന്നങ്ങളുടെയും വിൽപ്പനയിന്മേലുള്ള നികുതിയിൽനിന്നും ഒഴിവാക്കേണ്ടതാണ്, അതായത്:—

(എ) അവർ, 1961-ലെ ആദായനികുതി ആക്റ്റ് (1961-ലെ 43-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ധർമ്മസ്ഥാപനങ്ങൾക്ക് ബാധകമാകുന്ന ഒഴിവാക്കൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പതിനായിരം രൂപയുടെ ഫീസ് അടയ്ക്കുന്നതിന്മേൽ കമ്മീഷണറിൽനിന്ന് ഒരു വർഷത്തേക്ക് ഒരു സർട്ടിഫിക്കറ്റ് നേടേണ്ടതാണ്.

(ബി) ഈ ഉപവകുപ്പ് പ്രകാരം ഒഴിവാക്കൽ പ്രയോജനപ്പെടുത്തുന്ന ആശുപത്രികൾ, ഈ ആക്റ്റിലെ 8-ാം വകുപ്പ് (ഇ) ഖണ്ഡപ്രകാരം നികുതി ഈടാക്കിയ ഔഷധങ്ങൾ മാത്രം വാങ്ങേണ്ടതും മറ്റു ലബോറട്ടറി സ്റ്റോർ ഇനങ്ങളെയും ഉൽപ്പന്നങ്ങളെയും സംബന്ധിച്ച്, ഈ ആക്റ്റിൻകീഴിൽ രജിസ്റ്റർ ചെയ്ത വ്യാപാരികളിൽ നിന്നുമാത്രം വാങ്ങേണ്ടതുമാണ്:

എന്നാൽ ആദായനികുതി ഒഴിവാക്കലിന്റെ ഉത്തരവുകൾ പരിഗണിച്ച് കമ്മീഷണർ നൽകിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ 2013 മാർച്ച് 31 വരെയുള്ള കാലയളവിലേക്ക് ഒഴിവാക്കൽ പ്രാവർത്തികമാക്കുകയുള്ളു:

എന്നുമാത്രമല്ല അങ്ങനെയുള്ള ധർമ്മസ്ഥാപനങ്ങൾ നടത്തുന്ന ആശുപത്രികൾക്ക് ഈ ആക്റ്റിൻകീഴിൽ രജിസ്ട്രേഷൻ എടുക്കുവാനോ റിട്ടേണുകൾ ഫയൽ ചെയ്യുവാനോ ബാദ്ധ്യതയുണ്ടായിരിക്കുന്നതല്ല.

**  **  **  **

21. സ്വയം തിട്ടപ്പെടുത്തൽ.—20-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സമർപ്പിച്ചിട്ടുള്ള റിട്ടേൺ നിർണ്ണയിക്കപ്പെട്ടിട്ടുള്ള രീതിയിലും നിർണ്ണയിക്കപ്പെട്ടിട്ടുള്ള രേഖകൾ സഹിതവുമാണെങ്കിൽ, റിട്ടേൺ കാലയളവിനെ സംബന്ധിച്ചുള്ള തിട്ടപ്പെടുത്തൽ, 22-ഉം 24-ഉം 25-ഉം വകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, അങ്ങനെയുള്ള റിട്ടേൺ സ്വീകരിക്കുന്നതോടുകൂടി പൂർത്തീകരിച്ചതായി കരുതേണ്ടതുമാണ്.

**  **  **  **

24. <u>കണക്ക് പരിശോധിച്ചുള്ള തിട്ടപ്പെടുത്തൽ.</u>—(1) ഈ ആക്റ്റിലെ മറ്റേതെങ്കിലും വ്യവസ്ഥയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും വ്യാപാരി,—

(എ) അയാളുടെ കണക്ക് പുസ്തകങ്ങളോ മറ്റ് രേഖകളോ ഓഡിറ്റ് ചെയ്യുമ്പോൾ, മറ്റ് വിധത്തിലോ ഏതെങ്കിലും റിട്ടേൺ കാലാവധിക്ക് ശരിയല്ലാത്തതോ പൂർണ്ണമല്ലാത്തതോ ആയ റിട്ടേൺ സമർപ്പിച്ചതായി കാണുകയോ; അഥവാ

(ബി) വ്യാപാരിയുടെ വ്യാപാരസ്ഥലത്ത് ഓഡിറ്റിനായി ഓഡിറ്റ് ഓഫീസർ ആവശ്യപ്പെട്ട ഏതെങ്കിലും കണക്കുകളോ മറ്റ് രേഖകളോ ലഭ്യമാക്കാൻ വീഴ്ചവരുത്തുകയോ; അഥവാ

(സി) നിക്ഷേപ വിഭവ നികുതി ഇളവിനുള്ള അവകാശവാദമോ അവകാശ മുന്നയിച്ച മടക്കി നൽകലോ പ്രത്യേക കിഴിവോ തെളിയിക്കുന്നതിൽ പരാജയപ്പെട്ടു ന്നെങ്കിൽ ഓഡിറ്റ് ഓഫീസർക്ക്, റിട്ടേണുമായി ബന്ധപ്പെട്ട വർഷത്തിന്റെ അവസാനത്തെ തീയതി മുതൽ മൂന്ന് വർഷത്തിനുള്ളിൽ ഏതു സമയത്തും അദ്ദേഹത്തിന് ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള അന്വേഷണം നടത്തിയശേഷം, അങ്ങനെയുള്ള റിട്ടേൺ കാലയളവിലേക്കുള്ള റിട്ടേണുകൾ തള്ളിക്കളയാവുന്നതും ഏറ്റവും യുക്തിസഹമായ രീതിയിൽ നികുതി തിട്ടപ്പെടുത്തലുകൾ പൂർത്തീകരിക്കാവുന്നതുമാണ്:

എന്നാൽ ഈ വകുപ്പുപ്രകാരം വ്യാപാരിയെ കേൾക്കാൻ ഒരവസരം നൽകാതെ നികുതി തിട്ടപ്പെടുത്തൽ പൂർത്തീകരിക്കുവാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല തെറ്റായ നികുതി നിരക്ക് ഉപയോഗിച്ചതോ, നിക്ഷേപ വിഭവ നികുതി ഇളവ്, പ്രത്യേക കിഴിവ് അല്ലെങ്കിൽ റീഫണ്ട് എന്നിവ ഉന്നയിച്ചതിലെ പിശകോ കൊണ്ടുമാത്രം റിട്ടേണിൽ അപാകത ആകുന്നിടത്ത് വ്യാപാരി അയാളുടെ ഇച്ഛാനുസരണം പുതുക്കിയ റിട്ടേൺ സമർപ്പിക്കുകയും, 31-ാം വകുപ്പ് (5)-ാം ഉപവകുപ്പിൻകീഴിലുള്ള പലിശയും പലിശയുടെ മൂന്നിരട്ടി സെറ്റിൽമെന്റ് ഫീസും സഹിതം ബാക്കി നികുതി നൽകുകയാണെങ്കിൽ ഈ ഉപവകുപ്പുപ്രകാരം യാതൊരു തിട്ടപ്പെടുത്തലും നടത്താൻ പാടുള്ളതല്ല:

എന്നുമാത്രമല്ല ഏതെങ്കിലും വ്യാജമായി അല്ലെങ്കിൽ കെട്ടിച്ചമച്ച രേഖയുടെ അടിസ്ഥാനത്തിൽ അല്ലെങ്കിൽ അവകാശം മറ്റുവിധത്തിൽ അയോഗ്യമായിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഒരു വ്യാപാരി, നിക്ഷേപ വിഭവ നികുതി ഇളവ്, പ്രത്യേക കിഴിവ് അല്ലെങ്കിൽ റീഫണ്ട് എന്നിവ ഉന്നയിക്കുന്നിടത്ത്, ഈ ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള സമയ പരിധിയും തൊട്ടു മുൻപുള്ള ക്ലിപ്ത നിബന്ധനയും അദ്ദേഹത്തിന് ബാധകമായിരിക്കുകയില്ല:

എന്നുമാത്രമല്ല ഈ വകുപ്പുപ്രകാരം, 2013 മാർച്ച് 31-ാം തീയതി തീർപ്പാകാതെ നിലവിലുണ്ടായിരുന്ന നികുതി നിർണ്ണയങ്ങൾ 2014 മാർച്ച് 31-ാം തീയതിയോ അതിനു മുമ്പായോ പൂർത്തിയാക്കേണ്ടതാണ്.

** ** ** **

എന്നുമാത്രമല്ല ഈ വകുപ്പുപ്രകാരം വ്യാപാരിക്കു കേൾക്കുവാൻ ഒരവസരം കൊടുക്കാതെ യാതൊരു അസസ്സ്മെന്റും പൂർത്തിയാക്കുവാൻ പാടില്ല.

25. <u>വിട്ടുപോയിട്ടുള്ള വിറ്റുവരവിന് നികുതി തിട്ടപ്പെടുത്തൽ</u>.—(1) ഏതെങ്കിലും കാരണവശാൽ വ്യാപാരിയുടെ വ്യാപാരത്തിന്റെ വിറ്റുവരവിന്റെ മുഴുവനുമോ ഏതെങ്കിലും ഭാഗമോ ഏതെങ്കിലും വർഷത്തിൽ നികുതി തിട്ടപ്പെടുത്തലിൽ നിന്ന് വിട്ടുപോകുകയോ, റിട്ടേൺ കാലയളവ് തിട്ടപ്പെടുത്തിയിട്ടുള്ളത് കുറവായിപ്പോകുകയോ തിട്ടപ്പെടുത്തേണ്ട നിരക്കിലും താണ നിരക്കിൽ നികുതി തിട്ടപ്പെടുത്തിയിരിക്കുകയോ അതിൽനിന്നും ഏതെങ്കിലും കിഴിവ് തെറ്റായി വരുത്തിയിരിക്കുകയോ അഥവാ തെറ്റായി നിക്ഷേപവിഭവ നികുതി ഇളവ് നേടുകയോ ചെയ്തിട്ടുള്ളിടത്ത്, നികുതി തിട്ടപ്പെടുത്തുന്ന അധികാരിക്ക് റിട്ടേണുമായി ബന്ധപ്പെട്ട വർഷത്തെ അവസാന തീയതി മുതൽ അഞ്ചു വർഷത്തിനകം എപ്പോൾ വേണമെങ്കിലും നികുതി തിട്ടപ്പെടുത്തുന്നതിൽ നിന്ന് വിട്ടുപോയിട്ടുള്ളതോ, കുറവായി നികുതി തിട്ടപ്പെടുത്തിയിട്ടുള്ളതോ ചുമത്തേണ്ട നിരക്കിൽ നിന്നും താണ നിരക്കിൽ നികുതി തിട്ടപ്പെടുത്തിയിട്ടുള്ളതോ ഏതിനെ സംബന്ധിച്ചാണോ തെറ്റായി നേടിയിട്ടുള്ളതോ ആയ വിറ്റുവരവ് യുക്തിസഹമായി എത്രയെന്ന് തീരുമാനിക്കുന്നതിന് നടപടി എടുക്കാവുന്നതും, വ്യാപാരിക്ക് നോട്ടീസ് നൽകുകയും തനിക്ക് ആവശ്യമെന്ന് തോന്നുന്ന അന്വേഷണം നടത്തുകയും ചെയ്തശേഷം അങ്ങനെയുള്ള മൊത്ത വിറ്റുവരവിന്മേൽ കൊടുക്കേണ്ട നികുതി തിട്ടപ്പെടുത്തുകയോ അഥവാ നിക്ഷേപ വിഭവ നികുതി ഇളവ് തെറ്റായി നേടിയിട്ടുള്ളത് അനുവദിക്കാതിരിക്കുകയോ ചെയ്യാവുന്നതു മാകുന്നു:

എന്നാൽ ഈ ഉപവകുപ്പുപ്രകാരം നികുതി തിട്ടപ്പെടുത്തുന്നതിന് മുമ്പായി വ്യാപാരിക്ക് പറയുവാനുള്ളത് കേൾക്കുവാൻ ന്യായമായ ഒരവസരം നൽകേണ്ടതാണ്:

എന്നുമാത്രമല്ല തെറ്റായ നികുതി നിരക്കിന്റെ പ്രയോഗംമൂലമാണ് വിട്ടുപോകലെങ്കിൽ വ്യാപാരി പുതുക്കിയ റിട്ടേൺ സമർപ്പിക്കുകയും തിട്ടപ്പെടുത്തലിൽ വിട്ടുപോയ നികുതിയോടൊപ്പം 31-ാം വകുപ്പ് (5)-ാം ഉപവകുപ്പിൻകീഴിലുള്ള പലിശയും പലിശയുടെ മൂന്നിരട്ടി പിഴയും നൽകുകയാണെങ്കിൽ ഈ ഉപവകുപ്പിൻകീഴിൽ യാതൊരു തിട്ടപ്പെടുത്തലും നടത്താൻ പാടുള്ളതല്ല.

എന്നുമാത്രമല്ല ഈ വകുപ്പുപ്രകാരം, 2013 മാർച്ച് 31-ാം തീയതി തീർപ്പാകാതെ നിലവിലുണ്ടായിരുന്ന നികുതിനിർണ്ണയങ്ങൾ 2014 മാർച്ച് 31-ാം തീയതിയോ അതിനു മുമ്പായോ പൂർത്തിയാക്കേണ്ടതാണ്";

** ** ** **

30. വ്യാപാരികൾ നടത്തുന്ന നികുതി പിരിവ്.—(1) (2)-ഉം (3)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു രജിസ്റ്റർ ചെയ്ത വ്യാപാരിക്ക് 6-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള നിരക്കുകളിൽ, ഏതെങ്കിലും ചരക്കുകളിലെ വിൽപ്പനയിൻമേൽ, ആ ചരക്കുകൾ ആർക്കാണോ അയാൾ വിൽക്കുന്നത് അയാളിൽ നിന്നും നികുതി പിരിച്ചെടുക്കാവുന്നതും ആയത് സർക്കാരിലേക്ക് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ നൽകേണ്ടതാണ്:

എന്നാൽ ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 6 എ വകുപ്പിൻ കീഴിൽ ചുമത്താവുന്ന വിറ്റുവരവ് നികുതിയായി ഏതെങ്കിലും തുക, യാതൊരു വ്യാപാരിയും പിരിച്ചെടുക്കുവാൻ പാടുള്ളതല്ല.";

** ** ** **

52. ഫോർവേഡിംഗ് ഏജൻസി മുതലായവർ റിട്ടേണുകൾ സമർപ്പിക്കണമെന്ന്.—സംസ്ഥാനത്തെ ഓരോ ക്ലിയറിംഗ് അഥവാ ഫോർവേഡിംഗ് ഹൗസും, അല്ലെങ്കിൽ ഏജൻസി, ട്രാൻസ്പോർട്ടിംഗ് ഏജൻസി, ഷിപ്പിംഗ് ഏജൻസി, ഷിപ്പിംഗ് ഔട്ട്ജൻസിയും റെയിൽവേ അതോറിറ്റികൾ, വാടകയ്ക്കെടുത്ത റെയിൽവേ വാഗണുകളുടെ ഓപ്പറേറ്റർമാർ, എയർകാർഗോ അതോറിറ്റികളും അഥവാ സ്റ്റീമർ ഏജൻസിയുമോ ആ പ്രദേശത്തെ നികുതി തിട്ടപ്പെടുത്തുന്ന അധികാരിക്ക് അവർ നീക്കം ചെയ്തതോ അയച്ചുകൊടുത്തതോ കടത്തികൊണ്ടുപോയതോ കപ്പലിൽ കയറ്റിയതോ ആയ എല്ലാ ചരക്കുകളുടെയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള റിട്ടേണുകളും വിവരങ്ങളും സമർപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട നികുതി തിട്ടപ്പെടുത്തുന്ന അധികാരിക്ക് അങ്ങനെയുള്ള ഏജൻസിയുടെ കൈവശമിരിക്കുന്ന കണക്കുബുക്കുകളോ മറ്റു രേഖകളോ സമർപ്പിക്കപ്പെട്ട റിട്ടേണുകളുടെ കൃത്യത പരിശോധിക്കുന്നതിലേക്കായി ആവശ്യപ്പെടുന്നതിന്

അധികാരമുണ്ടായിരിക്കുന്നതും അപ്രകാരം ആവശ്യപ്പെട്ടപ്പോൾ കണക്കുബുക്കുകളോ മറ്റു രേഖകളോ ഹാജരാക്കുന്നതിന് ആ ഏജൻസി ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്.

** ** ** **

54. പണ്ടകശാല ഉടമസ്ഥരും ബാങ്കുകളും വിശദവിവരങ്ങൾ നൽകണമെന്ന്.— സംസ്ഥാനത്തെ ഓരോ പണ്ടകശാല ഉടമസ്ഥനും ഏതെങ്കിലും ബാങ്കിന്റെ ശാഖയോ അഥവാ ഏതെങ്കിലും ബാങ്കിംഗ് സ്ഥാപനമോ ഉൾപ്പെടെയുള്ള ഓരോ ബാങ്കും നികുതി തിട്ടപ്പെടുത്തുന്ന അധികാരിയുടെ പദവിക്ക് താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥന് അങ്ങനെ ആവശ്യപ്പെടുന്നപക്ഷം ഈ ആക്റ്റിലെ ഏതെങ്കിലും നടപടികൾക്ക് ആവശ്യമെന്ന് അദ്ദേഹം കരുതാവുന്ന അങ്ങനെയുള്ള വിവരങ്ങളോ രേഖകളോ പ്രസ്താവനകളോ നൽകേണ്ടതാണ്.

** ** ** **

58. കമ്മീഷണർക്ക് സ്വമേധയാ റിവിഷനുള്ള അധികാരങ്ങൾ.—(1) കമ്മീഷണർക്ക് അദ്ദേഹത്തിന്റെ കീഴിലുള്ള ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ) അല്ലെങ്കിൽ അസിസ്റ്റന്റ് കമ്മീഷണർ (അപ്പീലുകൾ) ഒഴികെയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥൻ അല്ലെങ്കിൽ അധികാരസ്ഥാനം 25-ാം വകുപ്പിലെ (3)-ാം ഉപവകുപ്പ് 44-ാം വകുപ്പിലെ (8)-ാം ഉപവകുപ്പ് അല്ലെങ്കിൽ (9)-ാം ഉപവകുപ്പ്, 49-ാം വകുപ്പ്, 67-ാം വകുപ്പ്, 68-ാം വകുപ്പ്, 69-ാം വകുപ്പ് അല്ലെങ്കിൽ 70-ാം വകുപ്പ് എന്നീ വകുപ്പുകളിൻകീഴിൽ പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവിനോ, രേഖപ്പെടുത്തിയിട്ടുള്ള നടപടികൾക്കോ എതിരെ അദ്ദേഹം പുറപ്പെടുവിച്ച ഉത്തരവുകളല്ലാത്തതും ഈ ആക്റ്റ് പ്രകാരം പാസ്സാക്കിയിട്ടുള്ള ഏതെങ്കിലും ഉത്തരവുകളോ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും നടപടിയോ ഉത്തരവുകളോ റവന്യൂ താല്പര്യങ്ങൾക്ക് ഹാനികരമെന്ന് അദ്ദേഹത്തിന് അഭിപ്രായമുള്ളപക്ഷം സ്വമേധയാ ആവശ്യപ്പെടാവുന്നതും പരിശോധിക്കാവുന്നതും അതിന്മേൽ അന്വേഷണം നടത്തുകയോ നടത്തിക്കുകയോ ചെയ്യാവുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസരണമായി അതിന്മേൽ അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന ഉത്തരവ് പാസ്സാക്കാവുന്നതുമാണ്.

** ** ** **

82. വിവരം ലഭ്യമാക്കുന്നതിനുള്ള നോട്ടീസ്.—(1) നികുതി തിട്ടപ്പെടുത്തുന്ന അധികാരിയുടെ പദവിയിൽ കുറയാത്ത ഏതൊരു ഉദ്യോഗസ്ഥനും ഏതൊരാൾക്കും ഈ ആക്റ്റ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായിരുന്നാലും അല്ലെങ്കിലും രേഖാമൂലമുള്ള നോട്ടീസ് മുഖേന, അയാളുടേയോ മറ്റേതെങ്കിലും ആളുടേയോ നികുതി സംബന്ധിച്ച സംഗതികളിൽ,—(എ) നോട്ടീസിൽ ആവശ്യപ്പെട്ടേക്കാവുന്ന എന്തെങ്കിലും വിവരം നൽകുന്നതിനോ, (ബി) അങ്ങനെയുള്ള ഉദ്യോഗസ്ഥന്, സത്യപ്രതിജ്ഞയിന്മേൽ വിസ്തരിക്കുന്നതിന്റെ ആവശ്യത്തിലേക്കായി നോട്ടീസിൽ കാണിച്ചിട്ടുള്ള സ്ഥലത്തും സമയത്തും ഹാജരാകുന്നതിനോ ആവശ്യപ്പെടാവുന്നതും, ആ ആവശ്യത്തിലേക്കായി അങ്ങനെയുള്ള ഉദ്യോഗസ്ഥന് വിസ്തരിക്കപ്പെട്ട ആളിനോട് ഏതെങ്കിലും പുസ്തകമോ, രേഖയോ, അയാളുടെ നിയന്ത്രണത്തിലുള്ള കമ്പ്യൂട്ടറിൽ സൂക്ഷിച്ചിട്ടുള്ള വിവരമോ ഹാജരാക്കുന്നതിനും ആവശ്യപ്പെടാവുന്നതുമാണ്.

** ** ** **

94. സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നതിന് അധികാരസ്ഥാനത്തിനുള്ള അധികാരം.—(1) ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി, ഏതെങ്കിലും അപ്പലേറ്റ് അഥവാ റിവിഷണൽ അതോറിറ്റിയുടെയോ, അഥവാ ഏതെങ്കിലും കോടതിയുടെയോ അഥവാ ട്രൈബ്യൂണലിന്റെയോ മുമ്പാകെയുള്ള ഒരു നടപടി ഒഴികെ, ഏതെങ്കിലും നടപടി ഉണ്ടാവുകയാണെങ്കിൽ

(എ) ഏതെങ്കിലും ആൾ ഒരു വ്യാപാരിയാണോ ; അഥവാ

** ** **

(2 എ) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഏതെങ്കിലും ചരക്കുകളുടെ നികുതിയുടെ നിരക്ക് സ്പഷ്ടീകരിച്ചുകൊണ്ട് ഒരു സ്പഷ്ടീകരണം പുറപ്പെടുവിക്കുകയും അങ്ങനെയുള്ള സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നതിനു മുൻപ് രജിസ്റ്റേർഡ് ഡീലർമാർ അത്തരം ചരക്കുകളുടെ വില്പനയിൽ നൽകിയ നികുതി കുറഞ്ഞ നിരക്കിലായിരിക്കുകയും എന്നാൽ ഉല്പാദകനോ അല്ലെങ്കിൽ സംസ്ഥാനത്തിനകത്തെ ചരക്കുകളുടെ ആദ്യ വില്പനക്കാരനോ, അയാളും ഒരു രജിസ്റ്റേർഡ് ഡീലർ ആയിരിക്കേണ്ടതാണ്, അയാൾ പരമാവധി റീട്ടെയിൽ വിലയ്ക്ക് വില്പന നടത്തിയ അങ്ങനെയുള്ള ചരക്കുകളുടെ വിറ്റുവരവിന് നൽകേണ്ടതായ മുഴുവൻ നികുതിയും നൽകുകയാണെങ്കിൽ, അത്തരം ചരക്കുകൾ വാങ്ങി വില്പന നടത്തിയ പിന്നീടുവരുന്ന രജിസ്റ്റേർഡ് ഡീലർമാരെ അടയ്ക്കേണ്ടുന്ന ഡിഫറൻഷ്യൽ നികുതിക്കുവേണ്ടി നികുതി നിർണ്ണയിക്കുകയോ ശിക്ഷിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു:

** ** ** **

757/2015.

## പട്ടികകൾ

### ഒന്നാം പട്ടിക

### 6-ാം വകുപ്പ് (4)-ാം ഉപവകുപ്പിൻകീഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള ചരക്കുകൾ

| ക്രമ നമ്പർ | സാധനങ്ങളുടെ വിവരണം | എച്ച്.എസ്.എൻ. കോഡ് |
|---|---|---|
| (1) | (2) | (3) |
| 1 | കൈകൊണ്ടോ, മൃഗത്താലോ പ്രവർത്തിപ്പിക്കുന്ന കാർഷിക ഉപകരണങ്ങൾ | |
| | (1) മൺവെട്ടികളും കോരികളും | 8201.10.00 |
| ** | ** | ** |
| 3 | മൽസ്യത്തീറ്റയും കോഴിത്തീറ്റയും ആഡിറ്റീവ്സും പയറുവർഗ്ഗങ്ങളുടെ തൊലിയും കോൺസൻട്രേറ്റ്സും പുല്ല്, വൈക്കോൽ എന്നിവ ഉൾപ്പെടെയുള്ള കാലിത്തീറ്റയും അവയുടെ അവശിഷ്ടങ്ങളും എന്നാൽ പട്ടിക II-ൽ പ്രത്യേകിച്ച് പരാമർശിച്ചിട്ടുള്ളവ ഒഴിച്ച്— | |
| ** | ** ** | ** |
| 4 എ | (1) ബീഡി, ബീഡി പുകയില | 2403.10.31 |
| ** | ** ** | ** |
| 7 | തറ വൃത്തിയാക്കുന്നതിനും ടോയ്‌ലെറ്റ് വൃത്തിയാക്കുന്നതിനും ഉപയോഗിക്കുന്ന തരത്തിലുള്ള ചൂലുകളും ബ്രഷുകളും | **** |
| ** | ** ** | ** |
| 17 എ | എംബ്രോയിഡറി അഥവാ സ്സറി വസ്തുക്കൾ, അതായത് ഇമി, സ്സറി കസബ്, സെയ്യ, ഡബ്ക, ചുമ്കി, ഗോട്ടോ സിതാര, നഖ്സി, കോറ, ഗ്ലാസ് ബീഡ്, ബാദിയ— | |
| | (1) പ്രതലം കാണാത്ത തരത്തിലുള്ള ചിത്രത്തയ്യൽ | 5810.10.00 |
| | (2) പരുത്തിത്തുണികൊണ്ടുള്ള മറ്റ് ചിത്രത്തയ്യൽ | 5810.91.00 |

| (1) | (2) | (3) |
|---|---|---|
| | (3) മനുഷ്യനിർമ്മിത നൂലുകൊണ്ടുള്ള ചിത്രത്തയ്യൽ | |
| | (എ) ചിത്രത്തയ്യലോടുകൂടിയ ബാഡ്ജുകളും അലങ്കരണങ്ങളും അതുപോലെയുള്ളവയും | 810.92.10 |
| | (ബി) ചിത്രത്തയ്യൽ ചെയ്ത മറ്റു വസ്തുക്കൾ | 5810.92.90 |
| | (4) മറ്റ് തുണിത്തരങ്ങൾക്കൊണ്ടുള്ള ചിത്രത്തയ്യൽ | 5810.99.00 |
| | (5) സ്സറി വസ്തുക്കൾ | **** |
| ** | ** ** | ** |
| 18. | <u>മീൻവലയും നെയ്തെടുത്ത മീൻവലയും ഉപസാധനങ്ങളും</u> | |
| | (1) നൈലോൺ കൊണ്ട് ഉണ്ടാക്കിയ മീൻവല | 5608.11.10 |
| | (2) മറ്റു വസ്തുക്കൾ കൊണ്ടുള്ള മീൻവലകൾ | 5608.11.90 |
| | (3) നൈലോൺ മീൻവലയുടെ ചരട് | 5607.50.10 |
| | (4) നൈലോൺ കയർ | 5607.50.40 |
| | (5) പോളിസ്റ്റർ കയർ, പോളിസ്റ്റർ ചരട് | 5607.50.90 |
| | (6) മീൻ പിടിക്കുന്ന മറ്റ് ചരടുകളും കയറുകളും | 5607.49.00 |
| | (7) മീൻ പിടിക്കുവാനുള്ള റാഡുകളും (പറച്ചൂണ്ടലുകളും, റ്റാക്കിളുകളും) | **** |
| | (8) ചൂണ്ട മുള്ളുകൾ, മീൻവലകൾക്ക് വേണ്ടിയുള്ള ഫ്ളോട്ടുകൾ, ഈയം കൊണ്ടുള്ള പന്തുകൾ എന്നിങ്ങനെയുള്ള ഉപസാധനങ്ങളും | **** |
| ** | ** ** | ** |
| 23 <u>എ</u> | കൈത്തറിതുണി, കൈത്തറി ബെഡ്ഷീറ്റും തലയണയും | **** |
| ** | ** ** | ** |
| 24 <u>ബി</u> | തേൻ, തേനീച്ചപ്പെട്ടിയും അനുബന്ധങ്ങളും | |
| | (1) തേൻ | 0409.00.00 |
| | (2) തേനീച്ചപ്പെട്ടിയും അനുബന്ധങ്ങളും | **** |
| ** | ** ** | ** |

| (1) | (2) | (3) |
|---|---|---|
| 27 | ഖാദി വസ്ത്രങ്ങളും കൃത്രിമച്ചായങ്ങളും ഉണ്ടാക്കിയവയും | **** |
| | ** ** ** ** | |
| 39 | പുൽപ്പായും തഴപ്പായും മുളമ്പായകളും | **** |
| | ** ** ** ** | |
| 42 ബി | റൈസ് ബ്രാൻ ഓയിൽ | **** |
| | ** ** ** ** | |
| 46 എ | പ്രകൃതിദത്ത സിൽക്കിനാൽ നിർമ്മിതമായ സിൽക്ക് തുണിത്തരങ്ങളും സാരികളും | 5007 |
| | ** ** ** ** | |
| 51 | ടെക്സ്റ്റൈൽ തുണിത്തരങ്ങൾ | |
| | (1) കമ്പിളി | |
| | (എ) കടഞ്ഞെടുത്ത കമ്പിളിയിൽ നിന്ന് അഥവാ കടഞ്ഞെടുത്ത മൃഗങ്ങളുടെ രോമത്തിൽനിന്ന് നെയ്തെടുത്ത തുണിത്തരങ്ങൾ | 5111 |
| | (ബി) കോംബ് ചെയ്ത കമ്പിളിയിൽ നിന്നോ ഫൈൻ മൃഗരോമത്തിൽനിന്നോ നെയ്തെടുത്ത തുണിത്തരങ്ങൾ | 5112 |
| | (സി) മൃഗത്തിന്റെ പരുപരുത്ത രോമത്തിൽ നിന്നോ അഥവാ കുതിരയുടെ രോമത്തിൽ നിന്നോ നെയ്തെടുത്ത തുണിത്തരങ്ങൾ | 5113 |
| | (2) പരുത്തി | |
| | (എ) 85 ശതമാനമോ അതിലധികമോ പരുത്തിയോടും കൂടിയുള്ളതും 200 ഗ്രാം/മീറ്റർ അധികരിക്കാതെ ഭാരമുള്ളതും ആയ നെയ്തെടുത്ത പരുത്തി തുണിത്തരങ്ങൾ | 5208 |

| (1) | (2) | (3) |
|---|---|---|
| | (ബി) 85 ശതമാനമോ അതിലധികമോ പരുത്തിയോട്ടം കൂടിയുള്ളതും 200 ഗ്രാം/മീറ്റർ അധികരിച്ച് ഭാരമുള്ള നെയ്തെടുത്ത പരുത്തി തുണിത്തരങ്ങൾ | 5209 |
| | (സി) 85%-ൽ കുറവ് പരുത്തിയുള്ളതും മനുഷ്യനിർമ്മിത നൂലോട്ടുകൂടി മാത്രം കലർത്തിയതും 200 ഗ്രാം/മീറ്റർ$^2$ തൂക്കത്തിൽ കൂടാത്ത നെയ്തെടുത്ത പരുത്തി തുണിത്തരങ്ങൾ | 5210 |
| | (ഡി) 85%-ൽ കുറവ് പരുത്തിയുള്ളതും മനുഷ്യനിർമ്മിത നൂലോട്ടുകൂടി മാത്രമായോ അഥവാ കലർത്തിയോ പരുത്തിയുടെ ഭാരത്തോട്ടുകൂടി 200 ഗ്രാം/മീറ്റർ$^2$ തൂക്കത്തിൽ കൂടിയ നെയ്തെടുത്ത പരുത്തി തുണിത്തരങ്ങൾ | 5211 |
| | (ഇ) മറ്റു നെയ്തെടുത്ത പരുത്തി തുണിത്തരങ്ങൾ | 5212 |
| (3) | നെയ്തെടുത്ത ഫ്ളാക്സ് തുണിത്തരങ്ങൾ | 5309 |
| (4) | നെയ്തെടുത്ത ചണത്തിന്റെയോ അഥവാ മറ്റ് ടെക്സ്റ്റൈയിൽ അടിസ്ഥാനമാക്കിയ നാരിന്റെയോ തുണിത്തരങ്ങൾ | 5310 |
| (5) | നെയ്തെടുത്ത മറ്റ് വെജിറ്റബിൾ ടെക്സ്റ്റൈയിൽ നാരിന്റെ തുണിത്തരങ്ങൾ; നെയ്തെടുത്ത പേപ്പർ യാണിന്റെ തുണിത്തരങ്ങൾ | 5311 |
| (6) | മനുഷ്യനിർമ്മിത ഫിലമെന്റുകൾ | |
| | (എ) 5404 എച്ച്.എസ്.എൻ. ശീർഷകത്തിൽ വരുന്ന വസ്തുക്കളിൽ നിന്നും നെയ്തെടുത്ത തുണിത്തരങ്ങൾ ഉൾപ്പെടെ സിന്തറ്റിക്ക് ഫിലമെന്റ് നൂലിൽ നിന്നും നെയ്തെടുത്ത തുണിത്തരങ്ങൾ | 5407 |
| | (ബി) 5405 എച്ച്.എസ്.എൻ. ശീർഷകത്തിൽ വരുന്ന വസ്തുക്കളിൽ നിന്നും നെയ്തെടുത്ത തുണിത്തരങ്ങൾ ഉൾപ്പെടെ കൃത്രിമ ഫിലമെന്റ് നൂലിൽ നിന്നും നെയ്തെടുത്ത തുണിത്തരങ്ങൾ | 5408 |
| (7) | മനുഷ്യനിർമ്മിത സ്റ്റേപ്പിൾ ഫൈബറുകൾ | |
| | (എ) 85 ശതമാനമോ അതിൽ കൂടുതലോ ഭാരമുള്ള സിന്തറ്റിക്ക് സ്റ്റേപ്പിൾ ഫൈബറുകൾ അടങ്ങിയ സിന്തറ്റിക്ക് നൂല് കൊണ്ട് നെയ്തെടുത്ത തുണിത്തരങ്ങൾ | 5512 |

| (1) | | (2) | (3) |
|---|---|---|---|
| | (ബി) | 85%-ൽ കുറഞ്ഞ ഭാരമുള്ളതും 170 മീറ്ററിൽ കവി യാത്ത ഇുക്കമുള്ളതുമായ പരുത്തിമാത്രം അഥവാ പ്രധാനമായി കൂട്ടിക്കലർത്തിയ അങ്ങനെയുള്ള ഇുണിത്തരങ്ങൾ അടങ്ങുന്ന സിന്തറ്റിക്ക് സ്റ്റേപ്പിൾ ഫൈബറുകൾ കൊണ്ട് നെയ്തെടുത്ത ഇുണി ത്തരങ്ങൾ | 5513 |
| | (സി) | 85%-ൽ കുറഞ്ഞ ഭാരമുള്ളതും 170 മീറ്ററിൽ കവിയുന്ന ഇുക്കമുള്ള പരുത്തിമാത്രം അഥവാ പ്രധാനമായി കൂട്ടിക്കലർത്തിയ അങ്ങനെയുള്ള ഇുണിത്തരങ്ങൾ അടങ്ങുന്ന സിന്തറ്റിക്ക് സ്റ്റേപ്പിൾ ഫൈബറുകൾ കൊണ്ട് നെയ്തെടുത്ത ഇുണി ത്തരങ്ങൾ | 5514 |
| | (ഡി) | സിന്തറ്റിക്ക് സ്റ്റേപ്പിൾ ഫൈബറുകൾ കൊണ്ട് നെയ്തെടുത്ത മറ്റ് ഇുണിത്തരങ്ങൾ | 5515 |
| | (ഇ) | കൃത്രിമമായ സ്റ്റേപ്പിൾ ഫൈബറുകൾ കൊണ്ട് നെയ്തെടുത്ത ഇുണിത്തരങ്ങൾ | 5516 |
| (8) | | പ്രത്യേകം നെയ്തെടുത്ത ഇുണിത്തരങ്ങൾ റ്റഫ്റ്റ് ചെയ്ത ടെക്സ്റ്റൈൽ ഇുണിത്തരങ്ങൾ ലെയ്സ്, ടേപ്പ്സ്ട്രീകൾ, ട്രിമ്മിങ്ങുകൾ, എംബ്രോയിഡറി | |
| | (എ) | 5802 അഥവാ 5806-ാം നമ്പർ എച്ച്.എസ്.എൻ. ശീർഷകത്തിലേതല്ലാത്ത നെയ്തെടുത്ത പൈൽ ഇുണിത്തരങ്ങളും ചെന്നൈൽ ഇുണിത്തരങ്ങളും | 5801 |
| | (ബി) | 5806-ാം നമ്പർ എച്ച്.എസ്.എൻ. ശീർഷക ത്തിലെ കട്ടികുറഞ്ഞ ഇുണിത്തരങ്ങളല്ലാത്ത ടെറി ടൗവ്വലിങ്ങും സമാനമായ നെയ്തെടുത്ത ടെറി ഇുണിത്തരങ്ങളും; 5703-ാം നമ്പർ ശീർഷക ത്തിലേതല്ലാത്ത റ്റഫ്റ്റ് ചെയ്ത ടെക്സ്റ്റൈൽ ഇുണി ത്തരങ്ങൾ | 5802 |
| | (സി) | 5806 എച്ച്.എസ്.എൻ. ശീർഷകത്തിലെ കട്ടി കുറഞ്ഞ ഇുണിത്തരങ്ങളല്ലാത്ത ഗൗസ് | 5803 |
| | (ഡി) | 6002 മുതൽ 6006 വരെയുള്ള എച്ച്.എസ്.എൻ. ശീർഷകത്തിലെ ഇുണിത്തരങ്ങൾ അല്ലാത്ത നെയ്തെടുക്കുന്നതും നിറ്റ് ചെയ്തതോ ക്രോഷെ ചെയ്തതോ ആയ ഇുണിത്തരങ്ങൾ ഉൾപ്പെടാത്ത മറ്റ് മൊത്ത ഇുണിത്തരങ്ങളും റ്റളീസും, കഷ്ണങ്ങളായുള്ള ലെയ്സ് സ്ട്രിപ്പുകൾ അഥവാ മൊർട്ടീഫുകൾ | 5804 |

| (1) | (2) | (3) |
|---|---|---|
| (ഇ) | ഗോബ്ലിനുകൾ, ഹ്ളാന്റുകൾ, ഔബുസനുകൾ, ബ്യൂവലുകൾ എന്നീ തരത്തിലുള്ള കൈകൊണ്ട് നെയ്തെടുത്ത ടേപ്പ്സ്ട്രീകളും സമാനമായവയും നീഡിൽ വർക്ക് ചെയ്ത ടേപ്പ്സ്ട്രീകളും (ഉദാഹരണമായി പെറ്റിറ്റ് പോയിന്റ്, ക്രോസ്സ്റ്റിച്ച്) ഉണ്ടാക്കിയതോ അല്ലാത്തതോ | 5805 |
| (എഫ്) | 5807 എച്ച്.എസ്.എൻ. ശീർഷകത്തിലെ സാധനങ്ങൾ അല്ലാത്ത കട്ടികുറഞ്ഞ നെയ്തെടുത്ത തുണിത്തരങ്ങൾ; ഒട്ടിപ്പിടിക്കുന്നതിലൂടെയും കൂട്ടിച്ചേർത്ത വെഫ്റ്റോട് അല്ലാത്തതുമായ വാർപ് അടങ്ങുന്ന കട്ടികുറഞ്ഞ തുണിത്തരങ്ങൾ (ബോൾ ഡക്സ്) | 5806 |
| (ജി) | മറ്റെങ്ങും സ്പഷ്ടമാക്കിയിട്ടില്ലാത്തതോ ഉൾപ്പെടുത്താത്തതോ വസ്ത്രങ്ങൾ അലങ്കരിക്കുന്നതിനോ സമാന ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതോ ആയ 5605-ാം നമ്പർ എച്ച്.എസ്.എൻ. ശീർഷകത്തിൽ ഉള്ള ലോഹ നൂലാൽ നെയ്തെടുത്ത തുണിത്തരങ്ങളും നെയ്തെടുക്കാത്ത തുണിത്തരങ്ങളോ ലോഹ നൂലോ | 5809 |
| (9) | പുസ്തകങ്ങളുടെയോ അഥവാ അതേ ഗണത്തിൽപ്പെട്ടവയുടെയോ പുറംചട്ടയ്ക്കായി ഉപയോഗിക്കുന്ന ഒരു തരത്തിലുള്ള പശയോ അഥവാ കഞ്ഞിപ്പശയുള്ള പദാർത്ഥങ്ങളോ കൊണ്ട് പൊതിഞ്ഞ ടെക്സ്റ്റൈൽ തുണിത്തരങ്ങൾ; പകർപ്പെടുപ്പു തുണി; തയ്യാറാക്കിയ പെയിന്റിംഗ് കാൻവാസ്; ബക്രമും (പുസ്തകം ബയന്റ് ചെയ്യാൻ ഉപയോഗിക്കുന്ന കട്ടിത്തുണി) തൊപ്പി നിർമ്മാണത്തിന് അടിസ്ഥാനമായി ഉപയോഗിക്കുന്ന സമാനമായ ഒരു തരത്തിലുള്ള കട്ടിയായ ടെക്സ്റ്റൈൽ തുണിത്തരങ്ങൾ | 5901 |
| (10) | വളരെ ഉറപ്പുള്ള നെയ്ലോൺനൂൽ അഥവാ മറ്റ് പോളിമറുകൾ അഥവാ പോളിയസ്റ്ററുകൾ അഥവാ വിസ്കോസ് റയോൺകൊണ്ടുള്ള ടയർ കോർഡ് തുണിത്തരങ്ങൾ | 5902 |
| (11) | ടെക്സ്റ്റൈൽ വോൾ കവറിംഗ് | 5905 |
| (12) | വളരെ ഉറപ്പുള്ള നെയ്ലോൺനൂൽ മറ്റ് പോളിമറുകൾ അഥവാ പോളിയസ്റ്ററുകൾ അഥവാ വിസസ്കോസ് റയോൺകൊണ്ടുള്ള ടയർ കോർഡ് തുണിത്തരങ്ങൾ അല്ലാത്ത റബ്ബറൈസ് ടെക്സ്റ്റൈൽ തുണിത്തരങ്ങൾ | 5906 |

| (1) | (2) | (3) |
|---|---|---|
| (13) | മറ്റു വിധത്തിൽ ഇംപ്രഗ്നേറ്റ് ചെയ്യതോ അല്ലാത്ത ടെക്സ്റ്റൈൽ തുണിത്തരങ്ങൾ: നാടകീയ ദൃശ്യങ്ങൾ, സ്റ്റുഡിയോ പിൻ തിരശ്ശീലകൾ അഥവാ അതേ ഗണത്തിൽപ്പെട്ടവയോ ആയ പെയിന്റ് ചെയ്ത കാൻവാസുകൾ | 5907 |
| (14) | നിറ്റ് ചെയ്യതോ അഥവാ ക്രോഷെ ചെയ്യതോ ആയ തുണിത്തരങ്ങൾ | |
| | (എ) നിറ്റ് ചെയ്യതോ ക്രോഷെ ചെയ്യതോ ആയ "ലോങ് പൈൽ" തുണിത്തരങ്ങളും, ടെറി തുണിത്തരങ്ങളും ഉൾപ്പെടുന്നതുമായ പൈൽ തുണിത്തരങ്ങൾ | 6001 |
| | (ബി) 6001-ാം നമ്പർ എച്ച്.എസ്.എൻ. ശീർഷകത്തിൽ അല്ലാത്ത 30 സെ.മീ. കവിയാത്ത വീതിയുള്ള 5%മോ അതിലധികമോ ഇലാസ്റ്റോമെറിക് നൂൽ അടങ്ങിയ ഭാരമുള്ള റബ്ബർ നാരുകളുടെ നിറ്റ് ചെയ്യതോ ക്രോഷെ ചെയ്യതോ ആയ തുണി ത്തരങ്ങൾ | 6002 |
| | (സി) 6001 അഥവാ 6002 എച്ച്.എസ്.എൻ. ശീർഷക ത്തിലേതല്ലാത്ത 30 സെ.മീറ്റർ കവിയാത്ത വീതിയുള്ള നിറ്റ് ചെയ്യതോ ക്രോഷെ ചെയ്യതോ ആയ തുണിത്തരങ്ങൾ | 6003 |
| | (ഡി) 6001-ാം നമ്പർ എച്ച്.എസ്.എൻ. ശീർഷകത്തി ലേതല്ലാത്ത അഞ്ച് ശതമാനമോ അതിൽ കൂടുതലോ ഭാരമുള്ള ഇലാസ്റ്റോമെറിക് നൂലോ റബ്ബർ ഇഴയോ അടങ്ങുന്ന 30 സെ.മീറ്റർ കവിയാത്ത നിറ്റ് ചെയ്യതോ ക്രോഷെ ചെയ്യതോ ആയ തുണി ത്തരങ്ങൾ | 6004 |
| | (ഇ) 6001 മുതൽ 6004-ാം നമ്പർ എച്ച്.എസ്.എൻ. വരെ ശീർഷകത്തിലേതല്ലാത്ത (ഗലാൻ നിറ്റിങ് മെഷീനുകളിൽ ഉണ്ടാക്കിയവ ഉൾപ്പെടുന്ന) റാപ്പ് നിറ്റ് തുണിത്തരങ്ങൾ | 6005 |
| | (എഫ്) നിറ്റ് ചെയ്യതോ ക്രോഷെ ചെയ്യതോ ആയ മറ്റ് തുണിത്തരങ്ങൾ | 6006 |
| ** | ** | ** |
| 55 | കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് അംഗീകരിച്ച നിർമ്മാണ യൂണിറ്റുകൾ നടത്തുന്ന ഘട്ടത്തിൽ ഖാദി ഗ്രാമവ്യവസായ കമ്മീഷൻ വിജ്ഞാപനം ചെയ്യുന്ന ഉൽപ്പന്നങ്ങൾ: | |
| ** | ** ** | ** |

| (1) | (2) | (3) |
|---|---|---|
| 62 | സർക്കാർ അംഗീകാരമുള്ള തീരമൈത്രി യൂണിറ്റുകൾ അവയുടെ ബ്രാന്റ് നാമത്തിൽ ഉല്പാദിപ്പിക്കുന്നതും വിൽക്കുന്നതുമായ ഉൽപ്പന്നങ്ങൾ, അവർ വിൽക്കുന്ന ഘട്ടത്തിൽ. | **** |

** ** ** **

## രണ്ടാം പട്ടിക

## 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം വിൽപ്പനയുടെ എല്ലാ ഘട്ടങ്ങളിലും 1% നിരക്കിൽ നികുതി ചുമത്താവുന്ന ചരക്കുകളെ സംബന്ധിച്ച്

| ക്രമ നമ്പർ | സാധനങ്ങളുടെ വിവരണം | എച്ച്.എസ്.എൻ. കോഡ് |
|---|---|---|
| (1) | (2) | (3) |
| 1 | സ്വർണ്ണ-വെള്ളിക്കട്ടികൾ | |
| | (1) വെള്ളി | 7106.91.00 |
| | (2) സ്വർണ്ണം | 7108.12.00 |
| ** | ** ** | ** |
| | (6) ഇറിഡിയവും ഓസ്മിയവും റുഥേനിയവും | 7110.41.00 |
| | (7) സ്വർണ്ണപ്പണിക്കാരന്റെയോ, വെള്ളിപ്പണിക്കാരന്റെയോ പണിയായുധങ്ങളും, പാത്രങ്ങളും, അമൂല്യലോഹങ്ങളുടെയോ അമൂല്യലോഹങ്ങൾ കൊണ്ടു പൊതിഞ്ഞ ലോഹത്തിന്റെയോ ഭാഗങ്ങളും | 7114 |
| | (8) അമൂല്യലോഹങ്ങൾ കൊണ്ടുള്ളതോ അമൂല്യലോഹങ്ങൾ കൊണ്ടു പൊതിഞ്ഞ ലോഹങ്ങൾ കൊണ്ടുള്ളതോ ആയ പണിയായുധങ്ങൾ | 7115 |
| | (9) വെള്ളി, ഭാഗികമായി നിർമ്മിച്ചത് | 7106.92 |
| | (10) സ്വർണ്ണം, ഭാഗികമായി നിർമ്മിച്ചത് | 7108.13.00 |
| | (11) അമൂല്യലോഹങ്ങളുടെ ഉപയോഗശൂന്യമായ അവശിഷ്ടങ്ങളും ലോഹകഷ്ണങ്ങളും | 7112 |
| | (12) സ്വർണ്ണനാണയങ്ങൾ | **** |

** ** ** **

| (1) | (2) | (3) |
|---|---|---|
| 6 | സരോർജ്ജ ഉപകരണങ്ങളും സ്പെയർ പാർട്ടുകളും | |
| | (1) സോളാർ സെല്ലുകൾ | 8541.40.11 |
| | (2) സോളാർ റാന്തലുകളും വിളക്കുകളും | 9405.50.40 |
| | (3) സോളാർ റാന്തലുകളും വിളക്കുകളുടെയും ഭാഗങ്ങൾ,— | |
| | (എ) ഗ്ലാസ്സിലുള്ളത് | 9405.91.00 |
| | (ബി) പ്ലാസ്റ്റിക്കിലുള്ളത് | 9405.99.00 |
| | (4) സൗരോർജ്ജ ഉപകരണം | **** |
| | (5) സോളാർ വാട്ടർ ഹീറ്ററുകളും സംവിധാനങ്ങളും | **** |
| | (6) സോളാർ ക്രോപ്പ് ഡ്രയറുകളും സംവിധാനങ്ങളും | **** |
| | (7) സോളാർ റഫ്രിജറേഷനുകളും സോളാർ കോൾഡ് സ്റ്റോറേജുകളും സോളാർ എയർ കണ്ടീഷനിംഗ് സംവിധാനങ്ങളും | **** |
| | (8) സോളാർ സ്റ്റില്ലുകളും ഡിസലൈനേഷൻ സംവിധാനങ്ങളും | **** |
| | (9) സോളാർ തെർമലിന്റെയും സോളാർ ഫോട്ടോവോൾട്ടായിക് കൺവേർഷന്റെയും അടിസ്ഥാനത്തിലുള്ള സോളാർ പമ്പുകൾ | **** |
| | (10) സോളാർ പവർ ജനറേറ്റിംഗ് സംവിധാനം | **** |
| | (11) സോളാർ കുക്കറുകൾ | **** |
| | (12) കോൺസെൻട്രേറ്റിംഗും പൈപ്പ് ടൈപ്പുമായ സോളാർ കളക്ടറുകൾ | **** |
| | (13) ഫ്ളാറ്റ് പ്ലേറ്റ് സോളാർ കളക്ടറുകൾ | **** |
| | (14) സോളാർ ഫോട്ടോവോൾട്ടായിക് മോഡ്യൂളുകളും വാട്ടർ പമ്പുകൾക്കുള്ള പാനലുകളും മറ്റ് ആപ്ലിക്കേഷനും | **** |

| (1) | (2) | (3) |
|---|---|---|
| (15) | കറുപ്പ് തുടർച്ചയായി പ്ലേറ്റ് ചെയ്ത സോളാർ സെലക്ടീവ് കോട്ടിംഗ് ഷീറ്റുകളും റോഡുകളും ട്യൂബുകളും | **** |
| (16) | വാക്വം ട്യൂബ് സോളാർ കളക്ടറുകൾ | **** |
| (17) | സോളാർ ഫോട്ടോവോൾട്ടായിക് സെല്ലുകൾ, മോഡ്യൂളുകൾ, മറ്റ് സംവിധാനങ്ങൾ/ഉപകരണങ്ങൾ | **** |

** ** ** **

## മൂന്നാം പട്ടിക 5% നിരക്കിൽ നികുതി

## [6 (1) (എ) വകുപ്പ് കാണുക]

| *ക്രമ നമ്പർ* | *സാധനങ്ങളുടെ വിവരണം* | *എച്ച്.എസ്.എൻ. കോഡ്* |
|---|---|---|
| 1 | കായികമായി പ്രവർത്തിപ്പിക്കാത്തതും അല്ലെങ്കിൽ മൃഗങ്ങൾ മുഖേന വലിച്ചുകൊണ്ടുപോകുന്നതല്ലാത്തതുമായ കൃഷി, തോട്ടകൃഷി ഉപകരണങ്ങളും അവയുടെ ഭാഗങ്ങളും: | |
| | (1) പുൽത്തകിടി അല്ലെങ്കിൽ സ്പോർട്ട്സ് മൈതാന റോളറുകൾ, കൃഷി, തോട്ടകൃഷി അല്ലെങ്കിൽ വനവൽക്കരണം എന്നിവയ്ക്ക് നിലമൊരുക്കുന്നതിനും അല്ലെങ്കിൽ വിളവെടുപ്പിനും വേണ്ടിയുള്ള യന്ത്രങ്ങൾ | 8432 |
| | (2) മെതിക്കുന്നതിനും അല്ലെങ്കിൽ കൊയ്യുന്നതിനുമുള്ള യന്ത്രം, ഉണക്കപ്പുല്ലോ വൈയ്ക്കോലോ കെട്ടാക്കുന്നതിനും പച്ചപ്പുല്ലോ ഉണക്കപ്പുല്ലോ അരിയുന്നതിനുമുള്ള യന്ത്രങ്ങൾ ഉൾപ്പെടെ, മുട്ടകളും പഴങ്ങളും അല്ലെങ്കിൽ മറ്റു കാർഷികോൽപ്പന്നങ്ങളും വൃത്തിയാക്കുന്നതിനും തരം തിരിക്കുന്നതിനും ക്രമീകരിക്കുന്നതിനുമുള്ള യന്ത്രങ്ങൾ | 8433 |

** ** ** **

| (1) | (2) | (3) |
|---|---|---|
| 18 | ഹോളോബ്രിക്കുകൾ, ചുടുകട്ടകൾ, ജാമാഫ്ളൈ ആഷ് ബ്രിക്കുകൾ, റിഫ്രാക്ടറി ബ്രിക്കുകൾ, അസ്സാൽടിക്ക് റൂഫിംഗ്, മണ്ണുകൊണ്ടുണ്ടാക്കിയ ഓടുകൾ, ചൂളയിൽ ചുട്ട മേച്ചിലോടുകൾ, തറയോടുകൾ ഉൾപ്പെടെയുള്ള എല്ലാതരത്തിലുമുള്ള ഇഷ്ടികകൾ: | |
| | (1) ഇഷ്ടികകൾ, ബ്ലോക്കുകൾ, ഓടുകൾ, സിലിക്ക ഉൾക്കൊള്ളുന്ന ഫോസിൽ മീലുകൾ (ഉദാഹരണത്തിന്, കീസെൽ ഗുവെർ, ട്രൈപൊളൈറ്റ് അഥവാ ഡയാറ്റൈമൈറ്റ്) അഥവാ സമാനമായ സിലിക്കയുള്ള മണ്ണുകൊണ്ടുണ്ടാക്കിയ മറ്റ് സിറാമിക് സാധനങ്ങൾ | |
| | (എ) ഇഷ്ടികകൾ | 6901.00.10 |
| | (ബി) ബ്ലോക്കുകൾ | 6901.00.20 |
| | (സി) ചൂളയിൽ ചുട്ട മണ്ണുകൊണ്ടുണ്ടാക്കിയ തറയും മേച്ചിൽ ഓടുകളും | 6901.00.30 |
| | (ഡി) മറ്റുള്ളവ | 6901.00.40 |
| | (2) ഫ്ളൈ ആഷ് ബ്രിക്കുകൾ | 6815.99.10 |
| | (3) റിഫ്രാക്ടറി ബ്രിക്കുകൾ | 6902 |
| | (4) അസ്സാൽടിക് റൂഫിംഗ് റിഡ്ജുകൾ | 6807 |
| | (5) ഹോളോ ബ്രിക്കുകൾ ഉൾപ്പെടെയുള്ള സിമന്റ് ഇഷ്ടികകൾ | 6810.11.10 |
| | (5 എ) സിമന്റ് പേവിംഗ് ബ്ലോക്കുകൾ | **** |
| | (6) മറ്റുള്ളവ | 6901.00.90 |
| ** | ** ** | ** |
| 50 | ഫ്ളൈ ആഷ് | 2008.19.40 |
| 51 | വറുത്തതും പൊരിച്ചതുമായ പയറുവർഗ്ഗങ്ങൾ | |
| 51 എ | സ്വർണ്ണം, വെള്ളി, പ്ലാറ്റിനം ആഭരണങ്ങൾ, പഴയതും പുതിയതും | |
| | (1) ഫിലിഗ്രി ചെയ്ത വെള്ളി ആഭരണങ്ങൾ | 7113.11.10 |
| | (2) രത്നം പതിച്ച വെള്ളി ആഭരണങ്ങൾ | 7113.11.20 |
| | (3) വെള്ളി ആഭരണങ്ങളായ മറ്റ് വസ്തുക്കൾ | 7113.11.30 |

| (1) | (2) | (3) |
|---|---|---|
| | (4) ഒന്നും പതിക്കാത്ത സ്വർണ്ണാരണങ്ങൾ | 7113.19.10 |
| | (5) പേൾ പതിച്ച സ്വർണ്ണാഭരണങ്ങൾ | 7113.19.20 |
| | (6) വജ്രം പതിച്ച സ്വർണ്ണാഭരണങ്ങൾ | 7113.19.30 |
| | (7) മറ്റ് അമൂല്യക്കല്ലുകളും അർദ്ധ അമൂല്യക്കല്ലുകളും പതിച്ച സ്വർണ്ണാഭരണങ്ങൾ | 7113.19.40 |
| | (8) ഒന്നും പതിക്കാത്ത പ്ലാറ്റിനം ആഭരണങ്ങൾ | 7113.19.50 |
| ** | ** ** | ** |
| 92 | നിവാറുകൾ | 5806.31.20 |
| ** | ** ** | ** |
| 97 എ | കീടനാശിനികളും കളനാശിനികളും പ്രാണിനാശിനികളും കമിൾ നാശിനികളും ഔഷധി നാശിനികളും മൂഷിക നാശിനികളും ആന്റി-സ്പ്രൗട്ടിംഗ് ഉല്പന്നങ്ങളും പ്ലാന്റ് ഗ്രോത്ത് റഗുലേറ്ററുകളും ജൈവനിയന്ത്രിത ഏജന്റുകളും സമാനമായ ഉല്പന്നങ്ങളും | **** |
| ** | ** ** | ** |
| 99 | ജി. ഐ. പൈപ്പുകൾ, സി. ഐ. പൈപ്പുകൾ, ഡക്റ്റൈൽ പൈപ്പുകൾ ഹോസ് പൈപ്പുകളും വി. റി. സി. പൈപ്പുകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാ ഇനം പൈപ്പുകളും, പൈപ്പ് ഫിറ്റിംഗുകളും പ്ലാസ്റ്റിക് ജലസംഭരണ ടാങ്കുകളും | |
| | (1) പൈപ്പുകൾ | |
| | (എ) പ്ലാസ്റ്റിക് നിർമ്മിതം | 3917 |
| | (ബി) ആസ്ബെസ്റ്റോസ്- സിമന്റ് നിർമ്മിതം | 6811.30.10 |
| | (സി) സിറാമിക് നിർമ്മിതങ്ങളായ പൈപ്പുകളും പൈപ്പ് ഫിറ്റിംഗുകളും | 6906.00.00 |
| | (ഡി) മറ്റ് റിഫ്രാക്ടറി സിറാമിക് നിർമ്മിതം | 6903.90.90 |
| | (ഇ) കാസ്റ്റ് അയേൺ അല്ലെങ്കിൽ സ്റ്റീൽ എന്നിവയല്ലാത്ത അയേൺ നിർമ്മിതം | 7304 |

| (1) | (2) | (3) |
|---|---|---|
| | (എഫ്) കാസ്റ്റ് അയേൺ നിർമ്മിതം | 7303 |
| | (ജി) 406.4 മി. മീറ്ററിൽ അധികം വ്യാസമുള്ള ഗാൽവനൈസ്ഡ് അയൺ നിർമ്മിതം (എണ്ണ അഥവാ വാതക ആവശ്യങ്ങൾക്കുള്ള ലൈൻ പൈപ്പ്) | |
| | (i) നീളത്തിൽ താഴ്ന്ന കിടക്കുന്നതും ആർക്ക് വെൽഡ് ചെയ്യുതും | 7305.11.11 |
| | (ii) മറ്റ് തരത്തിലുള്ള നീളത്തിൽ വെൽഡ് ചെയ്യുത് | 7305.12.11 |
| | (iii) മറ്റുള്ളവ | 7305.19.11 |
| | (എച്ച്) 406.4 മി. മീറ്ററിൽ അധികം വ്യാസമുള്ള ഗാൽവനൈസ്ഡ് പദാർത്ഥങ്ങളാൽ നിർമ്മിതം (എണ്ണ അഥവാ വാതക ആവശ്യങ്ങൾക്കുള്ള ലൈൻ പൈപ്പ്) | |
| | (i) നീളത്തിൽ താഴ്ന്ന കിടക്കുന്നതും ആർക്ക് വെൽഡ് ചെയ്യുതും | 7305.11.19 |
| | (ii) മറ്റ് തരത്തിലുള്ള നീളത്തിൽ വെൽഡ് ചെയ്യുത് | 7305.12.19 |
| | (iii) മറ്റുള്ളവ | 7305.19.19 |
| | (ഐ). 406.4 മി. മീറ്ററിൽ അധികം വ്യാസമുള്ള ഗാൽവനൈസ്ഡ് അല്ലാതെയുള്ള അയൺ നിർമ്മിതം (എണ്ണ അഥവാ വാതക ആവശ്യങ്ങൾക്കുള്ള ലൈൻ പൈപ്പ്) | |
| | (i) നീളത്തിൽ താഴ്ന്ന കിടക്കുന്നതും ആർക്ക് വെൽഡ് ചെയ്യുതും | 7305.11.21 |
| | (ii) മറ്റ് തരത്തിലുള്ള നീളത്തിൽ വെൽഡ് ചെയ്യുത് | 7305.12.21 |
| | (iii) മറ്റുള്ളവ | 7305.19.21 |
| | (ജെ) 406.4 മി. മീറ്ററിൽ അധികം വ്യാസമുള്ള ഗാൽവനൈസ്ഡ് അല്ലാത്ത പദാർത്ഥങ്ങളാൽ നിർമ്മിതം | |
| | (i) നീളത്തിൽ താഴ്ന്ന കിടക്കുന്നതും ആർക്ക് വെൽഡ് ചെയ്യുതും | 7305.11.29 |

| (1) | (2) | (3) |
|---|---|---|
| | (ii) മറ്റ് തരത്തിലുള്ള നീളത്തിൽ വെൽഡ് ചെയ്തത് | 7305.12.29 |
| | (iii) മറ്റുള്ളവ | 7305.19.29 |
| | (കെ) 7305 ശീർഷകത്തിനുകീഴിൽ വരുന്നത് ഒഴികെയുള്ള ഇരുമ്പോ സ്റ്റീലോ കൊണ്ടുള്ള പൈപ്പുകൾ, ട്യൂബുകൾ അഥവാ മറ്റ് പൊള്ളയായ രൂപങ്ങൾ | |
| | (i) ഗാൽവനൈസ് ചെയ്തത് | 7306.10.11 |
| | (ii) ഗാൽവനൈസ് ചെയ്യാത്തത് | 7306.10.21 |
| | (എൽ) 7305 ശീർഷകത്തിനുകീഴിൽ വരാത്ത ഇരുമ്പോ സ്റ്റീലോ കൊണ്ടുള്ളതല്ലാത്തതുമായ പൈപ്പുകൾ, ട്യൂബുകൾ അഥവാ മറ്റ് പൊള്ളയായ രൂപങ്ങൾ | |
| | (i) ഗാൽവനൈസ് ചെയ്തത് | 7306.10.19 |
| | (ii) ഗാൽവനൈസ് ചെയ്യാത്തത് | 7306.10.29 |
| | (iii) ദ്വാരത്തോടുകൂടിയതോ അല്ലാത്തതോ ആയ പി. വി. സി. പ്രൊഫൈലുകൾ (ചാനലുകൾ) | **** |
| | (എം) (എം) ചെമ്പ് നിർമ്മിതം | 7411 |
| | (എൻ) (എൻ) നിക്കൽ നിർമ്മിതം | 7507 |
| | (ഒ) (ഒ) അലൂമിനിയം നിർമ്മിതം | 7608 |
| | (പി) (പി) ഈയ നിർമ്മിതം | 7805.00.10 |
| | (ക്യൂ) (ക്യൂ) സിങ്ക് നിർമ്മിതം | 7906.00.10 |
| | (ആർ) (ആർ) ടിൻ നിർമ്മിതം | 8006.00.10 |
| | (എസ്) (എസ്) റബ്ബറിലുള്ള പൈപ്പുകളും ഫിറ്റിംഗുകളും | 4009 |
| (2) | പൈപ്പ് ഫിറ്റിംഗുകൾ | |
| | (എ) പ്ലാസ്റ്റിക് നിർമ്മിതം | 3917.40.00 |
| | (ബി) ആസ്ബെസ്റ്റോസ് സിമന്റ് നിർമ്മിതം | 6811.30.90 |

| (1) | (2) | (3) |
|---|---|---|
| | (സി) കാസ്റ്റ് അയേൺ അഥവാ സ്റ്റീൽ എന്നിവയല്ലാത്ത അയേൺ നിർമ്മിതം | 7307 |
| | (ഡി) ചെമ്പ് നിർമ്മിതം | 7412 |
| | (ഇ) നിക്കൽ നിർമ്മിതം | 7507.20.00 |
| | (എഫ്) അലൂമിനിയം നിർമ്മിതം | 7609.00.00 |
| | (ജി) ഈയ നിർമ്മിതം | 7805.00.20 |
| | (എച്ച്) സിങ്ക് നിർമ്മിതം | 7906.00.20 |
| | (ഐ) ടിൻ നിർമ്മിതം | 8006.00.20 |
| | (3) പ്ലാസ്റ്റിക് നിർമ്മിത ജലസംഭരണ ടാങ്ക് | 3925.10.00 |
| | (4) പ്ലാസ്റ്റിക് ടാപ്പുകൾ | **** |
| ** | ** | ** ** |
| 100 | സ്റ്റുഡിയോ സിറ്റിംഗിൽ വച്ചെടുത്തവ ഉൾപ്പെടെയുള്ള കലണ്ടറുകളും ഫോട്ടോഗ്രാഫുകളും ഉൾപ്പെടെയുള്ള അച്ചടിച്ച വസ്തുക്കൾ | |
| ** | ** | ** ** |
| 130 | ഇലക്ട്രോണിക് കളിപ്പാട്ടങ്ങൾ ഒഴികെയുള്ള കളിപ്പാട്ടങ്ങൾ: | |
| | (1) കുട്ടികൾ ഓടിക്കുന്നതിനായി ഡിസൈൻ ചെയ്ത ചക്രങ്ങളോടുകൂടിയ കളിപ്പാട്ടങ്ങൾ (ഉദാഹരണത്തിന് ട്രൈസൈക്കിളുകൾ, സ്കൂട്ടറുകൾ, പെഡൽ കാറുകൾ), പാവ ക്യാരേജുകൾ | 9501.00.10 |
| | (2) മനുഷ്യരെ മാത്രം പ്രതിനിധീകരിക്കുന്ന പാവകൾ | 9502 |
| | (3) മറ്റു കളിപ്പാട്ടങ്ങൾ | 9503 |
| ** | ** | ** ** |

| (1) | (2) | (3) |
|---|---|---|
| 146 | പ്രാദേശികമായി പ്രാധാന്യം ഉള്ള സാധനങ്ങൾ: | |
| | (1) കോഴി ഉൽപ്പന്നങ്ങൾ | **** |
| | (2) കൃപാൺ | 8211.92.00 |
| | (3) രാഖി | **** |
| ** | ** ** | ** |
| | (26) സാട്ട | **** |
| | (27) കറ്റ ആട്ട | **** |
| ** | ** ** | ** |

<u>ലിസ്റ്റ് എ</u>

[മൂന്നാം പട്ടികയിലെ സീരിയൽ നമ്പരുകൾ കാണുക]

വ്യാവസായിക ഇൻപുട്ടുകളും പാക്കിംഗ് സാമഗ്രികളും

| *ക്രമ നമ്പർ* | *സാധനങ്ങളുടെ വിവരണം* | *എച്ച്.എസ്.എൻ. കോഡ്* |
|---|---|---|
| (1) | (2) | (3) |
| 1 | അസിറ്റാല്യകളും ഹെമി അസിറ്റാല്യകളും: | |
| | (1) മറ്റുള്ള ഓക്സിജൻ പ്രവർത്തനത്തോടുകൂടിയതോ അല്ലാത്തതോ ആയ അസിറ്റാല്യകളും ഹെമി അസിറ്റാല്യകളും | 2911.00.10 |
| | (2) മറ്റുള്ളവ | 2911.00.90 |
| ** | ** ** | ** |
| 84 <u>എ</u> | ലെഡ് ഓക്സൈഡ് | 2824 |
| ** | ** ** | ** |
| 136 <u>എ</u> | റബ്ബർ വുഡ് | **** |
| ** | ** ** | ** |